# അദ്ധ്യായം 2

# പൗലൊസിന്റെ ശുശ്രൂഷ

### തെസ്സലൊനിക്യയിൽ പൗലൊസ് തന്റെ ശുശ്രൂഷയെ പ്രതിരോധിച്ചു (2:1-12)

**അവന്റെ ശുശ്രൂഷയുടെ ഉറവിടം (2:1-8)**

**[1]സഹോദരന്മാരേ, ഞങ്ങൾ നിങ്ങളുടെ അടുക്കൽ വന്നത് വ്യർത്ഥമായില്ല എന്നു നിങ്ങൾ തന്നെ അറിയുന്നുവല്ലൊ. [2]നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഫിലിപ്പിയിൽ വെച്ച് കഷ്ടവും അപമാനവും അനുഭവിച്ചിട്ടും വലിയ പോരാട്ടത്തോടെ ദൈവത്തിന്റെ സുവിശേഷം നിങ്ങളോട് പ്രസംഗിപ്പാൻ ഞങ്ങൾ ധൈര്യപ്പെട്ടിരുന്നു. [3]ഞങ്ങളുടെ പ്രബോധനം അബദ്ധത്തിൽനിന്നോ അശുദ്ധിയിൽ നിന്നോ വ്യാജത്തോടെയോ വന്നതല്ല. [4]ഞങ്ങളെ സുവിശേഷം ഭരമേൽപിക്കേണ്ടതിന്നു ഞങ്ങൾ ദൈവത്തിന് കൊള്ളാകുന്നവരായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല, ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രെ പ്രസാദിപ്പിച്ചുകൊണ്ട് സംസാരിക്കുന്നത്. [5]നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല; ദൈവം സാക്ഷി. [6]ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന അവസ്ഥക്ക് ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ മനുഷ്യരോട്: നിങ്ങളോടാകട്ടെ മറ്റുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല. [7]ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. [8]ഇങ്ങനെ ഞങ്ങൾ നിങ്ങളെ മാനിച്ചുകൊണ്, നിങ്ങൾക്ക് ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്ക് പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനും കൂടെ വെച്ചു തരുവാൻ ഒരുക്കമായിരുന്നു.**

**വാക്യം 1.** വരുന്നു എന്നതിന്റെ ഗ്രീക്ക് വാക്ക് εἴσοδος (*എയിസോഡോസ്*) സൂചിപ്പിക്കുന്നത് പൗലൊസ് തെസ്സലൊനിക്യയിലേക്ക് പ്രസംഗത്തിനായി "സന്ദർശിക്കുന്നു" (എൻഐവി) എന്നത്രെ. 1:9 ൽ അതേ വാക്ക് തർജിമ ചെയ്തിരിക്കുന്നത് "സ്വീകരണം" എന്നാണ് (എൻഏഎസ്ബി; എൻഐവി). ആ സഹോദരന്മാരെ പൗലൊസ് സന്ദർശിക്കുന്നത് അവർക്ക് പ്രയോജനമാകും എന്നാണ്. അവർ സന്ദേശത്തെ സ്വീകരിക്കുന്നതിനേക്കാൾ കൂടുതൽ ശക്തി താൻ പ്രസംഗിക്കുന്ന സന്ദേശത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നാകാം പൗലൊസ് ഒരുപക്ഷെ ഉദ്ദേശിച്ചത്.[1] സുവിശേഷ ശക്തിയാണ് അവന്റെ സന്ദർശനം ഗുണമുള്ളതാക്കി മാറ്റിയത്. പൗലൊസിന്റെ സന്ദർശനം **വ്യർത്ഥമായി** തീരുകയില്ല എന്ന് മറ്റുള്ളവരേക്കാൾ തെസ്സലൊനിക്യയിലുള്ളവർ മനസിലാക്കിയിരുന്നു. "വൃഥാവാകുക" എന്ന വാക്ക് തർജിമ ചെയ്തത് κενός

(*കേനോസ്*) എന്ന ഗ്രീക്ക് വാക്കിൽനിന്നാണ്, അർത്ഥം, "ഉദ്ദേശം ഇല്ലാതെ" അല്ലെങ്കിൽ, "ഉപയോഗമില്ലാതെ" എന്നാണ്. ഒരിക്കൽകൂടെ, അവൻ അവരെ **സഹോദരന്മാർ** എന്നു വിളിച്ചിരിക്കുന്നു.

"ഞങ്ങൾ എങ്ങനെയുള്ളവർ എന്ന് നിങ്ങളുടെ ഇടയിൽ തെളിയിച്ചത് നിങ്ങൾ അറിയുന്നുവല്ലോ" എന്നതും 1:5 ലെ **നിങ്ങൾ തന്നെ അറിയും പോലെ** എന്നീ പ്രയോഗങ്ങൾ എടുത്തുകൊണ്ട് തെസ്സലൊനിക്യയിലെ ചില ദുരുപദേഷ്ടാക്കൾ പൗലൊസ് പണത്തിനായി സുവിശേഷം പ്രസംഗിക്കുന്നു (അക്കാലത്തു പലരും ചെയ്തിരുന്നു) എന്ന ദുരാരോപണം നടത്തിയിരുന്നു. അവർ പറയുന്നതുമായി താരതമ്യം ചെയ്ത് "ഞാൻ എങ്ങനെ ജീവിച്ചു പ്രസംഗിച്ചു എന്ന് നിങ്ങൾ അറിയുന്നുവല്ലോ" എന്നാണ് പൗലൊസ് പ്രതികരിച്ചത്. പൗലൊസ് അവരെ വഞ്ചിച്ചില്ല എന്നു താഴെ പറയുന്ന ചർച്ചകളിൽനിന്നു അവന്റെ ഉദ്ദേശ ശുദ്ധി വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാൽ ആ വ്യാഖാനം ശരിയായിരിക്കുവാൻ സാധ്യതയുണ്ട്.

**വാക്യം 2**. പൗലൊസ് തെസ്സലൊനിക്യയിലേക്ക് പോകുന്നതിന് മുൻപ് **ഫിലിപ്പിയിൽ വെച്ച് ഉപദ്രവിക്കപ്പെടുകയും കഷ്ടപ്പെടുകയും** ചെയ്തിരുന്നു (പ്രവൃ. 16:16-40 നോക്കുക). അതിൽ ചാട്ട വാറുകൊണ്ടുള്ള അടിയും ബന്ധനവും തടവും ഉൾപ്പെടുന്നു (പ്രവൃ. 16:23, 24). **നിങ്ങൾ അറിയുംപോലെ** എന്ന് പൗലൊസ് പിന്നീട് പറയുവാൻ കാരണം-ഒരുപക്ഷെ അവൻ അവരോടുകൂടെ ആയിരുന്നപ്പോൾ അതിനെ കുറിച്ചെല്ലാം പറഞ്ഞിരിക്കാം.

മുൻപ് ഫിലിപ്പിയിൽ വെച്ച് കഷ്ടം അനുഭവിച്ചിട്ടും ദൈവത്തിന്റെ സുവിശേഷം അറിയിക്കുവാൻ പൗലൊസ് ധൈര്യം കാണിച്ചു ("ധൈര്യമുള്ളവനായിരുന്നു; കെജെവി) (1:5 ന്റെ ചർച്ച നോക്കുക). "ധൈര്യം" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് παρρησιάζομαι (*പാരെസിയാസോമായി*) എന്നാണ്, അർത്ഥം "സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുക"[2] എന്നാണ്. പൗലൊസും കൂട്ടരും തെസ്സലൊനിക്യയിൽ വെച്ച് **ധാരാളം എതിർപ്പുകൾ** നേരിട്ടിരുന്നു. "എതിർപ്പുകൾ" എന്ന് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് ἀγών (*അഗോൺ*) എന്നാണ്. "അഗോൺ ... വിവരിക്കുന്നത് ഗ്രീക്ക് ഗെയിമുകളുടെ മൽസരമാണ്."[3] അതിനെ ഉപയോഗിച്ചിരിക്കുന്നത്, ഫിലി. 1:30 ലേതുപോലെയുള്ള തർക്കമോ അല്ലെങ്കിൽ, (കൊലൊ 2:1 ധലേതുപോലെപ) ഉള്ള ആന്തരിക ആകുലതയാകാം.[4] പൗലൊസ് നൽകിയ സാഹചര്യമനുസരിച്ച് ഇവിടെ പറയുന്നത് ബാഹ്യമായ എതിർപ്പുകളായിരിക്കുവാനാണ് കൂടുതൽ സാധ്യത.

താഴെ കൊടുക്കുന്ന വിധത്തിൽ പൗലൊസ് കാര്യകാരണവിവരണം നടത്തുന്നു:പൗലൊസും സംഘവും ആത്മാർത്ഥരല്ലായിരുന്നു എങ്കിൽ കുഴപ്പങ്ങൾ ഉണ്ടായപ്പോൾ അവരുടെ പ്രവർത്തനം നിർത്തുമായിരുന്നു. അവർ തങ്ങളുടെ പ്രസംഗം നിർത്താതിരുന്നതിനാൽ, അവരുടെ ഉദ്ദേശം ശുദ്ധമായിരുന്നു എന്ന് താത്വികമായി സമ്മതിക്കാം. അവർ ധതങ്ങളുടെപ ദൈവത്തിൽ ധൈര്യത്തോടെ സംസാരിച്ചുകൊണ്ടിരുന്നു. അവനാണ് എല്ലാം സാധ്യമാക്കിയത്, അവൻ നമുക്കും അങ്ങനെ ചെയ്യും (മത്താ. 28:20; 2 തെസ്സ. 3:16).

**വാക്യം 3**. തെസ്സലൊനിക്യയിലെ ചില ദുരുപദേഷ്ടാക്കന്മാർ പൗലൊസിനെ കുറിച്ച് ഉന്നയിച്ച പ്രത്യേക ആരോപണത്തിന് അവൻ മറുപടി പറഞ്ഞു തുടങ്ങുകയാണ് (വാക്യം 1 ന്റെ ചർച്ചകൾ നോക്കുക). ആ ഉപദേഷ്ടാക്കന്മാർ ഒരുപക്ഷെ "തെറ്റുകളും," "അശുദ്ധിയും," "വഞ്ചനയും"

ഉള്ളവർ ആയിരുന്നേക്കാം, അതുകൊണ്ടാണ് അവർ അത്തരം ആരോപണം ഉന്നയിക്കുന്നത്.

**പ്രബോധനം** എന്നതിന്റെ ഗ്രീക്ക് വാക്ക് παράκλησις (*പാരാക്ലേസിസ്*) എന്നത് എൻഐവിയിൽ തർജിമ ചെയ്തിരിക്കുന്നത് “അപ്പീൽ” എന്നാണ്, അത് παρακαλέω (*പാരാകലെയോ*) എന്ന ക്രിയാരൂപത്തിന്റെ നാമമാണ്. അത് 3:2 ൽ തർജിമ ചെയ്തിരിക്കുന്നത് “പ്രോൽസാഹനം” എന്നാണ്. പൗലൊസ് തെസ്സലൊനിക്യയിൽ പ്രസംഗിച്ച സന്ദേശത്തെ ആണ് അത് സൂചിപ്പിക്കുന്നത്. പ്രത്യേകമായി “ഞങ്ങൾ കഴിക്കുന്ന അപേക്ഷ” (എൻഐവി) **അബദ്ധത്തിൽ** നിന്നോ **അശുദ്ധിയിൽ** നിന്നോ **വ്യാജമായതോ** അല്ല. തെറ്റായ ഉപദേശങ്ങളെ “അബദ്ധമായി” കണക്കാക്കാം (2 തെസ്സ. 2:11). അതിനു പുറമെ കൊരിന്തിലെ അഫ്രോദിതോസ് ക്ഷേത്രങ്ങളിലെ അവിഹിത ലൈംഗികവേഴ്ച്ച പോലെയുള്ള അധാർമ്മിക അശുദ്ധിയുമായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. അത്തരം ആരോപണങ്ങൾ ക്രിസ്ത്യാനികളെ കുറിച്ച് യെഹൂദന്മാർ നടത്തിയിരുന്നു. തന്റെ സന്ദേശം “വഞ്ചനയിൽ” നിന്നോ അല്ലെങ്കിൽ “ചതിയിൽ” നിന്നോ വന്നതല്ല എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (ആർഎസ്‌വി). “വഞ്ചന” എന്നതിന്റെ ഗ്രീക്ക് വാക്ക് δόλος (*ഡോലോസ്*), അർത്ഥം “കൗശലത്തിൽ മുതലെടുപ്പ് നടത്തുന്ന രീതി.”[5] ഇന്ന് ടെലിവിഷനിൽ പ്രസംഗിക്കുന്ന ചില സുവിശേഷകന്മാർ പണം ആവശ്യപ്പെടുന്നതുപോലെ, അത്യാഗ്രഹത്തോടെ ദൈവവേല ചെയ്യുന്ന ചിലരുടെ സ്വഭാവമാണ് അത്.

അത്തരം പ്രവണത നമ്മുടെ ലക്ഷ്യമാ*കരുത്* എന്നാണ് പൗലൊസ് പറഞ്ഞത്, ഇത് സത്യമാണെന്ന് നിങ്ങൾ അറിയുനനുവല്ലൊ.

**വാക്യം 4**. ‘‘കുറ്റം ആരോപിച്ച അത്തരക്കാരുടെ ഉദ്ദേശം *അല്ല*’’ ഞങ്ങളുടേത് എന്ന് ‘‘നിങ്ങൾ തന്നെ അറിയുന്നുവല്ലൊ’’ എന്നാണ് പൗലൊസ് പറഞ്ഞത് (വാ. 3), മറിച്ച്, അവർ **ദൈവത്തിന് കൊള്ളാകുന്ന** പുരുഷന്മാരായിട്ടായിരുന്നു **സംസാരിച്ചത്**. “കൊള്ളാകുന്ന” എന്നതിന്റെ ഗ്രീക്ക് വാക്ക് δοκιμάζω (*ഡോകിമാസോ*), “പഴയ ഒരു ക്രിയ” അർത്ഥം “ശോധന കഴിക്കുക.” “പൂർത്തിയാക്കി കഴിഞ്ഞ” അവസ്ഥയെ സൂചിപ്പിക്കുന്നതാണ് ഉപയോഗിച്ച കാലം, “ശോധന ചെയ്തു തെളിയിച്ചു” എന്ന് സാരം.[6] അങ്ങനെ ദൈവത്തിന്റെ വചനം പ്രസംഗിക്കുവാൻ അവർക്ക് അപ്പോൾ ദൈവത്തിന്റെ അംഗീകാരം ഉണ്ടായിരുന്നു (1 ശമു. 16:7 നോക്കുക). തന്റെ പ്രവർത്തന വും സന്ദേശവും ദൈവം ശോധന ചെയതു അംഗീകരിച്ചതാണ് എന്നത്രെ പൗലൊസ് അർത്ഥമാക്കിയത് (5:21 നോക്കുക; അവിടെ എൻഐവിയിൽ തർജിമ ചെയ്തിരിക്കുന്ന വാക്ക് “ടെസ്റ്റ്” എന്നാണ്). ആ ശോധന നടത്തിയത് ഒരു തെറ്റും ചെയ്യാത്ത ദൈവമാണ്. പൗലൊസിന്റെ ലക്ഷ്യം ഒരിക്കലും അശുദ്ധമായിരുന്നില്ല.

മറ്റുള്ളവരെ പോലെ പൗലൊസിലും സുവിശേഷം ദൈവം **ഭരമേൽപ്പിച്ചിരുന്നു** (റോമ. 1:1 നോക്കുക). പൗലൊസ് **മനുഷ്യരെ പ്ര സാദിപ്പിക്കുവാൻ** ആഗ്രഹിക്കാതിരുന്നതിനാൽ, അവൻ ഉപായം ഉപയോഗിച്ചു എന്ന് ഒരിക്കലും കുറ്റപ്പെടുത്തുവാൻ സാധ്യമല്ലായിരന്നു. പകരം **ഹൃദയങ്ങളെ പരിശോധിക്കുന്ന** ദൈവത്തെ ആയിരുന്നു അവൻ പ്രസാദിപ്പിക്കുവാൻ ആഗ്രഹിച്ചത് (യിരെ. 11:20 നോക്കുക). തന്നെ കുറിച്ച് മറ്റുള്ളവർ വിധിച്ചതിനെ പൗലൊസ് കാര്യമാക്കിയില്ല, അവൻ ദൈവമുൻപാകെ നിൽക്കുവാൻ തയ്യാറായിരുന്നു (1 കൊ. 4:5 നോക്കുക).

**വാക്യം 5**. താനോ സംഘമോ തെസ്സലൊനിക്യരുടെ ഇടയിൽ മുഖസ്തുതി പ്രയോഗിച്ചു എന്ന ആരോപണത്തെ പൗലൊസ് നിഷേധിച്ചു. ആത്മാർത്ഥതയോടെ വിശ്വസിക്കുവാൻ പറ്റാത്ത പ്രശംസ നടത്തുന്നതിനെ യാണ് "മുഖസ്തുതി" എന്നു പറയുന്നത്. തങ്ങളെ സാമ്പത്തികമായി ആള ുകൾ സഹായിക്കുന്നതിനായി ചില ഉപദേഷ്ടാക്കന്മാർ അത് ചെയ്യുന്നുണ്ട്, അല്ലെങ്കിൽ തങ്ങൾ വലിയ ഉപദേഷ്ടാക്കന്മാരാണ് എന്ന് അവരെ കുറിച്ച് മറ്റുള്ളവർ പറയുന്നതിനു വേണ്ടിയായിരിക്കാം അങ്ങെ ചെയ്യുന്നത്. ഒരു സഹോദരൻ അഭിപ്രായപ്പെട്ടത് എങ്ങനെയുണ് എന്ന് ഉപദേഷ്ടാവിനോട് ചോദിക്കുന്നതിന് യോജിക്കുവാൻ കഴിയാത്തതാണെങ്കിലും അത് കൊള്ളാം എന്നു പറയുമോ? എങ്കിൽ അതാണ് മുഖസ്തുതി. അങ്ങനെ ചെയ്താൽ നാം ആത്മാർത്ഥതയില്ലാത്തവരാകുകയും സഹോദരന്മാരെ നശിപ്പിക്കുകയുമാണ് ചെയ്യുന്നത്.

**ദ്രവ്യാഗ്രഹത്തിന്റെ** ''ഉപായം'' എന്ന പ്രയോഗം വരുന്ന ഗ്രീക്ക് വാക്ക് πρόφασις (*പ്രോഫസിസ്*). "ധആ വാക്കിന്റെപ ഉപയോഗം മറ്റു ഭാഗങ്ങളിലുള്ളത് (പ്രവൃ. 27:30; ലൂക്കൊ. 20:47; ഫിലി. 1:18) പ്രത്യേക സാഹചര്യത്തിൽ ശരിയായ ഉദ്ദേശത്തെ മറച്ചുപിടിച്ചു തെറ്റായ കാരണത്തിന ായി അഥവാ പ്രത്യേക രീതി കാണിക്കുന്നതിന് ഉപയോഗിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്."[7] പൗലൊസും സഹപ്രവർത്തകകരും വന്നതു അത്യാഗ്രഹം നിമിത്തമോ, അല്ലെങ്കിൽ, "ഭക്തിയുടെ വേഷം" ധരിച്ചോ ആയിരുന്നില്ല. ശരി യായ ലക്ഷ്യത്തെ ഒരാൾ മറച്ചുകൊണ്ട് മുഖസ്തുതി വിപുലമാക്കി മുഖം മൂടി ധരിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന്റെ ഉദ്ദേശമാണ് "ദ്രവ്യാഗ്രഹം."

തെസ്സലൊനിക്യരെ പൗലൊസ് ആത്മാർത്ഥമായി പ്രശംസിച്ചതിനെ ആണ് പൗലൊസ് ലോലമായി പ്രതികരിച്ചത്. ഭൗതികമായ നേട്ടം അധികമായി ആഗ്രഹിക്കുന്നതിനെയാണ് "അത്യാഗ്രഹം" എന്നു പറയുന്നത്. അങ്ങനെ യുള്ള നേട്ടത്തിനായി എന്തും ചെയ്യുവാൻ തയ്യാറുള്ള എത്രയോ ആളു കളെ നാം കാണുന്നുണ്ട്. തങ്ങൾ തെസ്സലൊനിക്യയിലായിരുന്നപ്പോൾ ആ ലക്ഷ്യമായിരുന്നില്ല തങ്ങളുടേത് എന്നാണ് പൗലൊസ് പറഞ്ഞത്. അവർക്ക് അനുകൂലമായി **ദൈവം സാക്ഷി** ആയിരുന്നു (എബ്രാ. 6:18; 1 യോഹ. 5:9). ഇങ്ങനെയെല്ലാം സംഭവിച്ച സാഹചര്യത്തിലായിരുന്നു പൗലൊസിന്റെ ലക്ഷ്യം അശുദ്ധമായിരുന്നു എന്ന് ആരോപിക്കപ്പെട്ടത് (വാ. 1).

**വാക്യം 6**. തന്റെ ലക്ഷ്യം അത്യാഗ്രഹത്തിനതീതമായിരുന്നതുപേ ാലെ, താൻ **മനുഷ്യരിൽ നിന്നു മാനം** ("പുകഴ്ച്ച"; എൻഐവി) അനേ ്വഷിച്ചിരുന്നില്ല എന്നും പൗലൊസ് പറഞ്ഞു, അതായത് തെസ്സലൊനിക്യർ. അപ്പൊസ്തൊലിക **അധികാരം** ഉപയോഗിക്കാമായിരുന്നു എങ്കിലും, അവൻ **മറ്റുള്ളവരിൽ** നിന്നും അത് പ്രതീക്ഷിച്ചിരുന്നില്ല. ''അധികാരം'' എന്നത് വന്നിരിക്കുന്ന ഗ്രീക്ക് വാക്ക് βάρος (*ബറോസ്*). ഘനമുള്ള കൽപനകൾ എന്നാണ് അതിന്റെ വ്യാകരാണർത്ഥം. ശമ്പളത്തിന് ആവശ്യമായ "ഭാരം" എന്ന അർത്ഥം വരുന്ന വിധമാണ് മറ്റുള്ള ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് (2:9). എൻഐവിയിലും എൻഏഎസബിയുടെ കുറിപ്പിലും തർജിമ ചെയ്തിരിക്കുന്നത് "ഭാരം," "ഭാരമുള്ള" എന്നിങ്ങനെ യാണ്. കൽപനകൾ നൽകുവാൻ **അപ്പൊസ്തലൻമാർക്ക്** അവകാശം ഉണ്ട് എന്നാണ് ഐ ഹോവാർഡ് നൽകുന്ന സൂചന.[8] "അയക്കപ്പെട്ടവൻ" എന്ന അർത്ഥത്തിൽ "അപ്പൊസ്തലന്മാർ" എന്ന് ഉപയോഗിച്ചിരിക്കുന്നത് വിശാല

മായ അർത്ഥത്തിലാണ്. ദൈവത്താൽ നിയോഗിച്ച് അയച്ചവരാകയാൽ "തിമാഥെയെസും, ശിലാസും" അപ്പൊസ്തലന്മാർ ആയിരുന്നു (പ്രവൃ. 14:14 മായി താരതമ്യം ചെയ്യുക).[9]

**വാക്യം 7**. തനിക്കോ തന്റെ സഹപ്രവർത്തകർക്കോ തെസ്സലൊനിക്യർ ഒരിക്കലും ഭാരം ആയിരുന്നില്ല എന്നാണ് പൗലൊസ് പറഞ്ഞത്; മറിച്ച്, ഒരു **അമ്മ തന്റെ സ്വന്തമക്കളോട്** ധകരുതലുള്ളവൾപ ആയിരിക്കുന്നതുപോലെ, അവൻ ധഅവരോടപ് "സൗമ്യമായിട്ടാണ്" ഇടപെട്ടത്. "സൗമ്യം" എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് (*നെപിയോസ്*), അർത്ഥം "സൗഹൃദ മനസ്" എന്നാണ്. സമീപിക്കാവുന്ന വ്യക്തി എന്ന് സാരം.[10] "പോറ്റുന്ന അമ്മ" എന്ന വാക്കുകൾ വരുന്നത്, τροφός (*ട്രോഫോസ്*) എന്നതിൽനിന്നാണ്, അർത്ഥം "പോറ്റുക" എന്നാണ്. "സ്വന്ത മക്കളെ" പോറ്റി പുലർത്തുന്ന അമ്മ എന്നു വിവർത്തനം ചെയ്തിരിക്കുന്നത് നല്ല പ്രയോഗമാണ്. "കരുതുന്ന" എന്ന വാക്ക് വന്നിരിക്കുന്നത് θάλπω (*തൽപോ*) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്, ശക്തമായ വൈകാരിക ബന്ധത്തെയാണ് അത് വിവക്ഷിക്കുന്നത്. മറ്റൊരു ഭാഗത്ത് പൗലൊസ് അപ്പനോട് താരതമ്യം ചെയ്താണ് പറയുന്നത് (വാ. 11; 1 കൊ. 4:15). ഇവിടെ അവരിൽ നിന്നും പൗലൊസും സംഘവും അധികമൊന്നും അവശ്യപ്പെടാത്ത "സൗമ്യത" പ്രകടിപ്പിക്കുവാൻ അമ്മയോടാണ് താരതമ്യം ചെയ്തത്. മൃദുലമായ മനോഭാവത്തെ ഒരാൾക്ക് ഇവിടെ കാണുവാൻ കഴിയും.[11]

**വാക്യം 8**. പൗലൊസ് അവരോട് **ദൈവത്തിന്റെ സുവിശേഷം** പങ്കിട്ടു (ദൈവത്തിൽ നിന്നു വരുന്ന നിരപ്പിനെ കുറിച്ചുള്ള സുവാർത്ത), എന്നാൽ അവരുടെ രക്ഷക്കായി പൗലൊസും സംഘവും തങ്ങളുടെ സഹ യെഹൂദന്മാർക്കെന്നപോലെ ജീവൻ പോലും ബലിയർപ്പിക്കുവാൻ ഒരുക്കമായിരുന്നു (റോമ. 9:1-3). "ജീവൻ" എന്നതിന് ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് ψυχή (*സൂക്കേ*) എന്നാണ്. ഇവിടെ പറഞ്ഞ അർത്ഥം, "ഞങ്ങളുടെ ജീവൻ വെറുതെ നൽകുമായിരുന്നു (വെച്ചുകൊടുക്കുമായിരുന്നു) എന്നല്ല, മറിച്ച്, 'ഞങ്ങളെ തന്നെ നിബന്ധന കൂടാതെ നിങ്ങളുടെ ചെലവിലേക്കായി നൽകുമായിരുന്നു' " എന്നാണ് വ്യക്തമാക്കിയത്.[12] അവർ, "തിരിച്ച് ഒന്നും പ്രതീക്ഷിച്ചില്ല."[13] ആവശ്യമെങ്കിൽ അവരുടെ ജീവനും നൽകുവാൻ ഒരുക്കമായിരുന്നു എന്നതും ഉൾപ്പെട്ടിരുന്നു, എന്നാൽ അർത്ഥം വിസ്തൃതമാണ്. പൗലൊസിന്റേത് വെറും വിദ്യാഭ്യാസം നൽകൽ മാത്രമായിരുന്നില്ല; അതിൽ വികാരപരവുമായ ബന്ധം ഉൾപ്പെട്ടിരുന്നു.

### തന്റെ ശുശ്രൂഷ. യുടെ ആത്മാർത്ഥത (2:9-12)

**9സഹോദരന്മാരേ, ഞങ്ങളുടെ അദ്ധ്വാനവും പ്രയാസവും നിങ്ങൾ ഓർക്കുന്നുവല്ലോ; നിങ്ങളിൽ ആർക്കും ഭാരമായി തീരരുത് എന്നു വെച്ച് ഞങ്ങൾ രാവും പകലും വേല ചെയ്തുകൊണ്ട് നിങ്ങളോട് ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു. 10വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എന്നതിന്നു നിങ്ങളും ദൈവവും സാക്ഷി. 11തന്റെ രാജ്യത്തിനും മഹത്വത്തിനും നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവത്തിനു യോഗ്യമായി നടപ്പാൻ തക്കവണ്ണം 12ഞങ്ങൾ നിങ്ങളിൽ ഓരോരുത്തന്ന് അപ്പൻ മക്കളെ എന്ന പോലെ പ്രബോധിപ്പിച്ചു,**

**ഉൽസാഹിപ്പിച്ചും, സാക്ഷ്യം പറഞ്ഞും പോന്നു എന്നു നിങ്ങൾക്ക് അറിയാമല്ലോ.**

**വാക്യം 9.** ഈ വാക്യം നമ്മെ വാക്യം 3 ഓർപ്പിക്കുന്നു, അവിടെ പൗലൊസ് തെസ്സലൊനിക്യരെ "വഞ്ചിച്ചു" എന്ന് ദുരുപദേഷ്ടാക്കന്മാർ ആരോപിച്ചതായി പറയുന്നു. ഇവിടെ സന്നിഹിതരല്ലാത്ത മറ്റുള്ളവരുടെ വിലയിരുത്തലിനെ കുറിച്ചല്ല പറയുന്നത്, മറിച്ച്, തീർച്ചയായും തങ്ങളുടെ **അദ്ധ്വാനവും പ്രയാസവും** സഹോദരന്മാർ **അറിയുന്നുവല്ലോ** എന്നാണ് പൗലൊസ് പറയുന്നത്. തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി അവർ തെസ്സലൊനിക്യരെ **ഭാരപ്പെടുത്താതിരിപ്പാൻ,** അദ്ധ്വാനിച്ചിരുന്നു (പ്രവൃ. 18:3; 2 തെസ്സ. 3:7–10). വാസ്തവത്തിൽ, തന്റെ ഉപജീവനത്തിനും സുവിശേഷ പ്രവർത്തനത്തിനുമായി പൗലൊസ് രാവുംപകലും അദ്ധ്വാനിച്ചിരുന്നു. "അദ്ധ്വാനം" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് Κόπος (*കോപോസ്*) എന്നാണ്, അർത്ഥമാക്കുന്നത്, ക്ഷീണിപ്പിക്കുന്ന കഠിനാദ്ധ്വാനത്തെ ആണ്, എന്നാൽ "പ്രയാസം" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് μόχθος (*മോക്കേതാസ്*) അർത്ഥമാക്കുന്നത്, വേദനയെ ആണ്. രണ്ടും "രാവും പകലും അനുഭവപ്പെട്ടിരുന്നു എന്ന കാര്യത്തിൽ സംശയമില്ല."[14] അവരെ മുതലെടുക്കുക എന്നതായിരുന്നു പൗലൊസിന്റെ ഉദ്ദേശമെങ്കിൽ അവൻ വിജയിക്കുമായിരുന്നില്ല എന്ന് അവർ ഓർക്കുന്നു.

**വാക്യം 10.** സഹോദരന്മാർ പുറകിലേക്ക് ചിന്തിച്ചാൽ, അവന്റെ സ്വഭാവത്തെ **സാക്ഷ്യപ്പെടുത്തുവാൻ** കഴിയുന്ന **പവിത്രത** (ദൈവ സേവനത്തിൽ സമർപ്പിക്കപ്പെട്ടിരുന്നു), **നീതി** (ദൈവ നിയമത്തെ ഉറപ്പിച്ചു ജീവിച്ചു), **അനിന്ദ്യത** (ന്യായമായി ദൈവനിയമത്തെ ഉപേക്ഷിക്കുന്നതായി കുറ്റപ്പെടുത്തുവാൻ കഴിയാത്ത സ്ഥിതി) എന്നിവ കാണുവാൻ കഴിയും. "പവിത്രത," "നീതി," എന്നീ വാക്കുകൾക്ക് ഉപയോഗിച്ചിരിക്കുന്നതുപോലെയുള്ള ഗ്രീക്ക് വാക്കാണ് "അനിന്ദ്യമായ" (ἀμέμπτως *അമംടോസ്*) എന്നതിനും ഉപയോഗിച്ചിരിക്കുന്നത്, പക്ഷെ നിഷേധരൂപത്തിലാണെന്ന് മാത്രം. "കുറ്റപ്പെടുത്തുവാൻ സാധ്യമല്ലാത്ത വ്യക്തിയെ കുറിക്കുന്ന വാക്കാണ് അനിന്ദ്യൻ."[15]

അത് തെസ്സലൊനിക്യയിലെ അവന്റെ സ്വഭാവത്തെ ചുരുക്കി പറയുന്നു. അതിന് അവരും ദൈവവും സാക്ഷിയായിരുന്നു. ക്രിസ്ത്യാനികളെ ഇവിടെ വീണ്ടും **വിശ്വാസികൾ** എന്നാണ് വിളിച്ചിരിക്കുന്നത്.

**വാക്യം 11.** അവൻ അവർക്ക് ഒരു അമ്മയെ പോലെ ആയിരുന്നു എന്നാണ് വാക്യം 7 ൽ പറഞ്ഞത്, ഇവിടെ ഒരു **അപ്പൻ** തന്റെ **സ്വന്ത മക്കളോടുകൂടെ** പ്രവർത്തിച്ചിരുന്നതായിട്ടാണ് പറയുന്നത്. സൗമ്യത എന്ന് അവൻ ഇടക്കിടക്ക് ഉപയോഗിച്ചിരിക്കുന്നത് അമ്മയുടെ മൃദുല സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ഇവിടെ തന്റെ പ്രവൃത്തി ഒരു അപ്പന്റേതിനോട് താരതമ്യം ചെയ്തിരിക്കുകയാണ്. ഇവിടെ ഉപയോഗിച്ച കുടുംബ ചിത്രം അടുത്ത ബന്ധത്തെയാണ് കാണിക്കുന്നത് (ഒരു രക്ഷകർത്താവ് കുട്ടിയോട് എന്ന പോലെ) അതു മൊത്തത്തിൽ കൂട്ടത്തോടുള്ള ഒരു ബന്ധമായിരുന്നില്ല, മറിച്ച്, വ്യക്തിപരമായി ഓരോരുത്തരോടുമുള്ള ബന്ധമായിരുന്നു. ഒരു അപ്പൻ മക്കളെ **പ്രോൽസാഹിപ്പിക്കുന്നതുപോലെ** അവരിലേക്ക് തന്റെ ഹൃദയം പകർന്നിരുന്നു. അവൻ അവരെ തുടർച്ചയായി **പ്രബോധിപ്പിച്ചു**കൊണ്ടിരുന്നു (സഹായിക്കുന്നതിന് ഒരാളെ വശത്തേക്ക് ചേർക്കുക), അത് ദൈവത്തിന്റെ

വിളിക്കു **യോഗ്യമായി** നടക്കുന്നതിനായിരുന്നു (വാ. 12).

μαρτύρομαι (*മർതുറോമായി*) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "പേ ാറ്റൽ" എന്ന വാക്ക് ലഭിച്ചിരിക്കുന്ന "ക്രിയാരൂപം അർത്ഥമാക്കുന്നത് 'സാക്ഷിയെ കൊണ്ടു വരിക' എന്നും അതിനാൽ വിശുദ്ധമായി പ്രഖ്യാപ ിക്കുന്നു' (ഒരുപക്ഷെ സാക്ഷിക്കായി ദൈവത്തെ വിളിക്കുകയാവാം) ... ഒരാൾ തന്റെ കടമയിൽ വ്യാപൃതനാകുന്നതുപോലെ."[16]

**വാക്യം 12**. പൗലൊസ് സംസാരിച്ച ദൈവം തന്നെയാണ് **നിങ്ങളെയും വിളിക്കുന്നത്** (അവൻ എല്ലാവരേയും സുവിശേഷത്താലാണ് വിളിക്കുന്നത്; 2 തെസ്സ. 2:14), **തന്റെ സ്വന്ത രാജ്യത്തിലേക്കാണ്** ക്ഷണിക്കുന്നത് (തന്റെ സഭയിലേക്ക്; മത്താ. 16:18; കൊലൊ. 1:13). അവന്റെ സഭ "യോട്" ചേരുവാനാണ് നാം സ്നാനം ഏൽക്കുന്നത്, അത് അവന്റെ ശരീരമാണ് (റോമ. 6:3, 4; കൊലൊ. 1:18). ഒരർത്ഥത്തിൽസ, ഭൂമിയിൽ കർത്താവിന്റെ മഹത്വം പ്രദർശിപ്പിക്കുന്നവരാണ് ക്രിസ്ത്യാനികൾ (2 കൊ. 3:18), എന്നാൽ ന്യായവിധിക്കു ശേഷം നാം ശ്രേഷ്ഠമായ തേജസിന് ഓഹരിക്കാരാകും എന്ന പ്രത്യേകതയുമുണ്ട് (കൊലൊ. 3:4; 1 പത്രൊ. 5:10).

## അവന്റെ ശുശ്രൂഷയോടും സന്ദേശത്തോടും തെസ്സലൊനിക്യരുടെ പ്രതികരണം (2:13-16)

**[13]ഞങ്ങൾ പ്രസംഗിച്ച ദൈവ വചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനം ആയിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു, വിശ്വസിച്ച നിങ്ങളിൽ അത് വ്യാപരിച്ചുകൊണ്ടിരിക്കുന്നു. [14]സഹോദരന്മാരേ, യെഹൂദ്യയിൽ ക്രിസ്തുയേശുവിലുള്ള ദൈവസഭകൾക്ക് നിങ്ങൾ അന ുകാരികളായി തീർന്നു, അവർ യെഹൂദരാൽ അനുഭവിച്ചതു തന്നെ സ്വജാതിക്കാരാൽ അനുഭവിച്ചുവല്ലൊ, [15]യെഹൂദർ, കർത്താവായ യേശുവിനെ യും സ്വന്ത പ്രവാചകന്മാരെയും കൊന്നവരും, ഞങ്ങളെ ഓടിച്ചുകളഞ്ഞവരും ദൈവത്തെ പ്രസാദിപ്പിക്കാത്തവരും സകല മനുഷ്യർക്കും വിരോധികളും, [16]ജാതികൾ രക്ഷിക്കപ്പെടേണ്ടതിനായി ഞങ്ങൾ അവരോട് പ്രസംഗിക്കുന്നത് വിലക്കുന്നവരും ആകുന്നു; അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു, എന്നാൽ ദൈവക്രോധം അവരുടെ മേൽ മുഴുത്തു വന്നിരിക്കുന്നു.**

**വാക്യം 13**. തൊസ്സലലൊനിക്യയിലുള്ളവർ, **വചനം കൈക്കൊണ്ടതിന്** പൗലൊസ് വീണ്ടും **ദൈവത്തെ** നിരന്തരമായി **സ്തുതിക്കുന്നതായി** രേഖപ്പെടുത്തിയിരിക്കുന്നു.

"ധഗ്രീക്ക്പ ക്രിയ ധ παραλαμβάνω പ *പാരാലാംമ്പനോ*, 'കൈക്കൊള്ളുക,' എന്നതും അതിനോട് ബന്ധപ്പെ ട്ടധ παραδίδωμι തത പ *പാരാഡിഡോമി*, 'ഉൾക്കൊള്ളുക,' എന്നതും ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതിനും കൈമാറുന്നതിനും സൂചിപ്പിക്കുന്ന സാങ്കേതിക പദങ്ങളാണ്."[17] ലേഖനത്തിലെ അവസാന ഭാഗത്തെ വാക്യത്തിൽ പറഞ്ഞിരിക്കുന്ന **ദൈവ വചനം** അവരിൽ പ്രവർത്തിച്ച വചനമാണ്. "വ്യാപരിച്ചു" എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് ἐνεργέω (*എനെർജെയോ*) ആണ്. മദ്ധ്യരൂപത്തിലുള്ള വാക്ക്

ആയിട്ടാണ് "ആർഎസ്‌വി ഉപയോഗിച്ചിരിക്കുന്നത് (പ്രവർത്തിയിയിലിരിക്കുന്ന ഗ്രീക്ക് *എനെർജെറ്റായി*) എന്നാണ്, എന്നാൽ പാസിവ് ആയും ഉപയോഗിക്കാം: 'ഈസ് മെയിഡ് ഓപ്പറേറ്റിവ് (എസ്‌വി. ബൈ ഗോഡ്)'; അർത്ഥത്തിന് വലിയ വ്യത്യാസം വരുന്നില്ല."[18]

പൗലൊസും സംഘവും അവിടെ പ്രസംഗിച്ചപ്പോൾ, അത് അവർ സ്വീകരിച്ചത് പൗലൊസിനേയും മറ്റുള്ളവരെയും ഇഷ്ടപ്പെട്ടതുകൊണ്ടായിരുന്നില്ല. അവർ അത് കൈക്കൊണ്ടത് മനുഷ്യന്റെ വചനമായിട്ടായിരുന്നില്ല; മറിച്ച്; അത് ദൈവത്തിന്റെ വചനമാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. അത് സാക്ഷാൽ ദൈവത്തിന്റെ വചനമായി തന്നെ അവർ അതിനെ കൈക്കൊണ്ടു. അവരിൽ പ്രവർത്തിക്കത്തക്കവണ്ണം "വ്യാപരിച്ചത്" ദൈവത്താലായിരുനനു (എഫെ. 3:20; കൊലൊ. 3:16; എബ്രാ. 4:12 മായി താരതമ്യം ചെയ്യുക), വിശ്വസിക്കുന്ന എല്ലാവരിലും വ്യാപരിക്കും, അതായത് ക്രിസ്ത്യാനികളാകുന്ന എല്ലാവരിലും.

**വാക്യം 14.** പൊതുവായുള്ള കുംബ ചിത്രം വീണ്ടും ദൃശ്യമാകുന്നു. അവർ പൗലൊസിന്റേയും സംഘാംഗങ്ങളുടേയും സഹോദരന്മാരായിരുന്നു. ആ സഹോദരന്മാർ ദൈവ സഭകളുടെ "അനുഗാമികൾ" (കെജെവി) ആല്ലെങ്കിൽ **അനുകാരികൾ** എന്ന് വിളിച്ചിരുന്നത് ("ദൈവത്തിനുള്ളവര്"; പ്രവൃ. 20:28). ആ പദവി ഒരു സാധാരണ പേരായിരുന്നില്ല. എൻഐവിയിൽ "ദൈവത്തിന്റെ സഭകൾ" എന്നാണ്. യെരുശലേം സ്ഥിതി ചെയ്തിരുന്ന ദക്ഷിണ പാലസ്തീനിലെ **യെഹൂദ്യയിൽ** ആയിരുന്നു ആ സഭകൾ. അവർ സ്നാനത്താൽ രക്ഷയുള്ള (2 തിമൊ. 2:10) ക്രിസ്തുയേശുവിലും ആയിരുന്നു (റോമ. 6:3, 4).

സഹ യെഹൂദന്മാരാൽ പാലസ്തീനിലെ യെഹൂദ ക്രിസ്ത്യാനികൾ അവരുടെ സ്വജാതിക്കാരാൽ ഉപദ്രവം സഹിച്ചപ്പോഴായിരുന്നു അവർ യെഹൂദ്യ സഭകളെ അനുകരിച്ചത്. (പ്രവൃ. 5:27–42; പ്രത്യേകിച്ച് വാക്യം 40). തങ്ങളുടെ സ്വജാതിക്കാരാലായിരുന്നു ഇപ്പോൾ ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർ ഉപദ്രവം ഏറ്റത്. "നിങ്ങളുടെ സ്വജാതിക്കാർ" എന്ന പ്രയോഗം വന്നിരിക്കുന്ന ഗ്രീക്ക് വാക്ക് συμφυλέτης (*സുംഫുലേറ്റെസ്*), "ഒരു ഭാഗം ഒരുപക്ഷെ ഭൂമിശാസ്ത്രപരവും, തെസ്സലൊനിക്യയിലെ യെഹൂദന്മാരും ഉൾപ്പെട്ടിരിക്കാം, എന്നാൽ എതിർ വശത്ത് വലിയൊരു കൂട്ടം ജാതികളും ഉൾപ്പെട്ടിരുന്നു."[19] എന്നിരുന്നാലും തെസ്സലൊനിക്യയിലെ യെഹൂദന്മാരായിരുന്നു തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾക്ക് എതിരായി അക്രമം അഴിച്ചു വിട്ടത് (പ്രവൃ. 17:1–9).

**വാക്യം 15.** വാക്യം 14 ന്റെ അവസാനം യെഹൂദന്മാരെ കുറിച്ച് പറഞ്ഞ ശേഷം, പൗലൊസ് വളരെ തുറന്നതും നേരായതുമായ ശിക്ഷാവിധി അവരുടെ സ്വഭാവത്തിന് നേരിടേണ്ടി വരമെന്ന് സൂചിപ്പിച്ചു, അതിൽ പാലസ്തീനിലെ യെഹൂദന്മാർ മാത്രമല്ല, മൊത്തത്തിലുള്ള എല്ലാ യെഹൂദന്മാരെയും ഉൾപ്പെടുത്തിയിരിക്കുന്നു. പൗലൊസിന്റെ ലേഖനങ്ങളിലെ മറ്റാളുകൾക്കു വരുന്ന ശിക്ഷാവിധി പറയുന്നതിനേക്കാൾ ഏറ്റവും തുറന്ന രീതിയിലാണ് ഇവിടത്തെ ശിക്ഷാവിധിയെ കുറിച്ച് പറയുന്നത്. തന്റെ സഹ യെഹൂദന്മാർ പൗലൊസിന് പ്രിയപ്പെട്ടവരായിരുന്നു (റോമ. 9:1–5), അതേ സ്നേഹം തന്നെയാണ് അവരുടെ സ്വഭാവത്തിനെതിരായി അവന്നു സംസാരിക്കേണ്ടി വന്നത്. അത്തരം സ്വഭാവക്കാർ ക്രിസ്തുവിനെ മാത്രല്ല, എല്ലാറ്റിനും വേണ്ടി നിലകൊള്ളുന്ന ദൈവത്തെ തന്നെയാണ് തള്ളിക്കളയുന്നത് പൗലൊസ് വ്യക്തമാക്കിയിരിക്കുകയാണ്.

യെഹൂദന്മാർ **കർത്താവായ യേശുവിനെ കൊന്നു** എന്നാണ് പൗലൊസ് പറഞ്ഞത്. അവർ ആഗ്രഹിച്ചതുപോലെ, പിലാത്തൊസിന്റെ ഇഷ്ടത്തിന് വിരുദ്ധമായി അവനെ റോമൻ അധികാരികളുടെ അടുക്കലേക്ക് അവനെ വലിച്ചുകൊണ്ടുപോയി കൊല്ലുവാൻ ഏൽപ്പിക്കുകയായിരുന്നു (മത്താ. 27:15–26; പ്രവൃ. 2:22–24). അവർ **പ്രവാചകന്മാരെയും കൊന്നു** എന്നാണ് പൗലൊസ് പറഞ്ഞത്. അവർ "പ്രവാചകന്മാരെ കൊന്നധതിനെപ" കുറിച്ച് മത്തായി 23:29–32 ൽ പറയുന്നു. പ്രവൃത്തികൾ 7:51, 52 ലും ലൂക്കൊസ് 11:47–51 ലും പറഞ്ഞിരിക്കുന്നതുപോലെ അവർ നീതിമാനായ "സെഖര്യാവിനെ ദൈവാലയത്തിനും യാഗപീഠത്തിനും മദ്ധ്യേ വെച്ച് കൊന്നുകളഞ്ഞത്" (വാ. 51). ഇവിടെ പറയുന്ന സെഖര്യാവ് അല്ല പഴയനിയമത്തിലെ സെഖര്യാവിന്റെ പുസ്തകം എഴുതിയ പ്രവാചകൻ. മറിച്ച് 2 ദിനവൃത്താന്തം 24:20, 21 ൽ പറഞ്ഞിരിക്കുന്ന "കല്ലെറിഞ്ഞ" പ്രവാചകനായിരുന്നു. തടവിലാക്കപ്പെടുകയും പല പ്രാവശ്യം മരണത്തെ മുഖാമുഖമായി കാണേണ്ടി വന്ന പ്രവാചകനായിരുന്നു യിരെമ്യാവ്.

യെഹൂദന്മാർ ധഅവരെപ **ഓടിച്ചു** കളഞ്ഞു എന്നും പൗലൊസ് പറഞ്ഞു. കെജെവിയിൽ "നമ്മെ ഉപദ്രവിച്ചു" എന്നാണ്. ഇവിടെ അവൻ പറയുന്നത് തെസ്സലൊനിക്യയിൽ പൗലൊസിനേയും സംഘാംഗങ്ങളെയും ഓടിച്ചതിനെ കുറിച്ചാണ് (പ്രവൃ. 17:1–10). ദൈവപുത്രനെ അവർ കൈക്കൊള്ളാതിരുന്നതിനാൽ, **ദൈവത്തെ പ്രസാദിപ്പിക്കുന്നവരായിരുന്നില്ല** എന്നാണഅ അവൻ പറഞ്ഞത്; അങ്ങനെ അവർ ഫലത്തിൽ, പിതാവിനെയും തള്ളിക്കളയുകയായിരുന്നു (യോഹ. 5:22–24; എബ്രാ. 11:6). അവസാനം അവൻ പറയുന്നത്, **സകല മനുഷ്യർക്കും ശത്രുക്കളായി** തീർന്നു എന്നത്രെ. യെഹൂദന്മാർ "സകല മനുഷ്യരുടെയും ശത്രുക്കൾ" എന്ന് പൗലൊസ് പറഞ്ഞപ്പോൾ കുറ്റപ്പെടുത്തിയ യെഹൂദന്മാരിൽ തന്നെ ഉൾപ്പെടുത്തിയല്ല സംസാരിച്ചത്, മറിച്ച് യെഹൂദ വിശ്വാസികളായ മനുഷ്യർ ജാതികളോട് സുവിശേഷം അറിയിക്കുന്നനതിനെ വെറുത്തവരെ ഉദ്ദേശിച്ചാണ് ശത്രുക്കൾ എന്നു വിവക്ഷിച്ചത്.[20]

**വാക്യം 16.** ഈ വാക്യത്തിൽ പൗലൊസ് പ്രത്യേകമായി പറയുന്നത് ജാതികളോട് സുവിശേഷം പ്രസംഗിക്കുന്നതിനെ വെറുക്കുന്നവർ അവരുടെ ശത്രുക്കളാണ് എന്നന വിധത്തിലാണഅ അപ്പൊസ്തലൻ സംസാരിക്കുന്നത് (വാ. 15). **ജാതികൾ രക്ഷിക്കുപ്പെടുവാന്തക്കവണ്ണം അവരോട് സുവിശേഷം പ്രസംഗിക്കുന്നതിനെ തടയുന്നവരെ** കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നത്. പ്രവൃത്തികൾ 22:21, 22 ൽ ദൈവം തന്നെ അയച്ചത് ''ജാതികളുടെ അടുക്കലേക്കാണ്'' എന്നു പറയുന്നവരെ മാത്രമെ അവർക്ക് പൗലൊസിനെ കേട്ടുകൊണ്ടിരിക്കുവാൻ കഴിഞ്ഞുള്ളു, പിന്നെ അവർ ഉച്ചത്തിൽ നിലവിളിച്ചു "ഇങ്ങനെയുള്ളവനെ ഭൂമിയിൽനിന്നു നീക്കി കളക ..."

''ജാതികൾ'' എന്ന വാക്ക് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് ἔθνος (*എത്നോസ്*), അക്ഷരികമായി എല്ലാ യെഹൂദ ദേശം ഒഴിച്ച് മറ്റെല്ലാ "ദേശങ്ങളെയും'' ഉൾപ്പെടുത്തി പറയുന്നതാണ്, അല്ലെങ്കിൽ അവർ മനസിലാക്കിയ "അബ്രഹാമിക ഉടമ്പടിക്ക് പുറത്തുള്ള എല്ലാ ദേശക്കാരും ഉൾപ്പെടുന്നു."[21]

ജാതികളെ യെഹൂദന്മാർ രാജ്യത്തിന് പുറത്തുവാനുള്ള അവരുടെ താൽപര്യത്തെ പ്രതിപാദിക്കുന്ന വാക്യങ്ങൾ വളരെയുണ്ട്, അത് തങ്ങൾ മറ്റുള്ളവരേക്കാൾ ഉയർന്നവരാണെന്നുള്ള തോന്നൽ നിമിത്തമായിരിക്കാം.

അവർ എരിവ് ഉള്ളവരായിരുന്നു പ്രവൃത്തികൾ (പ്രവൃ. 13:42–45), ദൈവ ശ്രദ്ധ പിടിച്ചുപറ്റുവാൻ എന്തെല്ലാം ചെയ്യാമോ എന്നതായിരുന്നു അവരുടെ ആഗ്രഹം. അതുകൊണ്ട് പൗലൊസ് പറഞ്ഞു, "അവർ എപ്പോഴും തങ്ങളുടെ പാപങ്ങൾ പരമാവധി ആക്കുവാനായിരുന്നു ശ്രമിച്ചിരുന്നത്" (എൻഐവി) അല്ലെങ്കിൽ അവർ തങ്ങളുടെ പാപത്തിന്റെ അളവ് **എപ്പോഴും പൂരിപ്പിക്കുന്നവരായിരുന്നു**. ഒരു നിയമലംഘനത്തിന്മേൽ മറ്റൊന്ന് കൂട്ടിച്ചേർക്കുകയായിരുന്നു അവർ ചെയ്തിരുന്നത്. ദൈവത്തിന്റെ സഹിഷ്ണുതക്ക് ഒരു പരിധിയുണ്ട്, അതിനപ്പുറമായാൽ അവൻ ശിക്ഷിക്കാതിരിക്കുകയില്ല എന്നാണ് പൗലൊസ് മുന്നറിയിച്ചത്.

പൗലൊസ് പറഞ്ഞു, **ക്രോധം** ധദൈവത്തിന്റെ ക്രോധംപ പാരമ്യത്തിൽ തന്നെ **അവരിലേക്ക് വന്നു**. "ക്രോധം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് ὀργή (*ഓർഗേ*), വാസ്തവത്തിൽ, തന്റെ നിയമത്തോട് മറുതലിക്കുന്നവരോടുള്ള ദൈവത്തിന്റെ ശക്തമായ സമീപനത്തെയാണ് ഇത് വ്യക്തമാക്കകുന്നത്. അനുസരണക്കേട് പ്രവർത്തിക്കുന്നവരോടുള്ള ദൈവത്തിന്റെ ശിക്ഷയാണ് സൂചിപ്പിക്കുന്നത്. ശിക്ഷ നടപ്പിലാക്കി *കഴിഞ്ഞു* എന്ന വിധത്തിൽ പൗലൊസ് ഭൂതകാലമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതേ ഉദാഹരണം യെശയ്യാവ് 53:5 ൽ കാണാം, "അവൻ മുറിവ് *ഏറ്റു*" എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത് (എംഫസിസ് മൈൻ). അവർ വരുവാന ുള്ള "ദൈവത്തിന്റെ നീതിയുള്ള ന്യായവിധി നാളിനായി ദൈവക്രോധം" അവർ "ചരതിച്ചു വെക്കുകയായിരുന്നു" (റോമ. 2:5, 6). ഇത്തരം ശിക്ഷ മുൻപ് നടപ്പാക്കിയത് ഏ.ഡി. 70 ൽ യെഹൂദ ദേശത്തെ നശിപ്പിച്ചുകൊണ്ടായിരുന്നു (ടൈറ്റസ് ചക്രവർത്തിയുടെ കീഴിൽ), എന്നാൽ അവസാന ന്യായവിധി സമത്ത് അത് പൂർണ്ണമായ രീതിയിൽ നടപ്പാക്കുവാനിരിക്കുന്നു. "ടു ദ അട്മോസ്റ്റ്" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്ന വാക്ക് τέλος (*ടെലോസ്*), അർത്ഥമാക്കുന്നത്, ഒരുപക്ഷെ ''അവസാനം'' ദൈവക്രോധം വന്നെത്തിയിരിക്കുന്നു'' എന്നായിരിക്കാം.[22]

## അവരോടുള്ള പൗലൊസിന്റെ നിലനിൽക്കുന്ന താൽപര്യം (2:17-20)

**[17]സഹോദരന്മാരേ, ഞങ്ങൾ അൽപ നേരത്തേക്ക് ഹൃദയം കൊണ്ടല്ല, മുഖം കൊണ്ട് നിങ്ങളെ വിട്ടുപിരിഞ്ഞിട്ട് ബഹു കാംക്ഷയോടെ നിങ്ങളുടെ മുഖം കാൺമാൻ ഏറ്റവും അധികം ശ്രമിച്ചു. [18]അതുകൊണ്ട് നിങ്ങളുടെ അടുക്കൽ വരുവാൻ ഞങ്ങൾ, വിശേഷാൽ പൗലൊസ് ആയ ഞാൻ ഒന്നു രണ്ട് പ്രാവശ്യം വിചാരിച്ചു; എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു. [19]നമ്മുടെ കർത്താവായ യേശുവിന്റെ മുൻപാകെ, അവന്റെ പ്രത്യക്ഷതയിൽ, ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാ കിരീടമോ ആർ ആകുന്നു? [20]നിങ്ങളും അല്ലയോ? ഞങ്ങളുടെ മഹത്വവും സന്തോഷവും നിങ്ങൾ തന്നെ.**

**വാക്യം 17.** ഒരിക്കൽകൂടെ, **സഹോദരന്മാരേ**, എന്നു സംബോധന ചെയ്ത് കുടുംബബന്ധം പ്രകടമാക്കുകയാണ് പൗലൊസ്. തന്നെ **കുറച്ചു നേരത്തേക്ക്** അവരിൽ നിന്നും **എടുത്തു മാറ്റി** എന്നാണ് പൗലൊസ് പറഞ്ഞത് ("ടോൺ എവേ"; എൻഐവി), അവൻ അവരെ വിട്ടു പിരിയുവാൻ നിർബ്ബന്ധിതനായി എന്ന് സുചിപ്പിക്കുന്നു (പ്രവൃ. 17:1–10). Ἀπορφανίζω (*അപോർഫാന*

*ിസോ*), തർജിമ ചെയ്തിരിക്കുന്നത് "ടേക്കൺ എവേ," അക്ഷരികമായി, അർത്ഥമാക്കുന്നത് "നിങ്ങളിൽ നിന്ന് അനാഥമാക്കപ്പെട്ടു."[23] Καιρός ὥρα (*കായിറോസ് ഹോരാ*) അക്ഷരികമായ അർത്ഥം "ടൈം ഓഫ് ആൻ അവർ," എന്നാൽ "അൽപ നേരത്തേക്ക്" എന്നത് ശരിയായ തർജിമ ആണ്. അത് ഒരുപക്ഷെ ഏതാനും മാസത്തെ സൂചിപ്പിക്കുന്നതാകാം.

ഒരു പിതാവിൽനിന്നും നിർബ്ബന്ധിച്ച് മക്കളെ അകറ്റി നിർത്തിയ അവസ്ഥയിൽ എന്നപോലെ പൗലൊസ് വിലപിക്കുകയായിരുന്നു, എന്നാൽ **ആത്മാവിൽ** അവൻ വിദൂരസ്ഥനായിരുന്നില്ല. ആ അർത്ഥത്തിൽ, അവൻ സഹോദരന്മാരോടുകൂടെ ആയിരുന്നു. ''അൽപ നേരത്തേക്ക്'' മാത്രം അവൻ അവരിൽനിന്നും അകന്നിരുന്നുള്ളു എങ്കിലും, അവരെ കാണുവാൻ **അതിയായി വാഞ്ഛിച്ചിരുന്നു**. അതിന് തടസം നേരിട്ടത് ഒരുപക്ഷെ യെഹൂദന്മാർ അവന്റെ ജീവൻ എടുക്കുവാൻ ശ്രമിച്ചതിനാലാകാം (പ്രവൃ. 17:13–15). പൗലൊസിനും തെസ്സലൊനിക്യർക്കും മദ്ധ്യേ അതി ശക്തനായ ഒരു ക്രിസ്ത്യാനി ഉണായിരുന്നതായി വാക്യം 17 ഉം 3:10 ഉം സൂചിപ്പിക്കുന്നു.

**വാക്യം 18.** ഒന്നിലധികം പ്രാവശ്യം തെസ്സലൊനിക്യ സന്ദർശിക്കുവാൻ **പൗലൊസും** സംഘവും ആഗ്രഹിച്ചു, അവിടേക്ക് മടങ്ങി പോകാതിരിപ്പാൻ സാത്താൻ അവരെ തടഞ്ഞു, അനുസരിക്കാതിരുന്ന യെഹൂദന്മാരാൽ അവരുടെ ജീവനു ഭീഷണി നേരിട്ടതാണെന്ന് സ്പഷ്ടം. ഇതിനെ നമുക്ക് സാത്താൻ മറ്റുള്ളവരെ സ്വാധീനിക്കുന്നതിനെ വിവരിക്കുന്ന പ്രവൃത്തികൾ 5:3 ഉം 2 കൊരിന്ത്യർ 2:11 മായും താരതമ്യം ചെയ്യാം.

സാത്താൻ അവരെ ''ഒരിക്കലും, രണ്ടാമതും'' തടഞ്ഞു എന്നാണ് അക്ഷരികമായി ഗ്രീക്ക് പറയുന്നത്. ഗ്രീക്ക് ക്രിയ പറയുന്നത് സാത്താൻ ''തടസപ്പെടുത്തി'' എന്നാണ്. ἐνέκοψεν (*എനെകോപ്സെൻ*), കടന്നു പോകുവാൻ കഴിയാത്ത വിധത്തിൽ റോഡ് മുറിക്കുന്നതിനെ സൂചിപ്പിക്കുന്നു. അതുകൊണ്ട് പൗലൊസ് സാത്താൻ അവർക്ക് തെസ്സലൊനിക്യയിലേക്കുള്ള വഴി തടസപ്പെടുത്തിയതായി കുറ്റപ്പെടുത്തിയിരിക്കുന്നു. ആ തടസം "രോഗമോ അല്ലെങ്കിൽ കൊരിന്തിലെ യെഹൂദന്മാരുടെ എതിർപ്പോ അതുമല്ലെങ്കിൽ അതുപോലെയുള്ള എന്തെങ്കിലും ആകാം."[24]

**വാക്യങ്ങൾ 19, 20.** പൗലൊസ് തെസ്സലൊനിക്യരെ കാണുവാൻ ആകാംക്ഷാഭരിതനായിരുന്നതിന്റെ കാരണം **ഫോർ** എന്ന വാക്ക് വ്യക്തമാക്കുന്നു—കാരണം അവർ അവന്റെ **പ്രത്യാശയും സന്തോഷവും** ആകുന്നു. കർത്താവായ യേശുവിന്റെ സന്നിധിയിൽ അവന്റെ പ്രത്യക്ഷതയിൽ അവൻ വരുമ്പോൾ (മഹത്വകരമായ അവന്റെ രണ്ടാം വരവ്; 4:15; 5:1–3). അവർ അവന്റെ **പ്രശംസാ കിരീടവും** ആകുന്നു. καύχησις (*കാവുചെസിസ്*) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "പ്രശംസ" എന്ന വാക്ക് ലഭിച്ചിരിക്കുന്നത്. ഡേവിഡ് ജെ. വില്യംസ് എഴുതി,

> ആ വാക്ക് ചിലപ്പോൾ "ആത്മ പ്രശംസ" എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടു**ണ്** സിഎഫ്; ഉദാ., (റോമ. 3:27; 2 കൊ. 11:10, 17), എന്നാൽ ഈ സന്ദർഭത്തിലെ നല്ല തർജിമ "മഹത്വം" എന്നതാണ്. "പ്രസിഡന്റിന്റെ വേദിയിൽ മഹത്വകരമായ വിജയകിരീടം വാങ്ങി പ്രശംസ പിടിച്ചു പറ്റുന്ന ഒരു കായികാഭ്യാസിയോടാണ് പൗലൊസ് ഉപമിക്കുന്നത്."[25]

കൂടാതെ പൗലൊസ് പറഞ്ഞു, നിങ്ങൾ ഞങ്ങളുടെ "മഹത്വം" ആകുന്നു, അത് വന്നിരിക്കുന്ന ഗ്രീക്ക് വാക്ക് δόξα (*ഡോക്സാ*). "ഒരർത്ഥത്തിൽ ഒരാൾ അഭിമാനം കൊള്ളൽ; ഒ. വാ. 1 കൊ. 11:7; അവിടെ പറയുന്നത് സ്ത്രീയോ പുരുഷന്റെ (δόξα) തേജസ് ആകുന്നു" എന്നാണ്.[26]

തെസ്സലൊനിക്യർ വിശ്വസ്തമായി ജീവിച്ചതിനാൽ, പൗലൊസിന് (ക്രിസ്തുവിന്റെ രണ്ടാം വരവിൽ) "തേജസ" ലഭിക്കും. ഒരർത്ഥത്തിൽ അവരായിരുന്നു അവന്റെ "പ്രത്യാശ." തന്റെ ജീവിതത്തിലെ നല്ല ഫലമായിട്ടാണ് പൗലൊസ് അവരെ ചൂണ്ടി കാണിച്ചത്. തിർച്ചയായും, കൂടുതൽ അടിസ്ഥാനപരമായി പറഞ്ഞാൽ ക്രിസ്തു ആണ് നമ്മുടെ പ്രത്യാശ (1 തിമൊ. 1:1), എന്നാസ് നമ്മുടെ താലന്ത് ഉപയോഗിച്ചതിന്റെ തെളിവാണ് നമ്മുടെ പ്രയത്നഫലമായി ക്രിസ്തുവിലേക്ക് വരുന്നവരുടെ വിശ്വസ്തമായ ജീവിതം (മത്താ. 25:14–28). അവരെ ദൈവത്തോട് നിരപ്പിക്കുകയും സമൃദ്ധമായ ജീവൻ ലഭിക്കുവാൻ സഹായിക്കുകയുംചെയ്തു എന്നോർക്കുമ്പോൾ അവന്നു വലിയ സന്തോഷം അനുഭവിക്കുവാൻകഴിഞ്ഞു (3 യോഹ. 3, 4). ക്രിസ്തു മടങ്ങി വരുമ്പോൾ അവന്റെ മുൻപിൽ നിൽക്കുന്ന സമയത്ത് ലഭിക്കുന്ന സന്തോഷവുമായി ഈ ലോകത്തുള്ള ഒരു സന്തോഷത്തെയും താരതമ്യം ചെയ്യുവാൻ സാധ്യമല്ല. ആ സന്തോഷം നഷ്ടമാക്കാതിരിപ്പാൻ ക്രിസ്ത്യാനികൾ നോക്കണം. അവസാനമായി, അവർ ദീർഘക്ഷമയോടെ ജീവിച്ചത് അവന്റെ ശുശ്രൂഷയുടെ ഫളമായിട്ടായരുന്നതിനാൽ അവർ അവന്റെ "കിരീടം" എന്നു വിശേഷിപ്പിച്ചിരിക്കുന്നു, അവന്റെ "ശുശ്രൂഷാ കിരീടം" ആകുന്നത് ക്രിസ്തു മടങ്ങി വരുമ്പോഴാണ് (1 കൊ. 3:13–15; ഫിലി. 4:1; 2; 2 തിമൊ. 4:6–8 ഉം കൂടെ നോക്കുക).

## പ്രായോഗികത

അദ്ധ്യായം 2 ൽ, ഒരു വിശ്വസ്ത ഉപദേഷ്ടാവായി പൗലൊസ് തന്നെത്തന്നെ പ്രതിരോധിക്കുന്നതിലേക്ക് തിരിയുന്നു. അവൻ തെസ്സലൊനിക്യയിൽ നിന്നു പെട്ടെന്ന് മടങ്ങി പോയി എന്നകാരണത്താൽ ആളുകൾ വിമർശിച്ചതാകാം. ഒരുപക്ഷെ തെസ്സലൊനിക്യരെ ഉപദ്രവിച്ച യെഹൂദന്മാർ, പൗലൊസ് ഭീരുവും സത്യസന്ധതയില്ലാത്തവനുമാകയാൽ ഇനി മടങ്ങി വരാൻ പോകുന്നില്ല എന്ന് ആരോപിച്ചിരിക്കാം.

എങ്ങനെയായാലും, തെസ്സലൊനിക്യർക്ക് എഴുതിയ രണ്ടുലേഖനങ്ങളിലും അവൻ അത്തരം വിമർശനം നേരിട്ടതായി സൂചനയില്ല. തൊട്ടു താഴെയുള്ള വേദഭാഗം നോക്കിയാൽ, ഇവിടെ വിവരിച്ച രീതിയിലുള്ള പ്രതിരോധമല്ലായിരിക്കാം നടത്തുന്നത്, കാരണം വഞ്ചനയും ദുരുപദേശവും നടത്തിയിരുന്നവരുമായി നോക്കുമ്പോൾ പൗലൊസിനെ ആരോപിക്കുവാൻ ഒരു കാരണവുമില്ലായിരുന്നു.

തെസ്സലൊനിക്യർ തന്നെ സ്ഥിരീകരിക്കുന്നതാണ് പൗലൊസ് പറഞ്ഞത്. അവർ അവന്റെ സാക്ഷികളാണ്. അവൻ അവർക്കിടയിൽ എങ്ങനെ ജീവിച്ചു എന്ന് അവർക്ക് അറിയാമായിരുന്നു.

യഥാർത്ഥ പ്രസംഗത്തിന്റെ ഒരു ഉൾക്കാഴ്ച്ചാ ചിത്രമാണ് അപ്പൊസ്തലൻ ചർച്ച ചൊയ്തുകൊണ്ടിരുന്നത്. തിരവെഴുത്തിലെ ഈ വേദഭാഗം ഇടക്കിടക്ക് ഓരോ സുവിശേഷ പ്രാസംഗികനും ശ്രദ്ധയോടെ മനസിരുത്തി വായിക്കണം.

**ഒരു ഉപദേഷ്ടാവ് വന്നു (2:1, 2)**

ഈ അദ്ധ്യായത്തിലെ ആദ്യത്തെ രണ് വാക്യങ്ങൾ നമ്മെ പ്രവൃത്തികൾ 16 ലേക്കും 17 ലേക്കും തിരിച്ച് കൊണ്ടുപോകുന്നു. അദ്ധ്യായം 16 ൽ ഫലിപ്പിയയിൽ സഭ ആരംഭിക്കുന്നതായും, അദ്ധ്യായം 17 ൽ ഫലിപ്പിയയിൽ നിന്നും അറുപതു മൈൽ അകലെയുള്ള തെസ്സലൊനികൃയിൽ സഭ ആരംഭിക്കുന്നതായും നാം കാണുന്നു.

ഫിലിപ്പിയയിൽ വെച്ച് പൗലൊസിന് നേരിട്ട കഷ്ടം അവനെ തെസ്സലൊനിക്യയിലേക്ക് പോകാതിരിക്കുവാനോ അവിടെ സുവിശേഷം അറിയിക്കാതിരിക്കുവാനോ അവനെ പിൻതിരിപ്പിച്ചില്ല. മറ്റുള്ളവരോടുള്ള തന്റെ പ്രവൃത്തിയിലും ലക്ഷ്യത്തിലും, സത്യദൈവത്തെ പ്രസാദിപ്പിക്കുന്നതും ആത്മാർത്ഥവുമായിരുന്നു അവന്റെ സുവിശേഷം പ്രസംഗം.

താൻ അടിക്കപ്പെടുകയും, തടവിലാക്കപ്പെടുകയും, തരംതാഴ്ത്തപ്പെടുകയും ചെയ്തതായി അവൻ തെസ്സലൊനിക്യരെ ഓർപ്പിച്ചു; പക്ഷെ, ആ പ്രയാസങ്ങളോന്നും അവനെ തെസ്സലൊനിക്യയിലേക്ക് പോകുന്നതിനെ തടസപ്പെടുത്തിയില്ല. അവർ കേട്ടതും അനുസരിച്ചതുമായ സുവിശേഷം പൗലൊസ് അവിടെ എത്തിച്ചതായിരുന്നു.

ഒരു ഉപദേഷ്ടാവിന് പ്രത്യേക പ്രയാസം നേരിടേണ്ടത് ആവശ്യമായിരുന്നു എന്ന ഊന്നലാണ് ആ രണ്ട് വാക്യങ്ങളിൽനിന്നു നമുക്ക് മനസില 3 കുന്നത്. കഠിനമായ സാഹചര്യങ്ങളിൽ ആരാണ് സുവിശേഷം അറിയിക്കുന്നത്?

*താൽപര്യമുള്ള ഒരു പുരുഷൻ.* സുവിശേഷം മറ്റുള്ളവരോട് പ്ര സംഗിക്കേണ്ട ആവശ്യകത അവനിൽ ആഴമായി പതിഞ്ഞിരിക്കും. ക്രിസ്തു ലോകത്തിലേക്കു വന്നു എന്നു പ്രഖ്യാപിക്കുവാൻ ഓരോ സ്ഥലത്തുനിന്നു മറ്റു സ്ഥലങ്ങളിലേക്ക് പോയത് എന്തുകൊണ്ട്? ഉത്തരം ഒന്നു മാത്രം. ക്രിസ്ത ുവിന്റെ സന്ദേശം പ്രസംഗിക്കേണ്ട ഉദ്ദേശത്തെ അവൻ തിരിച്ചറിഞ്ഞിരുന്നു.

*തത്വമുള്ള ഒരു പുരുഷൻ.* ആളുകൾക്ക് സുവിശേഷം അത്ര ആവശ ്യമാണെന്ന ബോധ്യമുള്ളതിനാൽ, അത് അറിയിക്കുന്നതിന് കഷ്ടത സഹിക്കേണ്ടി വന്നാലും, ആളുകളെ കേൾപ്പിച്ചിരുന്നു. വീണ്ടും, ഒരിക്കലും പ്ര സംഗിക്കാതിരിക്കത്തക്കവണ്ണം പൊലൊസ് ഫിലിപ്പിയയിൽ വെച്ച് ലജ്ജിതന ായിരുന്നു. എങ്ങനെയായാലും, അവൻ അതേ രീതിയിലുള്ള പെരുമാറ്റം അവി ടെയും പ്രതീക്ഷിച്ചുകൊണ്ടാണ് ഫിലിപ്പിയ വിട്ട് തെസ്സലൊനിക്യയിലേക്ക് പോയത്. "സുഖകരമായ യാത്ര ദൈവം ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല, മറിച്ച്, സന്തുഷ്ടമായ പര്യവസാനമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്" എന്ന പഴയ ഒരു ചൊല്ല് ഉണ്ട്. പ്രസംഗം ചിലപ്പോൾ വ്യക്തിപരമായ കഷ്ടത കൊണ്ടുവരും, പക്ഷെ അവൻ അത് വിലയുള്ള യോഗ്യതയായി കണക്കാക്കി.

*തുടരുന്ന ഒരു പുരുഷൻ.* സഹിഷ്ണുത ആവശ്യമാണ്. ഉറച്ച തീരുമാനം ഉള്ള വ്യക്തിയായിരുന്നു പൗലൊസ്. അതിനെ തകർക്കുവാൻ, ഉപദ്രവം, അടി, തരം താഴ്ത്തൽ, തടവ് എന്നിവക്ക് ഒന്നും കഴിഞ്ഞില്ല.

ദൈവം പൗലൊസിന് വിജയം നൽകിയതിൽ അതിശയിക്കുവാനില്ല! സ്വർഗീയ കാഴ്ച്ചപ്പാട് അനുസരിച്ച് ഒരു ഉപദേഷ്ടാവ്, എന്നു പറയുന്ന വ്യക്തി വിദ്യാഭ്യാസമോ, നന്നായി പ്രസംഗിക്കുവാനുള്ള പാടവമോ, സഭാകമ്പമില്ലാതെ പരസ്യപ്രസംഗം നടത്തുവാനുള്ള കഴിവോ, വചന പരിജ്ഞാനമോ ഉള്ളതിനേക്കാൾ അധികമാണ്, അത്തരം കാര്യങ്ങൾ ആവശ്യമില്ല എന്നല്ല, മറിച്ച് വേദന സഹിക്കുവാൻ പ്രാപ്തനായിരിക്കണം. ഈസി

**ദാസ്യ ഉപദേഷ്ടാക്കന്മാർ (2:1-12)**

പൗലൊസിന്റേയും, ശിലാസിന്റേയും, തിമൊഥെയൊസിന്റേയും സന്ദർശനത്തെ കുറിച്ചാണ് ഈ ലേഖനത്തിലെ അദ്ധ്യായം 2 ൽ ആദ്യപകുതി പറയുന്നത്. തങ്ങൾ ഒരുമിച്ചായിരുന്നപ്പോൾ വളർന്നു വന്ന അവർക്കിടയിലെ ബന്ധം പൗലൊസ് തെസ്സലൊനിക്യരെ ഓർപ്പിക്കുകയായിരുന്നു. ഉപദേഷ്ടാക്കന്മാരുടെ സ്വഭാവം ആദ്യം നിഷേധരൂപത്തിലും പിന്നെ ക്രിയാത്മക രൂപത്തിലും വ്യക്തമാക്കിയിരിക്കുന്നത് യുവ ക്രിസ്ത്യാനികൾക്ക് സുവിശേഷ പ്രഖ്യാപനത്തിന് മാതൃക കാണിച്ചുകൊടുക്കുന്നതിനായിരുന്നു.

2:1–12 വരെ, പൗലൊസ് സ്വയം പ്രശംസിക്കുന്നതായി തോന്നിയേക്കാം; എന്നാൽ അടുത്ത പരിശോധന നടത്തിയാൽ, ബന്ധങ്ങൾ, മനോഭാവങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ വെളിപ്പെട്ടുവരും. എന്തുകൊണ്ട്? കാരണം, ആ യുവക്രിസ്ത്യാനികൾക്ക് അവൻ വളർച്ചക്ക് ആവശ്യമായ പ്രോൽസാഹനവും പ്രചോദനവും നൽകുന്നതായി മനസിലാകും. ആ വാക്യങ്ങൾ നമ്മുടെ ബന്ധങ്ങളെയും, മനോഭാവങ്ങളെയും, ലക്ഷ്യങ്ങളെയും വളർത്തുവാനും സഹായിക്കും.

*ദൈവത്തെ സേവിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം (2:1–3).* മറ്റുള്ളവരുമായുള്ള ബന്ധം ഫലപ്രദമാക്കുന്നത് എന്താണ്? ആ ഉപദേഷ്ടാക്കന്മാർ തെസ്സലൊനിക്യയിൽ വന്നത് പ്രയാസമുള്ള പ്രതിസന്ധി ഘട്ടങ്ങളിലായിരുന്നു; പക്ഷെ അവിടേക്കുള്ള അവരുടെ വരവ് വലിയ അനുഗ്രഹമായി എന്നു തെളിയിക്കപ്പെട്ടു. അവരുടെ വരവ് ''വൃഥാവാകുകയോ,'' അല്ലെങ്കിൽ "നിഷ്പ്രയോജനമാകുകയോ" ചെയ്തില്ല. എല്ലാവരോടും വലിയ അവസരം സൂചിപ്പിക്കുന്ന ഉത്തേജനമാണ് വാക്യം 1നൽകുന്നത്, "അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക" (ഗലാ. 6:10). കഴുയുന്നേടത്തോളം പുഞ്ചിരിയോടും, നന്ദിയോടും കൂടിയ സംസാരവും, സഹായകരവുമായി നിലനിൽക്കുന്ന പകർപ്പ് ആയിത്തീരുവാൻ നമുക്ക് കഴിയും. നമ്മുടെ എത്തിച്ചേരൽ ഒരിക്കലും "വ്യർത്ഥമോ" അല്ലെങ്കിൽ "നിഷ്പ്രയോജനമോ" ആകുകയില്ല. സാഹചര്യം ഏതു തന്നെ ആയാലും, നമ്മുടെ ലക്ഷ്യം നാം മനസിലാക്കിയാൽ–ദൈവത്തെ സേവിക്കുക എന്നതു ചെയ്തുകൊണ്ടിരിക്കും.

മിക്ക അവസരങ്ങളും നാം എന്തുകൊണ്ട് ഉപയോഗിച്ചില്ല എന്നതിന് നമുക്ക് കാരണങ്ങൾ പലതും നിരത്തുവാൻ കഴിയും. പരാജയ ഭീതിയും എതിർപ്പ് ഭയവും നമ്മെ ഒന്നും ചെയ്യാതിരിപ്പാൻ പ്രേരിപ്പിക്കും. വാക്യം 1 ന്റെ സാഹചര്യം വാക്യം 2 ൽ വിവരിക്കുന്നു. ഉപദേഷ്ടാക്കന്മാർ ഫലിപ്പിയയിൽ വെച്ച് "കഷ്ടത" ഏൽക്കുകയും, "മോശമായ പെരുമാറ്റത്തിന്" വിധേയരാകുകയും ചെയ്തു. ആ മോശമായ പെരുമാറ്റത്തിൽ, ഉപരോധവും, അധികാരികളുടെ അടുക്കലേക്ക് വലിച്ചിഴക്കലും, അടിപ്പിക്കലും, ബന്ധിച്ച്, തടവിലാക്കലും ഉൾപ്പെടുന്നതായി പ്രവൃത്തികൾ 16:19–23 വിവരിക്കുന്നു.

ഇന്ന് മുകളിൽ പറഞ്ഞ ഏതെങ്കിലും ഒരു മോശമായ അനുഭവം നമുക്ക് ഉണ്ടായാൽ, നമുക്ക് ധാരാളം അനുകമ്പയും, നഷ്ടപരിഹാരവും ചുരുങ്ങിയത് ഏതാനും അഴ്ച്ചത്തേക്ക് പൂർണ്ണവിശ്രമവും അനുവദിച്ചേക്കാം. അത്തരം സാഹചര്യങ്ങളിൽ ആളുകൾ തങ്ങളുടെ പ്രവർത്തനം തന്നെ ഉപേക്ഷിക്കുന്നത് നമുക്ക് മനസിലാക്കുവാൻ കഴിഞ്ഞേക്കാം.

ആ ഉപദേഷ്ടാക്കന്മാർ, ഫലിപ്പിയയിൽനിന്ന് അംഫിപ്പൊലിസും

അപ്പലോന്യയും വഴിയായി തെസ്സലൊനിക്യയിലേക്ക് പോയി പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി (പ്രവൃ. 17:1-3). തൽഫലമായി എതിർപ്പുകൾ വർദ്ധിച്ചു-''അധികം എതിർപ്പുകൾ''-പക്ഷെ അവർ പ്രസംഗിച്ചുകൊണ്ടേയിരുന്നു! ഏതാനും തടസങ്ങളെ നേരിടുക എന്നതിലുപരിയായിരുന്നു അവരുടെ പ്രശ്നങ്ങൾ. "മിസ്ട്രീറ്റഡ്," "മച്ച് ഓപ്പോസിഷൻ" എന്നീ വാക്കുകൾ തർജിമ ചെയ്തിരിക്കുന്നത് അർത്ഥമാക്കുന്നത്, ദുരുപയോഗം, സമ്മർദ്ദം, പോരാട്ടം, എതിർപ്പ് എന്നിങ്ങനെയാണ്. ആ തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളെ ഉപദ്രവിച്ചവരിൽ ചിലർ, അവരെ നശിപ്പിക്കുക എന്ന ലക്ഷ്യം വെച്ച് അറുപതു മൈൽ ദൂരെയുള്ള ബെരോവയിലും ആളുകളെ ഇളക്കി വിടുവാൻ ശ്രമിച്ചു പിന്തുടർന്നു (പ്രവൃ. 17:3 നോക്കുക).

പ്രയാസമേറുന്ന സാഹചര്യങ്ങളിൽ നാം നിരാശരായേക്കാം. ഉപേക്ഷിച്ചുകളയാം എന്നു പോലും തീരുമാനിക്കുവാനിടയാകും. അത്തരം സന്ദർഭങ്ങളിൽ കൂടുതൽ അവസരങ്ങളും നല്ല മാതൃകകളും തുല്യ കഷ്ടതയിലായിരിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്നത് കാണിച്ചു തരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

ശരിയായ ലക്ഷ്യത്തോടെ തെറ്റു ചെയ്യുവാൻ സാധ്യതയുണ്ട്, പക്ഷെ ദൈവം മുഴുവൻ രംഗവും വീക്ഷിക്കുന്നു. നമ്മുടെ ഹൃദയത്തിൽ തെറ്റുണ്ടെങ്കിൽ, പ്രവൃത്തികൾ കാപട്യമുള്ളതായിരിക്കും. നമ്മുടെ ലക്ഷ്യം നാം പരിശോധിച്ച്, നമ്മുടെ നല്ല ഉദ്ദേശങ്ങളെ ആളുകളോട് തുറന്നു പറയുന്നത് നല്ലതാണ്. ആ ഉപദേഷ്ടാക്കന്മാരുടെ ഉദ്ദേശം ആത്മാർത്ഥതയും തുറന്നതുമായിരുന്നു എന്ന് അവർ തുറന്നു പറഞ്ഞിരുന്നു (2:3). ഒരു ഉപദേശ ജീവിതത്തിൽ, "അശുദ്ധി," വഞ്ചന, "തെറ്റ്" എന്നിവയുടെ ഫലം നാശമാണെന്ന് അവർ തിരിച്ചറിഞ്ഞതിനാൽ, ആ വിലയിരുത്തൽ അവർക്കക് ബഹുമതിയുളവാക്കി. കൂടാതെ ദൈവഭക്തിയോടെ ജീവിക്കുന്നതിന്റെ ഗുണ ഫലത്തെയും അവർ പരിശോധിച്ച് തിരിച്ചറിഞ്ഞിരുന്നു.

ദൈവം നമ്മുടെ പ്രവൃത്തികളെ കണക്കിലെടുക്കുന്നവനാണ്, എന്നാൽ ആദ്യം നമ്മുടെ ഹൃദയത്തെയാണ് പരിശോധിക്കുന്നത്-അതിന്റെ ലക്ഷ്യവും, മനോഭാവവും, ഉദ്ദദേശവുമാണ്. ആരംഭ സഭയിൽ ചില ആളുകളിൽ സുവിശേഷ പ്രസംഗങ്ങളിൽ "തെറ്റായ ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു (ഫിലി. 1:15-17). സന്ദേശം ശ്രവിച്ചവരിൽനിന്ന് പണമോ മഹത്വമോ സ്വീകരിക്കുക എന്നതല്ല തന്റെ ഉദ്ദേശമെന്ന് പൗലൊസ് ആത്മാർത്ഥമായി തുറന്നു പറയുന്നു (2:6, 9).

നമ്മുടെ ലക്ഷ്യത്തെ കുറിച്ചു മറ്റുള്ളവർക്ക് അറിയുകയില്ല, പക്ഷെ ദൈവത്തിന് അറിയാം. ആകയാൽ, നമ്മുടെ ക്രിസ്തീയ പരിശോധനയിൽ പ്രധാനപ്പെട്ടതാണ്, നമ്മുടെ ലക്ഷ്യങ്ങളെ പരിശോധിക്കുക എന്നത്. മറ്റുള്ളവർ നമ്മെ എളുപ്പത്തിലും, പരുഷമായും വിധിച്ചേക്കാം, എന്നാൽ ദൈവം കൃത്യവും നീതിയുമായ വിധിയാണ് നടത്തുക.

നമ്മുടെ ജീവിത വഴികളെ കാര്യകാരണ സഹിതം ദൈവം എങ്ങനെ വിലയിരുത്തുന്നു? മാനുഷിക ഇടപെടൽ നിമിത്തം നമ്മുടെ ഉദ്ദേശത്തതെ ദൈവം വിലയിരുത്തുന്നതു മനസിലാക്കുവാൻ നമുക്ക് പ്രയാസമാണ്. ആരും നമ്മെ വിമർശിക്കുന്നില്ല എങ്കിൽ, നമ്മൾ ചെയ്യയുന്നതെല്ലാം ശരിയാണെന്ന് നാം കരുതും. പലരും നമ്മെ വിമർശിക്കുകയാണെങ്കിൽ നാം തളർന്നു പോകും. ചില ആളുകൾക്ക് വിമർശനം പരാജയത്തിന് തുല്യമാണ്. ദൈവം

നമ്മെ അറിയുന്നതിനാൽ, നമ്മുടെ ഉദ്ദേശങ്ങളെയും അവൻ അറിയുന്നു എന്ന് നാം ഓർക്കണം.

*ക്രിസ്ത്യാനികളെ കുറിച്ച് കരുതുക എന്നതാണ് നമ്മുടെ പങ്ക് (2:4–11).* തെസ്സലൊനിക്യയിലേക്ക് വന്ന ഉപദേഷ്ടാക്കുന്മാരുടെ സ്വഭാവത്തിന് സാക്ഷികളായിരുന്നു ദൈവവും തെസ്സലൊനിക്യ സഭയും. സുവിശേഷം അവരിൽ ഭരമേൽപ്പിച്ചതിനാൽ, അവരെ കുറിച്ചുള്ള ദൈവത്തിന്റെ അംഗീകാരം അവൻ വെളിപ്പെടുത്തിയിരുന്നു (2:4). ആ ഉപദേഷ്ടാക്കന്മാർ തെസ്സലൊനിക്യയിൽ വന്നതു മുതൽ അവർ ഏതു തരം പുരുഷന്മാരാണെന്ന് തെസ്സലൊനിക്യയിലുള്ളവർ വിവേചിക്കുകയായിരുന്നു. സഭാദ്ധ്യക്ഷനെ കുറിച്ച് അല്ലെങ്കിൽ കരുതലുള്ള ഒരു ഉപദേഷ്ടാവിനെ കുറിച്ച് ഈ വാക്യങ്ങൾ എന്താണ് പറയുന്നത്?

ഒന്നാമതായി, കരുതലിൽ വൃഥാ പുകഴ്ത്തൽ ഉൾപ്പെടുന്നില്ല (വാ. 5, 6). പൗലൊസും, ശിലാസും, തിമൊഥെയൊസും മനുഷ്യരിൽനിന്നു മാനം പ്രതീക്ഷിക്കുകയോ, കേൾവിക്കകാരിൽനിന്ന് ദ്രവ്യം കാംക്ഷിക്കുകയോ ചെയ്തിരുന്നില്ല. പ്രസംഗം അവതരിപ്പിക്കുമ്പോൾ, അത് കേൾക്കുന്ന മനുഷ്യരെ പ്രസാദിപ്പിക്കുക എന്നതായിരുന്നില്ല പൗലൊസിന്റെ ലക്ഷ്യം. സത്യം അവതരിപ്പിക്കുമ്പോഴും, വ്യാജം അവതരിപ്പിക്കുമ്പോഴും വലിയ വാക്ചാതുര്യവും, സാഹിത്യ വാക്കുകളും ഉപയോഗിക്കുന്നു. ലളിതമായ അവതരണവും കൽപ്പില്ലാത്ത സത്യവുമാണ് തീർച്ചയായും പൗലൊസ് അവലംബിച്ച മാർഗം എന്നതു സ്പഷ്ടം.

സുവിശേഷ സന്ദേശം കേൾക്കുന്നതിന് വ്യാജമായ പുകഴ്ത്തലോ പ്രാസംഗികരെ കുറിച്ച് തെറ്റായ വിവരണങ്ങളോ കേൾവിക്കാർക്ക് നൽകാതെയാണ് പൗലൊസും സഹപ്രവർത്തകരും ദൈവിക സന്ദേശം തെസ്സലൊനിക്യരെ അറിയിച്ചത്. “എന്തൊരു മഹാ പ്രാസംഗികൻ!” എന്നോ അല്ലെങ്കിൽ “എത്ര വലിയ അവതാരകൻ” എന്നോ പറയിപ്പിക്കാതെ, കേൾവിക്കാർ പ്രസംഗത്തോട് പ്രതികരിക്കുവാൻ അനുവദിക്കണം, ആളുകൾ പറയേണ്ടത് “ദൈവത്തിൽ നിന്നുള്ള എത്ര വലിയ സന്ദേശം!” എന്നായിരിക്കണം. ആളുകൾ യേശുക്രിസ്തുവിൽ സംപ്രീതരാകണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നമ്മോട് പ്രതികരിക്കുവാനല്ല, മറിച്ച് രക്ഷകനായ യേശുവിനോട് പ്രതികരിക്കുവാനാണ് നാം ജനത്തോട് പറയേണ്ടത്!

രണ്ടാമത്, കരുതലിൽ സൗമ്യതയും ഉൾപ്പെടുന്നു (വാ. 7, 8). മറ്റുള്ളവരുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ, ക്രിസ്ത്യാനികൾ എന്തായിരിക്കണം? തെസ്സലൊനിയർക്ക് ഒരു ശിശുവിന്റെ അമ്മയെ പോലെആയിരുന്നു പൗലൊസും, ശിലാസും, തിമൊഥെയൊസും. അത് പഠിക്കുവാൻ എന്തൊരു വലിയ പാഠം! ഒരു ശിശുവിന് എപ്പോഴും നൽകുന്ന ശ്രദ്ധയും, കരുതലും നൽകുന്നതിനെ കുറിച്ച് ചിന്തിക്കുക. സ്വയം നടക്കുവാനോ, സംസാരിക്കുവാനോ കഴിയാത്ത നിസഹായമായ അവസ്ഥയിലുള്ള ഒരു ശിശുവിനെ പോറ്റുന്ന ഒരു അമ്മയെ അല്ലെങ്കിൽ ഒരു നഴ്സിനെ മനസിൽ കൊണ്ടുവരിക. ശിശുവിന്റെ മൃദുലമായ ശരീരത്തിന് ഹാനി വരാതിരിക്കുന്നതിന്, അമ്മ ദയയോടും സൗമ്യതയോടും കൂടെ ശിശുവിനെ നോക്കുന്നു. ദൈവം-നൽകിയ ജീവനാണ് അവളുടെ കൈകളിൽ! അത് ഒരു ഉപദേഷ്ടാവിനെ പോലെ ആണെന്ന് തോന്നുന്നുവോ?

നാം സുവിശേഷക പരിശീലനം നൽകുന്ന സമയത്ത്, ഉപദേഷ്ടാക്കന്മാർ “പാമ്പിനെ പോലെ ബുദ്ധിയുള്ളവരും പ്രാവിനെ പോലെ കളങ്കില്ലാത്തവരും”

ആകുവാനല്ലേ പഠിപ്പിക്കുന്നത് (മത്താ. 10:16)? ഒരു ഉപദേഷ്ടാവ‌ുമായി ബന്ധപ്പെട്ട് ഒരു ബൈബിൾ പരിശീലന കേന്ദ്രത്തിൽ ഞാൻ പ്രവർത്തിച്ചപ്പോൾ, ഉപദേഷ്ടാക്കുന്മാർക്ക് ആവശ്യമായ പ്രത്യേക യോഗ്യയായി "സൗമ്യത," പഠിപ്പിച്ചിരുന്നു (2 തിമൊ. 2:25). അതുവരെ ഞാൻ അതിനെ കുറിച്ച് ഗൗരവമായി ചിന്തിച്ചിരുന്നില്ല; എന്നാൽ മൂപ്പന്മാരെയും, ഉപദേഷ്ടാക്കന്മാരേയും, സുവിശേഷകന്മാരെയും, ശുശ്രൂഷകന്മാരെയും പരിശീലിപ്പിക്കുമ്പോൾ അവരുടെ ലക്ഷ്യങ്ങളിൽ ഒന്ന് അതാണ് എന്ന് മനസിലാക്കണം. അധികാരസ്ഥാനത്ത് എത്തുന്നവർ അധികാരം ഉപയോഗിച്ച് കീഴ്പ്പെടുത്തുവാൻ പരീക്ഷിക്കപ്പെടുമ്പോൾ കർത്താവ് പ്രവർത്തനത്തെ കുറിച്ച് പറഞ്ഞത് ഓർക്കുക, "ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തിക്കളകയില്ല ..." (മത്താ. 12:20).

പുതിയതായി ജനിച്ച "ശിശുക്കൾക്ക്," "അമ്മയപ്പന്മാർ" ഏതുപോലെയാണോ അതുപോലെയായിരുന്നു തെസ്സലൊനിക്യയിലെ യുവ ക്രിസ്തീയ കുടുംബങ്ങൾക്ക് പൗലൊസും സംഘവും. അതിനെ വിവരിച്ചിരിക്കുന്നത് "ഫോണ്ട് ... അഫെക്ഷൻ" എന്നാണ് കാരണം അവർ ആ ഉപദേഷ്ടാക്കന്മാർക്ക് "വളരെ പ്രിയരായിരുന്നു" (2:8).

പുതിയ ക്രിസ്ത്യാനികൾക്ക് ഒരു കുടുംബ സൗഹൃദമായ അന്തരീക്ഷം ഒരുക്കി കൊടുക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അവൻ അവരെ കുടുംബത്തിലെ സഹോദര ബന്ധത്തിലാക്കുവാൻ ആഗ്രഹിച്ചു. അവർ വിഗ്രഹങ്ങളെ വിട്ട്ജീവനുള്ള സത്യ ദൈവത്തിലേക്ക് തിരിഞ്ഞപ്പോൾ, അവരുടെ ഭൗമിക കുടുംബങ്ങളിൽ നിന്നും, സമൂഹത്തിലെ മറ്റംഗങ്ങളിൽ നിന്നും അവർ നേരിട്ട ഏകാന്തതയും ഉപദ്രവവും നേരിടുവാൻ ആ അനുഭവം അവർക്ക് സഹായകരമായിരുന്നു. ദൈവ ഭവനത്തിൽ അവർക്ക് സന്തോഷവും സുരക്ഷിതത്വവും അനുഭവപ്പെട്ടു.

മൂന്നാമതായി, കരുതലിൽ പ്രവർത്തനവും ഉൾപ്പെടുന്നു (വാ. 9–11). മറ്റാരെയും പോലെ, ഉപദേഷ്ടാക്കന്മാർക്കും സുവിശേഷകന്മാർക്കും അലസരായിരിപ്പാൻ കഴിയും. ഒരു വിദേശ പട്ടണത്തിൽ സുവിശേഷ പ്രസംഗം നടത്തുവാൻ പോകുന്നവർക്ക് കഠിനാദ്ധ്വാനം ആവശ്യമെന്ന് വാക്യം 9 പറയുന്നു-അവർ അപ്രകാരം ചെയ്യുകയും ചെയ്തു! അതായിരുന്നു പ്രത്യേകിച്ച് ഇവിടെ സംഭവിച്ചത്. വാസ്തവത്തിൽ ഉപജീവനത്തിന് ജോലി ചെയ്ത് സുവിശേഷ പ്രവർത്തനം നടത്തിയവർ വാസ്തവത്തിൽ രണ്ട് ജോലിയാണ് ചെയ്തത്.

സുവിശേഷ പ്രവർത്തനം നടത്തുന്നവർക്ക് സാമ്പത്തിക ആവശ്യങ്ങൾ ഉള്ളത് ദൈവം അംഗീകരിച്ചിരുന്നതായി പൗലൊസ് മനസിലാക്കിയിരുന്നു (1 കൊ. 9:6, 7; ഫിലി. 4:15–17). അതേ സമയത്ത്, തന്നെ സാമ്പത്തികമായി പിന്തുണക്കണമെന്ന് ഉപദ്ഷ്ടാവ് ഇടവകയോട് ആവശ്യപ്പെടുകയുമില്ല. പിന്തുണക്കുന്ന തെസ്സലൊനിക്യ ഇടവകയെ ഒരിക്കലും അവർ ഭാരപ്പെടുത്തുവാൻ ആഗ്രഹിച്ചിരുന്നില്ല, കാരണം അവർക്ക് മറ്റു ഭാരങ്ങളുണ്ടായിരുന്നു. ആ സുവിശേഷ പ്രവർത്തകർ അങ്ങനെയായിരുന്നു തങ്ങളെ തന്നെ ചെലവിട്ട് ക്രിസ്തീയ സഹോദരങ്ങളെ അവരുടെ ഗുണത്തിനായി പ്രോൽസാഹിപ്പിച്ചത്.

തീർച്ചയായും, ക്രിസ്ത്യാനകൾ തങ്ങളുടെ ഉപദേഷ്ടാവിനെ സാമ്പത്തിക സഹായത്തിന് തയ്യാറാകണം. അതുപോലെ ഉപദേഷ്ടാക്കന്മാർ കഠിന

ാദ്ധ്വാനത്തിന് ശീലിക്കയും, സുവിശേഷപ്രവർത്തനത്തിന് വേണ്ടി വന്നാൽ സ്വയം സാമ്പത്തിക പിന്തുണ കണ്ടെത്തുവാൻ ശ്രമിക്കയും ചെയ്യണം. ഒരു ജോലിക്കും അലസത എന്ന മനോഭാവം ശീലിക്കേണ്ട ആവശ്യമില്ല.

പല ജോലികൾക്കും, പരിശീലനവും, താലന്തുകളും, കഴിവുകളും ആവശ്യമാണ്. ഒരു ജോലിക്ക് എത്രമാത്രം ആത്മാർത്ഥതയും ഉൽസാഹവും യോഗ്യതകളായി ആവശ്യമാണെന്ന് പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ട്? കൂടുതൽ ഫലപ്രദമാകുവാൻ ഏതു ദൈവികജോലിക്കും ആ യോഗ്യതകൾ കൂടിയേ തീരു. ചില ഇടവകകൾ വിദ്യാഭ്യാസത്തിനും, പ്രസംഗപാടവത്തിനും, ബിസിനസ് വിജയത്തിനും ഊന്നൽ കൊടുക്കുകയും 2:10 ലെ ബൈബിൾ മാതൃകയെ ഒഴിവാക്കുകയും ചെയ്യും: "... നിങ്ങളുടെ ഇടയിൽ *ഞങ്ങൾ എത്ര പവിത്രമായും, നീതിയായും അനിന്ദ്യമായും നടന്നു* എന്നതിന് നിങ്ങളും ദൈവവും സാക്ഷി" (എംഫസിസ് ആഡഡ്.) ഒരേ രീതിയിലുള്ള ഈ മൂന്നു വാക്കുകൾക്ക് തമ്മിൽ വ്യത്യാസം വരുത്തുന്നതു കുഴപ്പം സൃഷ്ടിക്കും. സാധാരണ ഇത്തരം മൂന്നു വാക്കുകളെ സംയോജിപ്പിച്ചാണ് ഉപയോഗിക്കുന്നത്, അല്ലാതെ അവയെ വേർപിരിക്കാവതല്ല. ആ മുന്നു വാക്കുകൾ സാധാരണ ഒരേ ആശയമല്ല വ്യക്തമാക്കുന്നത്, പൊതുവിൽ പ്രത്യേക പ്രാധാന്യമുള്ള ഏക ആശയ സ്വഭാവത്തെയാണ് ആ മൂന്നു വാക്കുകൾ അർത്ഥമാക്കുന്നത്.

ആ ഉപദേഷ്ടാക്കന്മാർ ഉയർന്ന സ്വഭാവനിലവാരം പുലർത്തിയിരുന്നു എന്ന് പ്രത്യേകം ശ്രദ്ധിക്കുക. അവർ എന്തെങ്കിലും പ്രവൃത്തികൾ ചെയ്തിരുന്നു എങ്കിൽ അത് ദൈവിക നിലവാരത്തിലായിരുന്നു. അതിനർത്ഥം അവർ പാപം ചെയ്തിട്ടില്ല എന്നോ തെറ്റായ തീരുമാനങ്ങൾ എടുത്തിരുന്നില്ല എന്നോ അല്ല. അത് അർത്ഥമാക്കുന്നത്, പ്രവൃത്തികൾ നല്ലതായാലും, മോശമായാലും, ദൈവിക ലക്ഷ്യംകൈവരിക്കണമെന്നതായിരുന്നു അവരുടെ ലക്ഷ്യം. ഉപദേഷ്ടാക്കന്മാർ വിട്ടുപോയശേഷം, "ഇവിടെ ആകെ പ്രശ്നങ്ങളാണ്, ഒരിക്കലും അവ പരിഹരിച്ചില്ല എന്നു തെസ്സലൊനിക്യർക്ക് പറയുവാൻ കഴിഞ്ഞില്ല; മാനസാന്തരപ്പെടാത്ത പാപങ്ങൾ അവരിൽ ഉണ്ടായിരുന്നനില്ല." അവരുടെ ബഹുമതികളെ കെടുത്തുവാൻ തക്കവിധത്തിലുള്ള ശരിയായ ആരോപണങ്ങൾ ഉന്നയിക്കുവാൻ ആർക്കും കഴിഞ്ഞില്ല.

വാക്യം 11 ഉപയോഗിച്ചിരിക്കുന്നത്, ഉപദേഷ്ടാക്കന്മാരുടെ മറ്റൊരു സ്വഭാവത്തെ കാണിക്കുന്ന വേറെ മൂന്നു വാക്കുകളാണ് "... നിങ്ങളിൽ ഓരോരുത്തനെ അപ്പൻ മക്കളെ എന്ന പോലെ *പ്രബോധിപ്പിച്ചും, ഉൽസാഹിപ്പിച്ചും, സാക്ഷ്യം* പറഞ്ഞും പോന്നു" (എംഫസിസ് ആഡഡ്.) ഒരു അപ്പൻ തന്റെ മക്കളെ എല്ലാ വിധത്തിലും അവരുടെ പക്വതക്ക് ആവശ്യമായ നിർദ്ദേശങ്ങളെല്ലാം നൽകും, അതേ സമയത്ത് പരിഹസിക്കുകയോ, നിരുൽസാഹപ്പെടുത്തുകയോ ചെയ്യുകയില്ല (എഫെ. 6:4). ശരിയായി കുട്ടികളെ പോറ്റി വളർത്തുന്നതിന് അമ്മയപ്പന്മാർ തങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ ത്യാഗമായി മാറ്റും, അതുപോലെ ഒരു ഉപദേഷ്ടാവ് തന്റെ ജീവിതം നല്ല ഉപദേശം നടത്തുന്നതോടൊപ്പം, നല്ല മാതൃകക്കായും ഉഴിഞ്ഞു വെക്കും.

അതുപോലെ, അദ്ധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളെ പക്വതയിലെത്തിക്കുവാൻ പ്രോൽസാഹിപ്പിക്കുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ടേയിരിക്കും. വാസ്തവത്തിൽ, എല്ലാ ക്രിസ്ത്യാനികളും അന്യോന്യമുള്ള ബന്ധം സൂക്ഷിക്കേണ്ടത് ക്ഷമയോടും ത്യാഗത്തോടും കൂടെയാണ്: "അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മിക വർദ്ധന

വരുത്തിയും പോരുവിൻ" (5:11). ജനക്ഷേമത്തിനു ഉതകുന്ന വിധത്തിൽ, ദൈവം ആഗ്രഹിക്കുന്നതുപോലെ, ക്ഷമയോടും ഉൽസാഹത്തോടും അനിന്ദ്യമായി നമുക്ക് ദൈവേല ചെയ്യാം! കരുതലുള്ള അമ്മയപ്പന്മാരെ പോലെ, സ്നേഹമുള്ള പിതാവും, കരുതലുള്ള അമ്മയുമായി തീരാം!

*ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം (2:12).* ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതാണ് ക്രിസ്തീയ ജീവിതം. "യോഗ്യമായ" എന്ന ആശയമാണ് പുതിയ നിയമത്തിൽ പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത്. "നിങ്ങളെ വിളിക്കുന്ന ദൈവത്തിന് യോഗ്യമായി നടക്കുവാനാണ് ..." 2:12 ൽ ക്രിസ്ത്യാനികളോട് അപേക്ഷിക്കുന്നത്. അതിന്റെ അർത്ഥം എന്താണ്? അവരുടെ ജീവിതത്തിൽ ദൈവം ഇടപെട്ടിരുന്നു എന്നു കാണിക്കുന്ന വിധത്തിലായിരുന്നു തെസ്സലൊനിക്യരെ പ്രോൽസാഹിപ്പിച്ചത്. ദൈവം ആരാണെന്നും, തന്റെ ജനത്തിൽനിന്നും അവൻ ആഗ്രഹിക്കുന്നതെന്ത് എന്നും കാണിക്കുന്ന വിധത്തിലായിരിക്കണം ക്രിസ്ത്യാനികൾ പെരുമാറേണ്ടത്.

ദൈവം ആരാണെന്നും അവന്റെ ജനത്തിൽനിന്നും അവൻ പ്രതീക്ഷിക്കുന്നത് എന്ത് എന്നും പഠിക്കുന്നത് പക്വതയിലെത്തുന്നതിന്റെ ഭാഗമാണ്. ദൈവം ആരാണേന്നും, തങ്ങളുടെ ജീവിതത്തിൽ അവന്റെ ഉദ്ദേശങ്ങൾ എന്തെല്ലാമെന്നും മുഴുവൻ മനസിലാക്കുവാൻ പുതിയ പരിവർത്തകർക്ക് കഴിയുകയില്ല, എന്നാൽ അവരിൽ നിന്നു പ്രതീക്ഷിക്കുന്നത്, "കർത്താവിന്നു പ്രസാദകരമായത് എന്തെന്ന് പഠിക്കുവാനാണ്" (എഫെ. 5:10). ഇത് പഠിച്ച് പ്രായോഗികമാക്കുക എന്നതാണ് ക്രിസതീയ വളർച്ചക്കുള്ള അടിസ്ഥാന തത്വം.

നാം ദൈവത്തിന്റെ രാജ്യവും മഹത്വവും പങ്കിടുവാൻ യോഗ്യരാണെന്ന് വാക്യം 12 പറയുന്നില്ല. നമുക്ക് ഒരിക്കലും നേടിയെടുക്കുവാൻ പറ്റാത്ത ഒരു ദാനമാണ് അത്. ദൈവ ഭക്തിയോടെ ജീവിക്കുവാൻ ഉദ്ദേശിക്കുന്നത് തന്നെ ഉപദേശമാണ്, അത് യോഗ്യമായ ഉദ്ദേശവുമാണ്. ഉദാരമതിയായ ദൈവം തന്റെ രാജ്യവും മഹത്വവും നമുക്ക് പങ്കിടുന്നതിനാൽ നമുക്ക് അവനോട് നന്ദിയുള്ളവരായിരിക്കാം! അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതിന് പ്രതികരിച്ച് ജീവിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത്. ആളുകൾ നമ്മിൽ ദൈവത്തെ കാണുന്നുണ്ടോ?

*ഉപസംഹാരം.* എല്ലാ ഉപദേഷ്ടാക്കന്മാരും ഈ വാക്യങ്ങൾ ശരിയായി മനസിലാക്കി പ്രായോഗികമാക്കിയാൽ എന്തു വ്യത്യാസമായിരിക്കും ഉളവാകുക! നമ്മുടെ നായകനായ യേശുവിനേയും, അവനെ പിൻപറ്റുന്ന വിശ്വസ്തരുടെ മാതൃകയേയും പിൻപറ്റി നമുക്ക് ജീവിക്കാം. യേശുവിനെ അനുഗമിക്കുവാൻ സഹായിക്കുന്ന വിധത്തിൽ മറ്റുള്ളവർക്കായി ജീവിതത്തെ ഉഴിഞ്ഞു വെച്ച് സഹ ക്രിസ്ത്യാനികളെ സേവിക്കുന്ന അദ്ധ്യക്ഷന്മാരെയും, ഉപദേഷ്ടാക്കന്മാരെയും നമുക്ക് പ്രോൽസാഹിപ്പിക്കാം. ടിപി

**പൗലൊസ് ധീരനായിരുന്നു (2:2, 3)**

പൗലൊസ് ഒരു മാതൃകാ ക്രിസ്തീയ സന്ദേശ വാഹകനായിരുന്നു. "എല്ലാറ്റിലും ക്രിസ്തുവിന് പ്രഥമസ്ഥാനം" കൊടുത്തിരുന്ന വ്യക്തിയായിരുന്നു അവൻ (കൊലൊ. 1:18). തന്റെ പാപത്തെ അവൻ സമ്മതിച്ചചിരുന്നു (1 തിമൊ. 1:15). പൗലൊസ് ഏതു തരത്തിലുള്ള സന്ദേശ വാഹകനായിരുന്നു എന്ന് 1 തെസ്സലൊനിക്യർ അദ്ധ്യായം 2 വിവരിക്കുന്നു.

ചിലപ്പോൾ, പൗലൊസ് ധീരനായ ഒരു സന്ദേശ വാഹകൻ ആയിരുന്നു.

ഫിലിപ്പിയയിൽ വെച്ച് അവന് ഉപദ്രവം സഹിക്കേണ്ടി വന്നതിനാൽ നിയന്ത്രിക്കപ്പെട്ടിരുന്നു എങ്കിലും (വാ. 2 നോക്കുക; പ്രവൃ. 16:16–24) തന്റെ സംരക്ഷണത്തിന് അവൻ ദൈവത്തിൽ ആശ്രയിച്ചു. "നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു എന്ന മറ്റു അപ്പൊസ്തലന്മാരുടെ തത്വമായിരുന്നു അവന്റേതും" (പ്രവൃ. 5:29).

*അവന്റെ സന്ദേശം ഏറ്റവും നന്നായിരുന്നു.* അത് ''ദൈവത്തിന്റെ സുവിശേഷം'' ആയിരുന്നു (വാ. 2), അത് സ്വർഗത്തിൽ നിന്നുള്ള ദൈവത്തിന്റെ സുവിശേഷം ആയിരുന്നു. യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയെ കേന്ദ്രീകരിച്ചുള്ള രക്ഷാ സന്ദേശമാണ് അത് (1 കൊ. 15 നോക്കുക). ചിലർ തെറ്റായ സുവിശേഷം പ്രചരിപ്പിച്ചപ്പോൾ, പൗലൊസ് സത്യ സന്ദേശവും രക്ഷക്കുള്ള ഏക രക്ഷാ സന്ദേശമായിരുന്നു പൗലൊസ് പ്രസംഗിച്ചത് (റോമ. 1:16).

*അവന്റെ ജീവിത രീതി നിർമ്മലമായിരുന്നു*. അവൻ എഴുതി, "ഞങ്ങളുടെ പ്രബോധനം, വ്യാജത്തിൽ നിന്നോ അശുദ്ധിയിൽ നിന്നോ വന്നതല്ല ..." (വാ. 3). തന്റെ സന്ദേശം വിശ്വാസയോഗ്യമാക്കുന്നതായിരുന്നു പൗലൊസിന്റെ ജീവിത രീതി. "അശുദ്ധി" എന്ന കുറ്റം അവനിൽ ഇല്ലായിരുന്നു, അത് ഒരുപക്ഷെ ലൈംഗിക അശുദ്ധിയെയായിരിക്കാം സൂചിപ്പിച്ചത്. അന്യ ദേവന്മാരെ നമസ്ക്കരിക്കുന്നവർ തങ്ങളുടെ ക്ഷേത്രങ്ങളിൽ അവിഹിത ലൈംഗിക ബന്ധം പുലർത്തി അവരുടെ ദേവീദേവന്മാരെ പ്രസാദിപ്പിച്ചിരുന്നു, പക്ഷെ പൗലൊസ് പ്രതിപാദിച്ചത് ആത്മികമാണ്, അതായത് ശരീരത്തെ നിയന്ത്രണത്തിൽ സൂക്ഷിക്കുക.

*അവന്റെ ലക്ഷ്യം നന്നായിരുന്നു*. അവൻ എഴുതി, ''ഞങ്ങളുടെ പ്രബോധനം, ... വഞ്ചനാപരമായി വന്നതല്ല'' (വാ. 3). ശുദ്ധമായ ലക്ഷ്യത്തോടെയായിരുന്നു പൗലൊസ് സുവിശേഷ പ്രസംഗം നടത്തിയത്. മറ്റുള്ളവർ പ്രസംഗിക്കുവാനെത്തിയത് "മുഖസ്തിയോടെ ആയിരുന്നു" (വാ. 5), പക്ഷെ, താൻ വ്യക്തിപരമായി തെസ്സലൊനികൃരിൽനിന്നും ഒന്നും നേടുവാൻ ആഗ്രഹിച്ചിരുന്നില്ല എന്നു പൗലൊസ് വ്യക്തമാക്കി. അവന്റെ ലക്ഷ്യം ശുദ്ധവും ശരീയുമായിരുന്നു–ദൈവത്താൽ രക്ഷിക്കപ്പെടുക.

ഇന്ന് നിങ്ങളുടെ ധൈര്യം എവിടെ നിൽക്കുന്നു? ക്രിസ്തുവിന്റെ സുവിശേഷം പങ്കിടുവാൻ ഏതു സാഹസവും നേരിടണം. നാം ക്രിസ്തുവിനെ കുറിച്ച് മറ്റുള്ളവരെ പഠിപ്പിക്കുമ്പോൾ, നമ്മുടെ സന്ദേശം സത്യവും, നമ്മുടെ ജീവിതം നിർമ്മലവും, ലക്ഷ്യം സത്യസന്ധവുമായിരിക്കണം. ഈഈ

**വിശ്വസ്ത ഉപദേഷ്ടാക്കന്മാർ (2:2-6)**

സത്യസന്ധരായ ഓരോ ഉപദേഷ്ടാവും വിശ്വസ്തനായിരിക്കണം. ദൈവത്തിന്റെ അഭിനന്ദനം ലഭിക്കണമെന്ന ആഗ്രഹം ഉള്ള ആളായിരിക്കണം അയാൾ.

വിശ്വസ്ത പ്രസംഗത്തിന്റെ മൂലകങ്ങൾ എന്തെല്ലാമാണ്?

*എതിർപ്പുണ്ടായിട്ടും ധൈര്യം* (2:2). ചാട്ടവാറടിയേറ്റ് തടവിലാക്കപ്പെട്ട പൗലൊസിനെ ദൈവ വചനം അറിയിക്കുന്നതിൽനിന്ന് വിയർപ്പോ രക്തമോ അവനെ പിന്തിരിപ്പിച്ചില്ല.

*അവതരണത്തിൽ സത്യസന്ധത* (2:3). അബദ്ധവുമായിട്ടായിരുന്നില്ല അവൻ തെസ്സലൊനികൃയിൽ എത്തിയത്. തന്നെ ഭരമേൽപിച്ച സുവിശേഷമായിരുന്നു

അവൻ അവർക്ക് നൽകിയത്.

*ദൈവത്തെ പ്രസാദിപ്പിക്കുവാൻ സമർപ്പിക്കപ്പെട്ടു* (2:4). തന്റെ ദൈവത്തിന്റെ അംഗീകാരം മാത്രം അവൻ അന്വേഷിച്ചു.

*വിശ്വസ്ത* ഉപദേഷ്ടാവിനു മാത്രമെ നീതിപൂർവ്വമായ ദൈവത്തിന്റെ ന്യായവിധി നേരിടുവാൻ കഴിയു. ഇതിനേക്കാൾ വലിയ വിളി മറ്റൊരു മനുഷ്യനും ലഭിക്കുന്നില്ല. ഈസി

**ശുദ്ധ ഹൃദയത്തോടെ (2:3-6)**

മോശമായ ചിന്തയോടെയാണെങ്കിൽ ഒരു നല്ല പ്രവൃത്തി ചെയ്താൽ അതിനു വിലയുണ്ടാകും. തെറ്റായ ഉദ്ദേശങ്ങൾക്ക് വേണിയായാലും, പ്രസംഗത്തിന് മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ കഴിയും. എങ്ങനെയായാലും, വാസ്തവത്തിലുള്ള പ്രസംഗം വളരുന്നത് ആത്മാർത്ഥതയാലും, ദൈവശക്തിയാലുമാണ്. അതിനെ കർത്താവ് അനുഗ്രഹിക്കും, അത് മനുഷ്യന്റെ ഏറ്റവും വലിയ അനുഗ്രഹവുമാണ്.

ലക്ഷ്യത്തെ സംബന്ധിച്ച് എല്ലാ ഉപദേഷ്ടാക്കന്മാർക്കും പൗലൊസ് ഒരു മാതൃകയാണ്. "എനിക്ക് ഏതു തരത്തിലുള്ള ഹൃദയമാണ് ഉള്ളത്?" എന്ന് എല്ലാ ഉപദേഷ്ടാക്കന്മാരും സ്വയം ചോദിക്കണം.

*അബദ്ധത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെട്ട ഹൃദയം.* അബദ്ധത്തോട് പൗലൊസിന് ഒരു താൽപര്യവുമില്ലായിരുന്നു. ശ്രദ്ധിക്കുന്ന ഏവരോടും പ്രസംഗിച്ചത് താൻ കണ്ടെത്തിയ സത്യമായിരുന്നു. ക്രിസ്തീയ രക്തസാക്ഷികൾ തങ്ങളുടെ ജീവിതത്തെ ഏൽപിച്ചുകൊടുത്തത് ഭോഷ്ക്കിനു വേണ്ടി നിലനിന്നതുകൊണ്ടല്ല.

*അശുദ്ധിയിൽ നിന്നു മോചിക്കപ്പെട്ട ഹൃദയം.* അശുദ്ധ ഹൃദയമോ ദു. ഷ്ടതയോ പൗലൊസിൽ ഉണ്ടായിരുന്നില്ല. ശുദ്ധ ഹൃദയവും നിർമ്മല മനസാക്ഷിയുമായിരുന്നു അവന്റേത്. നഷ്ടപ്പെടുന്നവരുടെ നാശം ഒഴിവാക്കുകയും അവരെ രക്ഷിക്കുകയും ചെയ്യുക എന്ന ഉദ്ദേശമായിരുന്നു പൗലൊസ് തെസ്സലൊനിക്യയിലെത്തിയപ്പോഴുണ്ടായിരുന്നത്.

*അശുദ്ധ ലക്ഷ്യങ്ങളിൽ നിന്നു മോചിതമായ ഹൃദയം.* അവൻ വഞ്ചനയുടേയോ, ചതിയുടേയോ, ചൂഷണത്തിന്റേയോ ആത്മാവിനാലായിരുന്നില്ല പ്രവർത്തിച്ചത്. അവൻ നേരുള്ളവനും വിശ്വസ്തനും ആയിരുന്നു.

അവന്റെ ഉന്നം ആളുകളെ ക്രിസ്തുവിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു, പക്ഷെ അവന്റെ ഏറ്റവും വലിയ ആഗ്രഹം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരുന്നു. അവൻ ക്രിസ്ത്യാനിയായപ്പോൾ, യെഹൂദ മതവിശ്വാസത്തെ പ്രസാദിപ്പിക്കുന്ന എല്ലാ ആഗ്രഹങ്ങളെയും ഉപേക്ഷിച്ചു. അവന്റെ ഹൃദയത്തിലുണായിരുന്നത് ദൈവത്തെ പ്രസാദിപ്പിക്കു എന്ന വികാരമായിരുന്നു. പുതിയ പരിവർത്തകരിൽനിന്നോ അല്ലെങ്കിൽ മറ്റാരിൽ നിന്നോ അവൻ വ്യക്തിപരമായ മാനം അന്വേഷിച്ചിരുന്നില്ല.

ദ്രവ്യം അവനെ പ്രേരിപ്പിച്ചില്ല, ദ്രവ്യാഗ്രമോ, അത്യാഗ്രഹമോ അവനെ കീഴ്പ്പെടുത്തിയില്ല. കൂടാര-പണി ചെയ്ത് തന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറവേറ്റി, മിക്കവാറും സമയങ്ങളിൽ അവൻ ഒഴിവുസമയ മിഷ്ണറിയായി പ്രവർത്തിച്ചു എന്നത്, ഒരു വസ്തുതയായിരുന്നു.

എല്ലാ ഉപദേഷ്ടാക്കന്മാരും പൗലൊസിനെ പോലെ ശുദ്ധമായ ലക്ഷ്യത്തോടെ പ്രവർത്തിച്ചാൽ ലോകം എത്ര അനവുഗ്രഹീതമാകും?

വിഷമ സമയങ്ങളിൽ, എന്തുകൊണ്ടാണ് ഉപദേഷ്ടാക്കന്മാരോടുള്ള ബഹുമാനം കുറയുന്നത്? അത് ലക്ഷ്യങ്ങൾ നിമിത്തം ആകുവാൻ സാധ്യതയില്ലേ? ഈസി

**പൗലൊസ് ആർദ്രവാനായിരുന്നു (2:6-8)**

വാക്യം 2 ലും 3 ലും പൗലൊസ് ധീരനായിരുന്നു എന്നു വിവക്ഷിക്കുന്നു. വാക്യം 7 ൽ, അവൻ പറഞ്ഞു, "ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രത" ഉള്ളവരായിരുന്നു. അവൻ അധികാരികളോടും ധൈര്യവും അംഗങ്ങളോട് ആർദ്രതയും ഉള്ളവനായിരുന്നു. "ആർദ്രത" എന്നാൽ എപ്പോഴും സമീപിക്കുവാൻ കഴിയുന്നവൻ എന്നർത്ഥം. "സ്വന്ത കുഞ്ഞുങ്ങളെ മൃദുലമായി പോറ്റി പുലർത്തുന്ന ഒരു അമ്മയെ പോലെ" ആയിരുന്നു അവൻ തെസ്സലൊനിക്യർക്ക് (വാ. 7).

*ധതന്റെപ അധികാരം പൗലൊസിന് ഉറപ്പിക്കുവാൻ കഴിഞ്ഞു* (വാ. 6). അവൻ അപ്പൊസ്തലനായിരുന്നതിനാൽ, അവന് സാമ്പത്തിക സഹായം അംഗങ്ങളിൽനിന്ന് ആവശ്യപ്പെട്ട്, കർശനമായി, പരുഷമായി പെരുമാറുവാനും കഴിയുമായിരുന്നു. എങ്ങനെയായാലും, അത്തരത്തിൽ അവൻ ഇടവകയോട് പെരുമാറിയില്ല.

*പൗലൊസ് "ധഅവർക്കിടയിൽപ ആർദ്രത ഉള്ളവൻ ആയിരുന്നു"* (വാ. 7). തെസ്സലൊനിക്യർ പരിചയക്കുറവുള്ള യുവത്വത്തിലായിരുന്നു. ആകയാൽ, പൗലൊസ് അവരോട് ഒരമ്മ മക്കളോട് എന്ന പോലെ "ആർദ്രത ... ഉള്ളവനായിരുന്നു" (വാ. 8).

*പൗലൊസ് അവരോട് സമർപ്പിക്കപ്പെട്ടിരുന്നു* (വാ. 8). അവൻ എഴുതി, "നിങ്ങൾക്ക് ഞങ്ങൾ ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളുടെ പ്രാണൻകൂടെ വെച്ചു തരുവാൻ തയ്യാറായിരുന്നു ..." ആർദ്രതയും സ്നേഹവും ഉള്ള ഒരാൾ വാക്കുകളാൽ മാത്രമായിരിക്കുകയില്ല കരുതുക; അയാൾ സ്വയം ത്യാഗമായി തീരും. പൗലൊസ് അവർക്ക് സുവിശേഷം നൽകി (ആത്മിക പോഷണം). ശക്തമായ വൈകാരിക ബന്ധത്തെ കാണിക്കുന്ന വാക്കാണ്, "കരുതൽ" എന്നത് അർത്ഥമാക്കുന്നത്. ആവശ്യമായിരുന്നു എങ്കിൽ അവന്റെ പ്രാണനും കൂടെ അവർക്ക് അവൻ നൽകുമായിരുന്നു (റോമ. 9:1–3).

മറ്റുള്ളവരോട്, പ്രത്യേകിച്ച് പുതി.യ പരിവർത്തകരോട്, ആർദ്രതയുള്ളവരാകുവാൻ, ക്രിസ്ത്യാനികൾ മാതൃകയാക്കേണ്ടത് അപ്പൊസ്തലനായി പൗലൊസിനെയാണ്. അവരെ കുറിച്ച് നാം കരുതലുള്ളവരാകണം, ദൈവ വചനത്താൽ അവരെ പോഷിപ്പിക്കയും, അവരെ കുറിച്ച് കരുതുകയും വേണം. നാം അവർക്ക് സുവിശേഷം പങ്കിടുന്നതുപോലെ നമ്മുടെ ജീവിതത്തെയും പങ്കിടണം. ഈഈ

**പ്രസംഗിക്കുന്നതുപോലെ ജീവിക്കുക (2:7-12)**

ഒരു നല്ല സാക്ഷ്യം കൊണ്ടവൻ ആയിരിക്കണം. അവൻ പ്രഖ്യാപിക്കുന്നത് സത്യമായിരിക്കാം, എന്നാൽ അയാൾ സത്യപ്രകാരം ജീവിക്കുന്നില്ലെങ്കിൽ, പ്രസംഗം ഫലപ്രദമാകുകയില്ല സ്പഷ്ടം. നാം പറയുന്നത് ആയിരിക്കും നമമുടെ ഫലം.

ഉയർന്ന നിലവാരം പുലർത്തുന്നതായിരുന്നു പൗലൊസിന്റെ മാതൃക. ചിത്രികരണത്തിന് പറ്റിയ ഫലപുഷ്ടിയുള്ള വയൽ പോലെ ആയിരുന്നു

അവരുട ഇടയിലെ അവന്റെ ജീവിതം. "ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചത് എങ്ങനെ എന്ന് നിങ്ങൾ അറിയുന്നുവല്ലോ. ഞാൻ നിങ്ങളെ കുറിച്ച് ഗൗരവമായി കരുതിയതും, വ്യക്തിപരമായി എനിക്ക് ദൈവത്തോടുള്ള ധ്യാനവും നിങ്ങൾ മനസിലാക്കിയിട്ടുള്ളതല്ലേ?" എന്ന് ചോദിക്കുവാൻ അവന് കഴിഞ്ഞു. നാം എങ്ങനെ നയിക്കണം എന്നു കാണിക്കുന്നതായിരുന്നു പൗലൊസിന് തെസ്സലൊനിക്യരുടെ ഇടയിലെ മാതൃക.

*ആത്മാർത്ഥമായ കരുതൽ.* അമ്മ മക്കളോട് കാണിക്കുന്ന ആർദ്രതയാലായിരുന്നു അവൻ അവർക്കിടയിൽ പ്രവർത്തിച്ചത്. അവൻ അവരോട് ആർദ്രതയോടെ പ്രിയമുള്ളവനായി അവരെ സേവിച്ചു. "ജനങ്ങളുടെ ഉപദേഷ്ടാവ്" എന്ന രീതിയിൽ, അവന്റെ സുവിശേഷവും ജീവിതവും ഒരേപോലെയുള്ളതായിരുന്നു-അല്ലാതെ വെറും പ്രസംഗിക്കുന്ന പ്രാസംഗികൻ മാത്രം അല്ലായിരുന്നു എന്നർത്ഥം.

*ആളുകൾക്കായി പ്രാണൻ വെച്ചുകൊടുക്കൽ.* തന്റെ സമയം മാത്രമായിരുന്നില്ല പൗലൊസ് തെസ്സലൊനിക്യർക്ക് നൽകിയത്. അവരുടെ ആത്മിയ വളർച്ചക്കായി അവന്റെ ജീവിതം മുഴുവൻ ഉഴിഞ്ഞ് വെച്ചിരുന്നു. നല്ല പ്രസംഗം എന്നു പറയുന്നത് വാക്കുകളിൽ മാത്രം ഒതുങ്ങുന്നതല്ല, അതിന് ഒരാളുടെ ജീവിതവും ആവശ്യമാണ്.

*മാതൃകയോടെ നയിക്കൽ.* അവൻ അവർക്ക് സാമ്പത്തിക ഭാരമായി തീരാതിരിപ്പാൻ, മിക്കവാറും അവൻ കൂടാര-പണി ചെയ്തുകൊണ്ടാണ് സുവിശേഷപ്രവർത്തനം നടത്തിയത്. അവൻ അവർക്കിടയിൽ നീതിയോടെ ജീവിച്ചു എന്നതിന് അവർ സാക്ഷികളായിരുന്നു, അവരിൽ നിന്നും ഒന്നും വാങ്ങാതെ, അവരെ ഒരു വിധത്തിലും ചൂഷണം ചെയ്യാതെയാണ് ജീവിച്ചത്.

*പിതാവിന്റെ അച്ചടക്കത്തോടെ ശാസിക്കൽ.* അപ്പൻ മക്കളോട് എന്ന പോലെയായിരുന്നു പൗലൊസ് തെസ്സലൊനിക്യരോട് പെരുമാറിയത്. ആവശ്യമുള്ളപ്പോൾ, അവരെ ഗുണീകരണവും നടത്തിയിരുന്നു. അവരെ സ്നേഹിച്ച് അവരുടെ നന്മയെ കരുതിയായിരുന്നു അവൻ അത് ചെയ്തത് എന്ന് അവർക്ക് അറിയാമായിരുന്നു.

പൗലൊസ് ഒരു മാതൃകാ ഉപദേഷ്ടാവ് ആയിരുന്നു! അവന്റെ പ്രസംഗം ആർക്കും ഏറ്റവും നല്ലത് ലഭിക്കുന്നതായിരുന്നു. അവൻ നിങ്ങളെ സ്നേഹിക്കുകയാലും, നിഗൂഢതാൽപര്യം ഒന്നും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അവനെ നിങ്ങൾ ശ്രദ്ധിക്കും. ഈസി

**പൗലൊസ് നന്നായി "പെരുമാറി" (2:9-12)**

കരുതലുള്ള അപ്പൊസ്തലൻ എന്ന നിലക്ക് പൗലൊസ്, അവരോട് നന്നായി പെരുമാറി. ഉയ്റപ ദആഴഹള, "വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും, നീതിയായും, അനിന്ദ്യമായും നടന്നു എന്നതിന് നിങ്ങളും ദൈവവും സാക്ഷി" (വാ. 10). പിതാവിനെ ഉപമിച്ച് വീണ്ടും പറയുന്നത്, പൗലൊസ് വിശ്വാസികൾക്ക് ഒരു നല്ല പിതാവായിരുന്നു എന്നത്രെ (വാ. 11 നോക്കുക). ഒരു നല്ല അപ്പൻ എങ്ങനെയാണ് പെരുമാറുന്നത്?

*അവൻ മക്കൾക്ക് നൽകുവാനായി ജോലി ചെയ്യുന്നു* (വാ. 9). യുവ വിശ്വാസത്തിലായിരുന്ന ക്രിസ്ത്യാനികൾക്ക് ഭാരമായി തീരരുത് എന്നു വെച്ച്, പൗലൊസ്, തനിക്ക് അവരിൽനിന്ന് ആവശ്യപ്പെടുവാൻ അവകാശം ഉണ്ടായിട്ടും, തന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാൻ, കൂടാര-പണി

ചെയ്തിരുന്നു. തിരിച്ച് അവരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ, അവർക്ക് അവൻ ആത്മിയമായ ആഹാരം നൽകി. അവൻ "രാവും പകലും ജോലി" ചെയ്തും, "പ്രയത്നം," "പ്രയാസം" എന്നിവ നേരിടുകയും ചെയ്തു, അത് തെസ്സലൊനിക്യർക്ക് ആത്മിയ പോഷണം നൽകുന്നതിനായിരുന്നു.

*ശരിയായ നടപ്പാണ് അവൻ നടന്നത്* (വാ. 10). "പവിത്രമായും," "നീതിയോടും," "അനിന്ദ്യം" ആയിട്ടും ആയിരുന്നു അവൻ തെസ്സലൊനിക്യർക്കിടയിൽ ജീവിച്ചത് എന്ന് പൗലൊസ് വിവരിച്ചിരിക്കുന്നു. ദൈവത്തെ ബഹുമാനിക്കുന്ന ഭക്തിയുള്ള പുരുഷൻ ആണ് പവിത്രൻ. പൗലൊസ് പ്രാർത്ഥിക്കുന്നതും ആരാധിക്കുന്നതും തെസ്സലൊനിക്യർ കണ്ടിരിക്കും എന്നത് തീർച്ചയാണ്. ദൈവകൽപന പ്രമാണിക്കുന്ന സ്വഭാവ ഗുണമുള്ള വ്യക്തിയാണ് നീതിമാൻ. മറ്റുള്ളവരോട്, ദയയും ഉദാരതയും കാണിക്കുന്ന പൗലൊസിന്റെ വചനം അനുസരിക്കൽ തെസ്സലൊനിക്യയിലുള്ളവർ പഠിച്ചു കാണും. അനന്ദ്യൻ എന്നു പറഞ്ഞാൽ പാപമില്ലാത്ത ആളല്ല, മറിച്ച്, ശരിയായത് ചെയ്യുവാൻ പരിശ്രമിച്ചുകൊണിരിക്കുകയും, തെറ്റു ചെയ്താൽ ക്ഷമാപണം തേടുകയും ചെയ്യുന്നവൻ ആണ്. ഒരു സഹോദരന് ഇടർച്ച വരുത്തിയപ്പോൾ, പൗലൊസ് തെസ്സലൊനിക്യരോട് ക്ഷമ യാചിക്കുവാൻ മടിച്ചിരുന്നില്ല.

*അവന്റെ വാക്കുകൾ ശരിയാണ്* (വാ. 11, 12). അപ്പൻ മക്കളോട് എന്ന പോലെയുള്ള പൗലൊസിന്റെ "പ്രബോധനം," "പ്രോൽസാഹനം," "സാക്ഷ്യം പറച്ചിൽ" എന്നിവ തെസ്സലൊനിക്യർക്ക് പ്രയോജനപ്പെട്ടു. നാം വിശ്വാസ പ്രകാരം ശരിയായി ജീവിച്ചാൽ മതി, അതിനെ കുറിച്ച് ഒന്നും പറയേണ്ട ആവശ്യമില്ല എന്നാണ് ചില ആളുകൾ പറയുന്നത്. ആവശ്യമുള്ളപ്പോൾ, സംസാരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവനാണ് നല്ല അപ്പൻ. സഭയുടെ ആത്മിക വർദ്ധനക്ക് ഉതകുന്ന രീതിയിലായിരിക്കണം ക്രിസ്ത്യാനികൾ സംസാരിക്കേണ്ടത്. നല്ല ജീവിതം നയിക്കുവാൻ ആവശ്യമായ പ്രബോധനവും, സഹായവും ചെയ്യുവാൻ നാം തയ്യാറാകണം. ഹൃദയം നുറുങ്ങിയവരെ ആശ്വസിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും വേണം. ദൈവത്തിന്റെ നന്മയെ നാം സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കണം.

നാമും, പിൻപറ്റേണ്ടതിനുള്ള മാതൃകയാണ് പൗലൊസ് നൽകിയിരിക്കുന്നത്. ജോലി ചെയ്ത് സഭക്ക് നൽകി, നമ്മുടെ ഭൗതികമായ വരുമാനത്തിൽകൂടെ ദൈവത്തിന് പ്രവർത്തിക്കുവാൻ അവനെ അനുവദിക്കുന്നത് അനുഗ്രഹമാണ്. പവിത്രമായും, നീതിയോടും, അനിന്ദ്യമായും നടക്കുവാൻ നമുക്ക് കഴിയും. മറ്റുള്ളവർ വിശ്വസ്തരായി ജീവിക്കുവാൻ, ശരിയായ വാക്കുകൾ ഉപയോഗിച്ച്, അവരെ പ്രബോധിപ്പിച്ച്, പ്രോൽസാഹിപ്പിക്കണം. ഈഈ

**എങ്ങനെ കേൾക്കണം (2:13)**

ദൈവ വചനം അവർ എങ്ങനെ കൈക്കൊണ്ടു എന്നു തെളിയിക്കുന്നതായിരുന്നു തെസ്സലൊനിക്യരുടെ' "നല്ല ഹൃദയം."

*"മനുഷ്യരുടെ വചനമായിട്ടല്ല" അവർ ദൈവ വചനം കൈക്കൊണ്ടത്* (വാ. 13). പൗലൊസും സംഘവും അടങ്ങുന്ന മനുഷ്യരിൽ കൂടെയാണ് അവർ വചനം കേട്ടത് (റോമ. 10:14 നോക്കുക). എങ്ങനെയായാലും, സന്ദേശം മനുഷ്യരിൽനിന്നും ഉത്ഭവിച്ചതല്ല. ഗലാത്യർ 1:11 ൽ പൗലൊസ് എഴുതി, "ഞാൻ നിങ്ങളെ അറിയിച്ച സുവിശേഷം മാനുഷമല്ല." തന്റെ പരിവർത്തനശേഷം ഉടനെ അവർ യെരുശലേമിലേക്ക് പോയില്ല എന്നും (വാ. 17), തന്റെ സന്ദേശം

യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ ലഭിച്ചതാണെന്നും പറയുന്നു (വാ. 12). ആസ്യാ ഭൂഖണ്ഡത്തിലെ എല്ലാ സഭകൾക്കുമായി അവൻ എഴുതിയയച്ച സുവിശേഷം തന്നെയാണ്, പൗലൊസ് തെസ്സലൊനിക്യരോട് പ്രഖ്യാപിച്ചതും. ആ സന്ദേശം ദൈവ ശ്വാസിയമായിരുന്നു.

*കേട്ട വചനം "ദൈവ വചനം" ആയി അവർ മനസിലാക്കി* (വാ. 13). "എല്ലാ തിരുവെഴുത്തും ദൈവ ശ്വാസിയമാണ്" എന്ന് പൗലൊസ് തിമൊഥെയൊസിന്ന് എഴുതി (2 തിമൊ. 3:16). ശ്വാസിയം എന്ന വാക്ക് അർത്ഥമാക്കുന്നത്, "ശ്വസിച്ച," എന്നാണ്, ദൈവ വായിൽ കൂടെ ശ്വസിച്ച എന്ന് സാരം. തെസ്സലൊനിക്യർ "സന്ദേശം കൈക്കൊണ്ടു" എന്നു പറഞ്ഞാൽ, ഭൗതികമായി അവർ വചനം കേട്ടു, അവർ അതിനെ "സ്വീകരിക്കയും" ചെയ്തു, അതായത്, അതിനെ അവർ തങ്ങളുടെ ജീവിത നിലവാരമാക്കി.

സന്ദേശം, പിന്നെ അവരിൽ അതിന്റെ പ്രവർത്തനം വ്യാപരിക്കുധകയുംപ അവരെ മാറ്റുകയും ചെയ്തു. ഇതേ ആശയം തന്നെയാണ് പൗലൊസ് മറ്റൊരു ഭാഗത്ത് എഴുതിയിരിക്കുന്നത്. "നമ്മിൽ വ്യാപരിക്കുന്ന ശക്തിയെ" കുറിച്ച് പൗലൊസ് എഫെസ്യർ 3:20 ൽ പറഞ്ഞിരിക്കുന്നു. ഫിലിപ്പിയർ 2:12, 13 ൽ പൗലൊസ് എഴുതി, "ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ; നിങ്ങളിൽ പ്രവർത്തിക്കുന്നത് ദൈവമത്രെ." കർത്താവിന്റെ തേജസിലേക്ക് രൂപാന്തരപ്പെടുന്ന ഫലത്തിനാണ്, അവരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചത് (2 കൊ. 3:18).

നാം സുവിശേഷ സന്ദേശം കേൾക്കുമ്പോൾ, അത് ദൈവത്തിൽ നിന്നും ഉത്ഭവിച്ചതാണെന്ന് നാം തിരിച്ചറിയുന്നുണ്ടോ? ചിലപ്പോൾ ക്രിസ്ത്യാനികൾ പറയുന്നില്ലെങ്കിലും, തങ്ങളുടെ പ്രവൃത്തികളാൽ അത് "മാനുഷികമെന്ന്" കാണിക്കുന്നു. ഉദാഹരണമായി, "നമ്മുടെ സഭായോഗം മുടക്കരുത്" എന്ന് ഉപ ദേഷ്ടാവ് പ്രസംഗിക്കുന്നു (എബ്രാ. 10:25), ഉപദേഷ്ടാവേ, അത് നിങ്ങളുടെ ആശയമാണ്, ''സകല സൽപ്രവൃത്തികൾക്കുമായി ഒരുങ്ങിയിരിപ്പിൻ'' എന്നാണ് (തിത്തൊ. 3:1), ഇടവക പറയുന്നു, ''അതാണ് മൂപ്പന്മാരുടെ ആഗ്രഹം.'' ബൈബിൾ ഉപദേശങ്ങൾ ഒന്നും മാനുഷികമല്ല എന്ന് നാം ഓർക്കണം.

അവ എന്തായിരിക്കുന്നുവോ-ദൈവ വചനം, അങ്ങനെ തന്നെയാണ് നാം ബൈബിൾ ഉപദേശങ്ങളെ സ്വീകരിക്കേണ്ടത്. തിരുവെഴുത്തിന് നീക്കം വന്നുകൂടാ എന്നും (യോഹ. 10:35), ദൈവം "ദഹിപ്പിക്കുന്ന അഗ്നിയാണ്" എന്നും നാം ഓർക്കണം (എബ്രാ. 12:29). വചനം ദൈവികമായി നല്ല-ഹൃദ യമുള്ളവർ സ്വീകരിക്കും.''
ഈഈ

**വചനം പ്രസംഗിക്കുമ്പോൾ (2:13)**

വചനം കൊക്കൊള്ളുക എന്നതാണ്, ക്രിസ്ത്യാനികളായ ഓരോരുത്തരുടേയും വലിയ ഉത്തരവാദിത്തം. വചനം കൂടാതെ രക്ഷാ വഴിയോ, ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ ആത്മിക വർദ്ധനെക്കു വാസ്തവത്തിലുള്ള പ്രബോധനമോ ലഭിക്കുകയില്ല.

അവരോട് പ്രസംഗിച്ച വചനം തെസ്സലൊനിക്യർ അങ്ങനെ തന്നെ സ്വീകരിച്ചതിനാൽ ദൈവത്തിന് സ്തോത്രം ചെയ്യുവാൻ പൗലൊസിന് കഴിഞ്ഞു. വചനത്തോടുള്ള അവരുടെ പ്രതികരണം പരിവർത്തനത്തിന് വാതിൽ തുറന്നു.

*അവർ അത് കൈക്കൊള്ളുവാൻ തീരുമാനിച്ചു.* അവർ അത് കേട്ടു, വിലയിരുത്തി, നിത്യസന്ദേശമായി അതിനെ കണ്ടെത്തി.

*അത് ദൈവത്തിന്റെ വചനം ആണ് എന്ന് അവർ വിശ്വസിച്ചു.* തങ്ങൾക്ക് ലഭിച്ച സന്ദേശം പകർന്നു തന്നവരിലുപരിയായി, ആത്മശ്വാസീയമായി തെസ്സലൊനിക്യയിലുള്ളവർ കരുതി. പൗലൊസിന്റേയും സംഘത്തിന്റേയും വാക്കുകളിൽകൂടെ ദൈവമാണ് സംസാരിച്ചത് എന്ന് അവർ വിശ്വസിച്ചു. സന്ദേശം ദൈവത്തിൽനിന്നാണ് എന്നു വിശ്വസിക്കാതെ ഒരാൾക്ക് അത് അനുസരിപ്പാൻ കഴിയുകയില്ല.

*ജീവിക്കയും പ്രവർത്തിക്കുകയും ചെയ്യുന്ന വചനമാണ് അവർ കൈക്കൊണ്ടത്.* അത് നിർജീവമായ വെറും വസ്തുതകളോ, സത്യമോ, ശരിയായതോ ആയിട്ടല്ല, ആ വചനങ്ങൾ ആത്മാവിന്റെ ശക്തിയുള്ളവയായിരുന്നു. അവരുടെ ഹൃദയം അവർക്ക് തുറന്നു കൊടുത്തതിനാൽ, വചനം ശക്തിയോടെ അവർക്കുള്ളിൽ പ്രവർത്തിക്കുന്നത് അവർക്ക് അനുഭവിപ്പാൻ കഴിഞ്ഞു.

ഇവിടെ ഒരാൾ ക്രിസ്ത്യാനിയാകുന്നത് എങ്ങനെ എന്ന് ചുരുങ്ങിയ രീതിയിൽ വിവരിച്ചിരിക്കുന്നു. ദൈവത്തിന്റെ ജീവനുള്ളതും പ്രവർത്തിക്കുന്നതുമായ വചനവും, ആത്മാവിന്റെ ശക്തിയുള്ള വചനവും വചനം ആകുന്ന യേശുക്രിസ്തുവിലേക്ക് കേൾക്കുന്നവർ പരിവർത്തനം ചെയ്യപ്പെടുന്നു.

അത്തരം മഹത്തായ ഹൃദയം ചോദിക്കും, "ഞാൻ എങ്ങനെയാണ് വചനം കൈക്കൊണ്ടത്?
ഈസി

**ആശയവിനിമയം നടത്തുന്ന സുവിശേഷം (2:1-13)**

ഈ അദ്ധ്യായത്തിൽ, പൗലൊസ് തനിക്കെതിരായി ഉയർന്ന തെസ്സലൊനിക്യയിലെ, യെഹൂദ മൂലക ആക്രമണത്തെ പ്രതിരോധിക്കുകയാണ്. അവർക്കിടയിൽ, പൗലൊസും, തിമൊഥെയൊസും, ശിലാസും എങ്ങനെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു എന്നു അവരെ ഓർപ്പിക്കുകയാണ്. നാം സുവിശേഷം അറിയിക്കുമ്പോൾ, നമ്മുടെ ലക്ഷ്യവും രീതിയും എന്തായിരിക്കണം എന്ന് അവർ നമുക്ക് കാണിച്ചു തരികയാണ്. വ്യക്തിപരമായ സുവിശേഷീകരണം എങ്ങനെ നടത്തണം എന്ന് ഈ വേദഭാഗം നമുക്ക് ചിത്രീകരിച്ചു നൽകുകയാണ്.

വാക്കുകളിൽ കൂടെയും ലേഖനത്തിൽ കൂടെയും പൗലൊസും സഹ-പ്രവർത്തകരും, ദൈവ ശ്വാസിയ സന്ദേശം എങ്ങനെ ആശയവിനിമയം നടത്തി എന്ന് വിവരിക്കുന്ന ഏറ്റവും വലിയ പുതിയ നിയമ വേദഭാഗമാണ് ഇത്.

''പുതിയ നിയമത്തിൽ ഏറ്റവും സുപരിചിതവും ഏറ്റവും ഉപയോഗിച്ചിരിക്കുന്നതുമായ പ്രസംഗവും സന്ദേശം ആശയ വിനിമയം ചെയ്തിരിക്കുന്നത് ഏത്?" എന്നു ചോദിക്കുകയാണെങ്കിൽ, കിട്ടുന്ന ഉത്തരം, ഒരുപക്ഷെ, 2 തിമൊഥെയൊസ് 4:1-4 ആയിരിക്കും. കിട്ടുന്ന മറ്റൊരു ഉത്തരം, 1 തെസ്സലൊനിക്യർ 2:1-13 ആയിരിക്കും. തെസ്സലൊനിക്യ ലേഖനത്തിലെ വേദഭാഗം ഒരുപക്ഷെ 2 തിമൊഥെയൊസ് 2:1-4 ഉപയോഗിച്ചിരിക്കുന്നത്ര ഉപയോഗിച്ചിരിക്കയില്ല; എന്നാൽ, ഓരോ സുവിശേഷകനും, പ്രാസംഗികനും, മൂപ്പനും, അപ്പനും, ക്രിസ്ത്യാനിയും ഈ വേദഭാഗത്തിലെ സത്ത വലിച്ചു കുടിക്കണം, പ്രത്യേകിച്ച്, ലക്ഷ്യത്തെ കുറിച്ചും സന്ദേശം അറിയിക്കുന്നതിനെ കുറിച്ചും പറയുന്നത് സംബന്ധിച്ച്.

*സന്ദേശം (2:13).* തന്റെ സന്ദേശം ദൈവശ്വാസിയവും ആധികാരികവും

ആണ് എന്ന് അവകാശപ്പെട്ടിരുന്നില്ല എന്നു ചില എഴുത്തുകാർ പറഞ്ഞിരുന്നു. അത്തരം വാദഗദികൾ അസാധുവാക്കുന്നതാണ് പുതിയ നിയമ തെളിവുകൾ. പൗലൊസിന്റെ സുവിശേഷ സന്ദേശം ദൈവശ്വാസിയവും ആധികാരികവും ആണെന്ന് പല സൂചനകളും തെസ്സലൊനിക്യ ലേഖനം തന്നെ നൽകുന്നു. അവൻ പറഞ്ഞു, ''ഞങ്ങൾ കർത്താവായ യേശുവിന്റെ ആജ്ഞയാൽ ഇന്ന കൽപനകളെ തന്നു എന്ന് ... ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ വിശുദ്ധീകരണം തന്നെ; അതായത് ദുർന്നടപ്പിൽനിന്നുള്ള വിടുതൽ'' (1 തെസ്സ. 4:2, 3; എംഫസിസ് ആഡഡ്). വാക്യം 8 പറയുന്നു, "... ഇതിനെ ത്യജിക്കുന്നവൻ മനുഷ്യരെയല്ല, ദൈവത്തെയാണ് ത്യജിക്കുന്നത് ..." ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നത് എന്ത്? "ഇത് ദൈവത്തിന്റെ വചനമാണ്," എന്നത്രെ അവൻ പറയുന്നത്. ദൈവമാണ് നിങ്ങളിൽ പരിശുദ്ധാത്മാവ് തരുന്നത്. ആ വാക്യങ്ങളെ രണ്ടിനേയും ഒരുമിച്ചാക്കുക. രണ്ടും രണ്ടും നാലാണ്. 2 ഉം 8 ഉം ചേരുമ്പോൾ ലഭിക്കുന്നത് എന്താണ്? വാക്യം 2 ൽ പൗലൊസ് പറയുന്നത്, "ഞങ്ങൾ തന്ന കൽപന നിങ്ങൾ അറിയുന്നുവല്ലൊ." വാക്യം 8 പറയുന്നു, "... ഇത് ത്യജിക്കുന്നവൻ മനുഷ്യനെയല്ല, ദൈവത്തെയാണ് ത്യജിക്കുന്നത് ..." ഇപ്പോൾ ഈ രണ്ടു വാക്യങ്ങൾ അന്തർലീനമാക്കിയത് എന്താണ്? അവൻ പറയുന്നത്, "ഇത് ദൈവ വചനം ആണ്."

*ഉദ്ദേശം (2:1–6, 8).* സന്ദേശം അറിയിക്കുവാൻ അവരെ പ്രേരിപ്പിച്ചത് എന്ത്? വാസ്തവത്തിൽ വിശ്വസിക്കാത്ത ഒന്നിന് വേണ്ടി കഷ്ടതയേൽക്കുവാൻ ചില മനുഷ്യർ തയ്യാറാകുകയില്ല. അതിനു പുറമെ, കഷ്ടത കിട്ടത്തെ പുറത്താക്കി മനസാക്ഷിയെ ശുദ്ധമാക്കുന്നു. ഫിലിപ്പിയയിൽ സംഭവിച്ചത് അവരുടെ ഉദ്ദേശത്തെ വെളിപ്പെടുത്തുന്നു. അവർ അടി കൊണ്ടിട്ടും പ്രസംഗം തുടർന്നു.

അവരുടെ ഉദ്ദേശം, അബദ്ധമോ, അശുദ്ധിയോ, വ്യാജമോ ആയിരുന്നില്ല. പൗലൊസ് പറഞ്ഞു, "ഞാൻ ആളുകളുടെ മാനമോ മുഖസ്തുതിയോ നേടുവാൻ ശ്രമിച്ചിട്ടില്ല, ഞാൻ ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് ആഗ്രഹിക്കുന്നത്. മുൻപറഞ്ഞ കാര്യങ്ങളൊന്നും ഞങ്ങളെ പ്രചോദിപ്പിക്കുവാനിടയായില്ല. അവക്കൊന്നും ഞങ്ങളുടെ സന്ദേശത്തെ സ്വാധീനിച്ചിരുന്നില്ല."

അവർ സേവനം നടത്തിയത് സ്വാർത്ഥതയാലായിരുന്നില്ല. വാക്യം 5 ൽ പൗലൊസ് തന്റെ ആന്തരിക വാഞ്ഛ എന്തെന്ന് വ്യക്തമാക്കി, നിഷേധമായ എല്ലാ ഭാവങ്ങളെയും ഒഴിവാക്കിയിട്ടായിരുന്നു പ്രവർത്തിച്ചത് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു.

പൗലൊസിന്റെ പ്രവർത്തനത്തിൽ വ്യക്തിപരമായ താൽപര്യം ഒന്നുമില്ലായിരുന്നു. പുതിയ നിയമത്തിൽ നമുക്ക് അറിയാവുന്നേടത്തോളം സാമ്പത്തിക പിന്തുണ ലഭിക്കാതിരുന്ന രണ്ട് ഇടവകകളിൽ ഒന്നാണ് തെസ്സലൊനിക്യ. തനിക്ക് സാമ്പത്തിക പിന്തുണ വാങ്ങുവാൻ അവകാശം ഉണ്ടെന്നായിരുന്നു പൗലൊസ് 1 കൊരിന്ത്യർ 9 ൽ പറഞ്ഞത്, പക്ഷെ ആ അവകാശം ഉപയോഗിക്കാതിരിക്കുന്നതിനും തനിക്ക് അവകാശം ഉണ്ടെന്ന് പൗലൊസ് വ്യക്തമാക്കി. തെസ്സലൊനിക്യയിലും കൊരിന്തിലും പ്രവർത്തിച്ചപ്പോൾ, അവൻ ജോലി ചെയ്ത് ഉപജീവനത്തിനുള്ള മാർഗം കണ്ടെത്തി, കൊരിന്ത്യർക്ക് എഴുതിയപ്പോൾ പറഞ്ഞു, "മറ്റു സഭകൾ എന്നെ സഹായിച്ചു." 2 കൊരിന്ത്യർ 11:8 ൽ അവൻ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക: "നിങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുവാൻ ഞാൻ മറ്റു സഭകളെ കവർന്നെടുത്ത് അവരോട് ചെലവിന് വാങ്ങി." തെസ്സലൊനിക്യയിലും കൊരിന്തിലും പൗലൊസ് തന്റെ

ഉപജീവനത്തിന് കൂടാര-പണിയാണ് ചെയ്തത്. ഭൗതികമായ ലാഭം അവന്റെ ഉദ്ദേശമല്ലായിരുന്നു.

മാനുഷിക അവകാശങ്ങളൊന്നും അവന്റെ ലക്ഷ്യമായിരുന്നില്ല. തെതസ്സലൊനിക്യയിലെ തന്റെ പ്രവർത്തമൊന്നും തന്റെ മാനുഷിക പരിശ്രമത്തെ സ്വാധീനിച്ചില്ല. അവൻ 2:6 ൽ പറഞ്ഞത് ശ്രദ്ധിക്കുക: "മനുഷ്യര ിൽനിന്ന്, നിങ്ങളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ മാനം അന്വേഷിച്ചില്ല."

മാനുഷിക ആത്മാവിൽ മനുഷ്യരുട-മാനം അന്വേഷിക്കുന്ന മനോഭാവം വിശ്വാസത്തിന് തടസം സൃഷ്ടിക്കും. യോഹന്നാൻ 5:44 ൽ യേശു പറഞ്ഞു, "ഏക സത്യ ദൈവത്തെ ബഹുമാനിക്കാതെ, തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് നിങ്ങൾക്ക് എങ്ങനെ ദൈവത്തിൽ വിശ്വസിപ്പാൻ കഴിയും?"

എന്തുകൊണ്ട് പൗലൊസ് സേവിച്ചു? സ്നേഹം നിമിത്തമായിരുന്നു അവൻ സേവിച്ചത്. പ്രത്യേക അവകാസങ്ങളോ, അല്ലെങ്കിൽ അത്യാഗ്രഹമോ, ഇല്ലാത, മുഖസ്തുതി ഒന്നും ഉപയോഗിക്കാതെയാണ് പൗലൊസ് പ്രവർത്തിച്ചതെങ്കിൽ, പിന്നെ എന്താണ് പൗലൊസിനെ പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചത്? വാക്യം 8 ൽ അവൻ പറഞ്ഞു, "നിങ്ങൾ ഞങ്ങൾക്ക് പ്രിയരാകയാൽ, ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളുടെ പ്രാണനും കൂടെ വെച്ചു തരുവാൻ ഞങ്ങൾ ഒരുക്കമായിരുന്നു."

സന്ദേശം ആശയവിനിമയം നടത്തുമ്പോൾ, വസ്തുതകൾ മാത്രമല്ല നിരത്തുന്നത്. വിശ്വാസം-പാപക്ഷമാപണം, മാ നസാന്തരം, ഏറ്റു പറച്ചൽ, ക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെടുന്ന സ്നാനം എന്നിവയും പ്രഖ്യാപിക്കുന്നു. നാം ഒരു സന്ദേശം മാത്രമല്ല കൊണ്ടു വരുന്നത്, മറിച്ച് നമ്മെയും കൂടെയാണ്. പൗലൊസിനെ പോലെ ഒരു ഉപദേഷ്ടാവിന്, സുവിശേഷകന്, വ്യക്തിപരമായ പ്രവർത്തകന് ഇങ്ങനെ പറയുവാൻ കഴിയും, "ഞാൻ നിങ്ങൾക്ക് പ്രിയപ്പെട്ടവനാണ്" എന്ന്. പൗലൊസിന്റെ ഏറ്റവും വലിയ ലക്ഷ്യം സ്നേഹ ലക്ഷ്യം ആയിരുന്നു എന്നു പറയുന്നതിന് തുല്യമാണ് അത്. അവൻ കർത്താവിനെ സ്നേഹിച്ചു, സുവിശേഷത്തെയും സ്നേഹിച്ചിരുന്നു. അവൻ ആളുകളുടെ ആത്മാക്കളെ സ്നേഹിച്ചിരുന്നു എന്ന വലിയ സത്യ വസ്തുത പ്രത്യേകിച്ച് ഈ വേദഭാഗം മുഖാന്തരം വെളിപ്പെട്ടിരിക്കുന്നു.

*രീതി (2:7, 11).* രീതിയെ സംബന്ധിച്ചോ? ലക്ഷ്യവും രീതിയും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഒരാളുടെ ലക്ഷ്യം അയാളുടെ രീതിയയും ശൈലിയെയും വ്യക്തമാക്കുന്നു. സ്പർശിക്കുന്ന രണ് ചിത്രങ്ങളാണ് പൗലസ് ഈ ഭാഗത്ത് നൽകിയിരിക്കുന്നത്. അവയിൽ ഒന്ന് വാക്യം 7 ൽ കാണാം. അവൻ പറയുന്നു, "ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ, ഞങ്ങൾ നിങ്ങളുടെയിടയിൽ ആർദ്രതയുള്ളവരായിരുന്നു." വാക്യം 11 ൽ അതിനേക്കാൾ സ്പർശിക്കുന്ന ചിത്രമാണ് കാണിച്ചിരിക്കുന്നത്; വ്യക്തിപരമായ കരുതലിനെയാണ് അത് കാണിക്കുന്നത്. അവൻ പറയുന്നു, "ഒരു അപ്പൻ മക്കളെ എന്ന പോലെ പ്രബോധിപ്പിച്ചും, പ്രോൽസാഹിപ്പിച്ചും, സാക്ഷ്യം പറഞ്ഞു എന്നതിന് നിങ്ങളും ദൈവവും സാക്ഷി."

ഓരോ കുട്ടിയും ചില സമയത്ത് തന്റെ അപ്പനോടും അമ്മയോടും കൂടെ ആയിരിക്കും. മാതാപിതാക്കളായ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളോട് കോപത്തോടുകൂടി ആയിരിക്കുകയില്ല ഇടപെടുന്നത്. രിതിയിലും ശൈലിയിലും സ്നേഹം തുളുമ്പുന്ന ഭാവമായ വലിയ സ്നേഹമാണ് ഈ ഭാഗത്ത് കാണുവാൻ കഴിയുന്നത്. തെസ്സലൊനിക്യയിലെ ഓരോ പരിവർത്തകരോടും അവന്

വ്യക്തിപരമായ കരുതൽ ഉണ്ടായിരുന്നു. അത് അർദ്ര കരുണയായിരുന്നു. ആധികാരിക സന്ദേശം അവൻ സ്നേഹത്താലായിരുന്നു അവതരിപ്പിച്ചത്. തന്നെത്തനെ നൽകുവാനും പൗലൊസ് തയ്യാറായിരുന്നു.

ഹൃദയങ്ങളെ തുറക്കുന്നത് പലപ്പോഴും *തത്വ*മല്ല, പിന്നെയോ *സ്നേഹ*മാണ്. നിങ്ങൾ എത്രത്തോളം അവരെ ശ്രദ്ധിക്കുന്നു എന്ന് അറിയുന്നതുവരെ നിങ്ങൾക്ക് എന്ത് *അറിയാം* എന്ന് ആളുകൾ *ചിന്തിക്കുക*യേയില്ല എന്ന് പറയുന്നത് സത്യമല്ലേ?

*ദ ലൈഫ് ഓഫ് റീസൺ* എന്ന പുസ്തകത്തിന്റെ ആദ്യത്തെ-അഞ്ച് വാല്യം ജോർജ് സന്തായണ 1905 ൽ പൂർത്തിയാക്കി. പിന്നീട് അദ്ദേഹം മരിക്കുന്നതിന് മുൻപ് ആ പുസ്തകം വീണ്ടും എഡിറ്റ് ചെയ്ത് രണ്ടാമത് എഴുതുകയുണ്ടായി. ആ ദീർഘ വർഷങ്ങൾക്കിടയിൽ, തിലർ അദ്ദേഹത്തോട് ചോദിച്ചു, “നിങ്ങളുടെ കാഴ്ച്ചപ്പാടിൽ മാറ്റം വന്നുവോ?” അദ്ദേഹം ഉത്തരം പറഞ്ഞു, “ഇല്ല! ഇല്ല! ഞാൻ പറഞ്ഞത് അധികവും ഒരേ കാര്യമാണ്, എന്നാൽ കാലശബ്ദത്തിൽ വ്യത്യാസമുണ്ടായിരുന്നു എന്നു മാത്രം.” ആ ശബ്ദ സ്വരം വളരെ പ്രധാനപ്പെട്ടതാണ്. വലിയ ഉപദേശത്തിലും, പ്രസംഗത്തിലും, വ്യക്തിപരമായ പ്രവർത്തനത്തിലും, അർത്ഥവും രീതിയും വ്യത്യസ്തമായിരിക്കും. നാം സ്നേഹ സന്ദേശം അവതരിപ്പിക്കുമ്പോൾ, നാം അവലംബിക്കുന്ന രീതി സ്നേഹമുള്ളതായിരിക്കണം.

*ഉപസംഹാരം.* ഇതുപോലെയുള്ള വലിയ സന്ദേശം സ്നേഹത്തോടെ അവതരിപ്പിക്കുമ്പോൾ, അത് ആളുകൾ തിരസ്ക്കരിക്കുന്നത് പ്രയാസമുള്ള കാര്യമാണ്. ഈ രക്ഷാ സന്ദേശം ആത്മാർത്ഥതയോടെ നമ്മിൽ പലരും ആളുകളിൽ എത്തിക്കുമ്പോൾ, ആളുകൾക്ക് അത് വിശ്വസിക്കുവാനല്ലാതെ മറ്റെന്തു ചെയ്യുവാനാണ് കഴിയുന്നത്.

സന്ദേശം നാം കാണുന്നു. അത് ദൈവത്തിന്റെ വചനം ആണ്: “നിങ്ങൾ കൈക്കൊണ്ടത് ... സാക്ഷാൽ ദൈവ വചനം ആയിട്ടു തന്നെ” (1 തെസ്സ. 2:13). നാം ലക്ഷ്യം നാം കാണുന്നു—വലിയ സ്നേഹ ലക്ഷ്യം, ഭൗതികമായ ലക്ഷ്യമല്ല, മനുഷ്യരുടെ മാനം അന്വേഷിക്കുന്ന ലക്ഷ്യവുമല്ല. നഷ്ടപ്പെട്ടവരെ പൗലൊസ് തിരഞ്ഞു രക്ഷിപ്പാൻ ആഗ്രഹിച്ച്ത്, സ്നേഹം എന്ന ഏക ലക്ഷ്യത്താലായിരുന്നു- “ഒരു അമ്മ മക്കളോട് എന്നപോലെ ആർദ്ര കരുണയോടെ ആയിരുന്നു,” അതല്ലെങ്കിൽ “ഒരു അപ്പൻ മക്കളോട് എന്നപോലെയുള്ള കരുതൽ” ആയിരുന്നു പൗലൊസിന് അവരോട് ഉണ്ടായിരുന്നത്. ഏഎം

**നല്ല ഹൃദയം ഉള്ള ആളുകൾ (2:13-20)**

ദൈവത്തോടുകൂടെ ഏറ്റവും നന്നായിരിക്കുവാൻ ഏറ്റവും നല്ല മാർഗമെന്തെന്ന് പണ് ഒരു ഗുരു പണ്ഡിതന്മാരെന്ന് കണക്കാക്കിയിരുന്ന ചിലരോട് ചോദിച്ചു. അവരിൽ ഒരാൾ വന്ന് പറഞ്ഞു, ഒരാൾക്ക് ബൈബിൾ കാഴ്ച്ചപ്പാട് ഉണായിരിക്കണം, അതിനർത്ഥം, അയാളുടെ സ്വഭാവത്തിൽ അയാൾ തൃപ്തനായിരിക്കണം. രണാമത്തെ ആൾ വന്നു പറഞ്ഞത്, നിങ്ങൾ ഒരു നല്ല സുഹൃത്ത് ആണെന്ന് ഉറപ്പു വരുത്തുക എന്നാണ്. മൂന്നാമത്തെ ആൾ പറഞ്ഞു, നിങ്ങൾ ഒരു നല്ല അയൽക്കാരൻ ആകണം. അവസാനം എലയാസർ എന്ന ആൾ വന്നു പറഞ്ഞു, എല്ലാറ്റിലും നല്ലത് ഒരു നല്ല ഹൃദയത്തിനുടമയാകുക എന്നാണ്. അതിന് അവരുടെ ഗുരു ഉത്തരം പറഞ്ഞത്, “സർ, താങ്കൾ പറഞ്ഞ ഉത്തരം, ശരിയാണ്, കാരണം നല്ല ഹൃദയമുണ്ടെങ്കിൽ, നല്ല കാഴ്ച്ചപ്പാട്

ഉണ്ടാകും, നല്ല സുഹൃത്ത് ആകും, നല്ല അയൽക്കാരനാകും" എന്നാണ്.

"നല്ല ഹൃദയമുള്ള ആളുകളെ" കുറിച്ചാണ് അപ്പൊസ്തലനായ പലൊസ് ഒന്ന് തെസ്സലൊനിക്യർ 2:13–20 വരെ രേഖപ്പെടുത്തിയിരിക്കുന്നത്. താൻ അവരോടുകൂടെ ആയിരുന്നപ്പോൾ, തെസ്സലൊനിക്യർ എങ്ങനെ ദൈവവചന ത്തോട് പ്രതികരിച്ചു എന്നാണ് അവൻ അവിടെ വിവരിക്കുന്നത്. അവർക്ക് ''നല്ല ഹൃദയം'' ഉണ്ടായിരുന്നു എന്നാണ് അവരുടെ പ്രതികരണം തെളിയിച്ചത്. ഈഈ

**നന്ദിയുള്ള ഉപദേഷ്ടാക്കന്മാർ (2:13-20)**

തെസ്സലൊനിക്യരുമായി പൗലൊസ് ഒരു ആത്മ ബന്ധം രൂപ പ്പെടുത്തിയിരുന്നു. 2:13–20 ൽ, തെസ്സലൊനിക്യയിലുള്ള ക്രിസ്തുവ ിലുള്ള സഹോദരീസഹോദരന്മാരോടുള്ള സന്തോഷം അവൻ പ്ര കടമാക്കി. ഫിലിപ്പിയയിൽ നിന്നും പൗലൊസിനേയും, തിമൊഥെയൊ സിനേയും, ശിലാസിനേയും ഓടിച്ചു കളഞ്ഞ ശേഷം, സാധാരണ ഒരു ബന്ധമായിരുന്നില്ല അവർക്ക് തെസ്സലൊനിക്യയിൽ ലഭിച്ചത്. അവർ ഒരുമിച്ച് ആയിരുന്നപ്പോഴുണ്ടായിരുന്ന ബന്ധം താൽക്കാലികമോ, വിട്ടുപേ ാകുമ്പോൾ ഇല്ലാതാകുന്നതോ ആയിരുന്നില്ല. അത് ആയുഷ്ക്കാല-ബ ന്ധത്തേക്കാളുപരിയായിരുന്നു; ആ ഉപദേഷ്ടാക്കന്മാരുടെ മനസിൽ ആ ബന്ധം നിത്യമായിട്ടുള്ളതായിരുന്നു.

നാം മറ്റുള്ളവരെ പഠിപ്പിക്കുമ്പോൾ, സഹ-ക്രിസ്ത്യാനികൾക്ക് വേണ്ട ഉപദേശങ്ങൾ നൽകുമ്പോൾ, ദൈവേഷ്ടം ചെയ്യുവാൻ നാം സഹോദരീസഹോദരന്മാരെ ഉത്തേജിപ്പിക്കുമ്പോൾ, നാം വളർത്തുന്നത് ഒരു നിത്യ ബന്ധമാണ്. സഭ പ്രവർത്തിക്കുവാൻ ദൈവം ആഗ്രഹിക്കുന്ന രീതിയാണ്, ദൈവ സന്നിധിയിൽ വിലയുള്ള പഠിപ്പിക്കലും, ഉപദേശവും, ഉത്തേജനവും.

*ദൈവത്തിന്റെ വചനം പ്രവർത്തിക്കട്ടെ (2:13).* ഉപദേഷ്ടാക്കന്മാർ ദൈവ വചനം പിൻപറ്റുമ്പോൾ എന്താണ് സംഭവിക്കുന്നത്? ഉപദേഷ്ടാക്കന്മാർ ദൈവ വചനം അനുസരിച്ച് ജീവിക്കുമ്പോൾ, അവർ പഠിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തു സംഭവിക്കും? അത്ഭുത കാര്യങ്ങൾ സംഭവിക്കും! പ്രസംഗിക്കുന്നത് ദൈവത്തിൽ നിന്നുള്ള സന്ദേശമാണെന്ന് ആളുകൾ തിരിച്ചറിഞ്ഞ്, വചനം മുഖാന്തരം അവർ തങ്ങളെ ദൈവത്തിനായി സമർപ്പിച്ചാൽ, നിത്യതക്കായി അവൻ അവരുടെ ജീവിതത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. അങ്ങനെ ജീവിതങ്ങൾ നിത്യതക്കായി രൂപാന്തരപ്പെടും!

1:2, 3 ലെ സ്തോത്ര ചിന്ത, വിപുലീകരിച്ച് 2:13 ൽ പുന രാവിഷ്ക്കരിച്ചിരിക്കുകയാണ്. പൗലൊസും സംഘവും നിരന്തരമായി ദൈവത്തിന് സ്തോത്രം ചെയ്യുവാൻ കാരണം അവൻ പ്രകടമാക്കിയിരിക്കുന്നു. ദൈവം തങ്ങൾക്കായി ഒരു സന്ദേശം രൂപപ്പെടുത്തിയിരുന്നു എന്ന് തെസ്സലൊന ിക്യയിലെ ക്രിസ്ത്യാനികൾ മനസിലാക്കിയിരുന്നു. ദൈവം അവരെ വാസ്ത വമായും കരുതിയിരുന്നു എന്ന് യേശുവിന്റെ രക്ഷാ പ്രവൃത്തിയിൽ കൂടെ ദൈവംകാണിച്ചുകൊടുത്തു. നിത്യമായ ലക്ഷ്യസ്ഥാനത്ത് എത്തുവാൻ ദൈ ദവം അവരെ സഹായിക്കുവാൻ ആഗ്രഹിച്ചു എന്ന് അവർക്ക് ബോധ്യമായി. തൽഫലമായി, ദൈവഹിതം നിവർത്തിക്കുന്നതായിരുന്നു അവരുടെ ജീവിതത്തിലെ പ്രഥമ പരിഗണന. സുവിശേഷം ദൈവത്തിൽ നിന്നു തന്നെ

വന്ന സന്ദേശം ആയി അവർ സ്വീകരിച്ചു!

നാം കേട്ട ഉപദേശം ദൈവത്തിന്റെ വചനത്താൽ നമ്മിൽ പ്രവർത്തിക്കുവാൻ അനുവദിച്ച്, അത് മറ്റുള്ളവരിൽ എത്തിച്ച് അവരിൽ ദൈവം പ്രവർത്തിക്കുവാൻ നാം അനുവദിക്കണം. ദൈവത്തിന്റെ വചനം പ്രവർത്തിക്കുമ്പോൾ, അത് വ്യക്തികളുടെ ജീവിതത്തെ മാറ്റും, ഇടവകകളെ തന്നെ മാറ്റും.

*വിശ്വസ്തരെ അനുഗമിക്കുക (2:14, 15).* ദൈവ സന്ദേശം കേൾക്കുമ്പോൾ അത് ദൈവിക പദ്ധതി ആണെന്ന് തിരിച്ചറിഞ്ഞ് കൈക്കൊള്ളുന്നത് ഒരു കാര്യം, അതേ സമയത്ത് പ്രതിസന്ധികളിൽ തളരാതെ വിശ്വാസത്തിൽ തന്നെ ഉറച്ചു നിൽക്കുക എന്നത് മറ്റൊരു കാര്യമാണ്. "ഈ കാര്യത്തിൽ എന്റെ കുടുംബം എന്നെ എതിർത്താലോ?" അല്ലെങ്കിൽ "എന്റെ സഹ പ്രവർത്തകർ എന്നെ പരിഹസിച്ചാൽ ഞാൻ അതിനെ എങ്ങനെ തരണം ചെയ്യും?" എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പുതിയ ക്രിസ്ത്യാനികളോ അല്ലെങ്കിൽ ക്രിസ്തീയ ജീവിതം തുടർന്നുകൊണ്ടിരിക്കുന്നവരോ അഭിമുഖീകരിക്കേണ്ടി വരും. "സാത്താൻ തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുവാൻ അവൻ പരമാവധി ശ്രമിക്കുന്നതിനെ ഞാൻ അനുകൂലിക്കുമോ?"

തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ എങ്ങനെയാണ് കഷ്ടതയോട് പ്രതികരിച്ചത്? അവർ സഹിച്ചു; അവർ വിശ്വസ്തരായി ജീവിച്ചു (2:14, 15). ചില രാജ്യങ്ങളിൽ പരസ്യാരാധന വിലക്കിയിരിക്കുകയാണ്. അത്തരം നിയന്ത്രണങ്ങൾ ക്രിസ്ത്യാനികളായ നമുക്ക് നേരിടുകയില്ല എന്നു നാം വിചാരിച്ചേക്കാം. ഏതൊരു സാഹചര്യത്തിലായാലും-ഉപദ്രവസമയത്തായാലും, നമുക്ക് നമ്മുടെ ദൈവത്തെ പ്രസാദിപ്പിച്ച്, ആരാധിച്ച്, സേവിക്കുവാൻ കഴിയും.

നമുക്ക് ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തിന് നാം ദൈവത്തിന് നന്ദിയുള്ളവരായിരിക്കണം, വിശ്വാസം നിമിത്തം ചില ആളുകൾ ഉപദ്രവിക്കപ്പെടുകയാണ്, എങ്കിലും ഏതൊരു സന്ദർഭത്തിലും നാം വിശ്വസ്തരായി നിലകൊള്ളുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രയാസം നിമിത്തം ദൈവത്തെ സേവിക്കുന്നത് ഉപേഷിച്ചുകളവാനുള്ള പരീക്ഷണം നേരിട്ടാലും, നാം അതിനോട് പോരാടി ജയിക്കണം. സ്നേഹിതരിൽനിന്നുള്ള എതിർപ്പോ അല്ലെങ്കിൽ പ്രതികൂലമോ നേരിട്ടാലും, സഹോദരന്മാരിൽ നിന്നും ബന്ധുക്കളിൽ നിന്നും എല്ലാം എതിർപ്പുകൾ നേരിട്ടാലും, നാം ദൈവത്തിലുള്ള വിശ്വസ്തത മുറുകെ പിടിക്കണം. നാം വിശ്വാസം നിമിത്തം നിന്ദയും പരിഹാസവും സഹിക്കേണ്ടി വന്നാലും, വിശ്വസ്ത കൈവെടിയുവാനിടയാകരുത്.

*എതിർപ്പുകൾ പ്രതീക്ഷിക്കുക (2:15, 16).* ദൈവത്തിൽ വിശ്വസ്തരായവരെ ഉപദ്രവിക്കുന്നത് ദൈവത്തെ ഉപദ്രവിക്കുന്നതിന് തുല്യമാണ്, അതുവഴി അവർ എല്ലാവരുടേയും നന്മയെയുമാണ് എതിർക്കുന്നത്. വിശുദ്ധന്മാരെ തടയുന്നവർ സാത്താന്റെ വഴികളാണ് നല്ല വഴികൾ, ദൈവ വഴി പ്രയാസമുള്ളതാണ് എന്ന സന്ദേശമാണ് പരത്തുന്നത്. ആകയാൽ, ദൈവം ആഗ്രഹിക്കുന്നതിന് പകരം, സാത്താൻ ആഗ്രഹിക്കുന്നത് ചെയ്യുവാൻ ക്രിസ്ത്യാനികളെയും ക്രിസ്ത്യാനികളാകാത്തവരെയും ഉത്തേജിപ്പിക്കുകയാണ്.

എതിർപ്പ് നാം പ്രതീക്ഷിക്കണം. ദൈവം ആഗ്രഹിക്കുന്നത് നാം ചെയ്യുമ്പോൾ നാം അവനെ പ്രസാദിപ്പിക്കുന്നു, അത് സാത്താന് ഇഷ്ടപ്പെടുകയില്ല. അവൻ നമ്മുടെ നല്ല ചിന്തകളെ, നല്ല സംസാരത്തെ, എല്ലാ നല്ല പ്രവൃത്തികളെയും

എതിർക്കും. ആ നല്ല പ്രവൃത്തികളെ തടസപ്പെടുത്തുവാൻ അവൻ ആരെയും ഉപയോഗിക്കും. സാത്താൻ നിങ്ങളോട് എതിർക്കുമ്പോൾ, അതിശയിക്കരുത്. നിങ്ങൾക്ക് അത് പ്രതീക്ഷിക്കാം!

ചില രീതിയിൽ പാപം ആകർഷണിയമാണ്, അതിന്റെ അനന്തരഫലം എപ്പോഴും മരണം ആണ്, അതായത് ദൈവത്തിൽ നിന്നുള്ള വേർപാട്, കാരണം "പാപത്തിന്റെ ശമ്പളം മരണം ആണ്" (റോമ. 6:23). പാപത്തിന്റെ മരണകരമായ അനന്തരഫലത്തെ നാം ചിലപ്പോൾ തിരിച്ചറിയുകയില്ല. മോശമായ ഫലം ഉളവാകാത്ത വിധത്തിൽ, തങ്ങൾക്ക് പാപത്തിൽനിന്ന് ഒഴുഞ്ഞു മാറുവാൻ കഴിയും എന്നാണ് ചിലർ വിചാരിക്കുന്നത്. നമ്മുടെ പാപം നമ്മെ മരിക്കുമാറാക്കി-ദൈവപുത്രനെയും മരിക്കുവാനിടയാക്കിയത് മറ്റൊന്നല്ല. ദൈവ വഴിക്ക് ഈലോകത്തിലും ഗുണമുണ്ട്, ശേഷം വരുവാന ുള്ള ലോകത്തിൽ ദൈവത്തോടുകൂടെ നിത്യജീവനും ലഭിക്കും. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ചാൽ നമുക്ക് എതിർപ്പ് ഉണ്ടാകും തീർച്ച, എന്നാൽ ദൈവത്തോടും തന്റെ ജനത്തോടുംകൂടെ നിത്യ സന്തോഷവും അന ുഭവിക്കുവാൻ കഴിയും.

*സഹോദരന്മാരെ സ്നേഹിക്കുക (2:17, 18).* ചില ആളുകൾ തെസ്സലൊന ിക്യരെ വെറുത്തിരുന്നു എങ്കിലും, മറ്റുള്ളവർ അവരോടുകൂടെ ആകുവാൻ ഇഷ്ടപ്പെട്ടിരുന്നു. ചിലർ അവരുടെ പ്രവൃത്തികളെ എതിർത്തപ്പോൾ, മറ്റു ചിലർ അവരുടെ പ്രവൃത്തികളിൽ വിസ്മയിക്കുയും ചെയ്തു. തെസ്സലൊന ിക്യ വിട്ടുപോയ ശേഷം പൗലൊസിനും ശിലാസിനും തിമൊഥെയൊസിന ും വീണ്ടും അവരെ കാണുവാൻ ആഗ്രഹിച്ചത് അവരെ അറിയിക്കുകയും ചെയ്തു!

മറ്റു സ്ഥലങ്ങളിലെ ഉത്തേജിപ്പിച്ച് ലേഖനം എഴുതുമ്പോൾ, സംഭാഷണത്തിൽ ഉൾപ്പെടുത്താവുന്ന മറ്റൊരു സന്ദേശം ഇതാ: നാം അവരെ വിട്ട് പിരിഞ്ഞിട്ടു നാളുകളായി അവരെ കാണുവാൻ അതിയായി ആഗ്രഹിക്കുന്നു. സ്നേഹം, ഭക്തി, ആദരവ് എന്നിവ ക്രിസ്തീയ കൂട്ടായ്മയുടെ ഭാഗമാണ്. ആ മനോഭാവവും വികാരവും സ്വാഭാവികമായി പ്രകടിപ്പിക്കുന്നത് സ്നേഹം നിമിത്തമാണ്. നാം നമ്മുടെ സഹോദരീ സഹോദരന്മാരെ സ്നേ ഹിക്കണം, അവർ അത് അറിയുകയും വേണം!

എതിർപ്പുകൾ നിമിത്തം ശരിയായി സ്നേഹപ്രകടനം നടത്തുവാൻ നമുക്ക് കഴിയാതെ വരുന്നു. പ്രയാസം നേരിടുമ്പോൾ, നമുക്ക് ചെയ്യുവാൻ കഴിയുന്നത് ചെയ്യാതിരിപ്പാനുള്ള ശ്രമം പരാജയപ്പെടുത്തണം. ക്രിസ്ത്യാനിക്ക്, എവിടെ ഒരു ജീവനുണ്ടോ, അവിടെ സ്നേഹം ഉണ്ടാകണം!

*പുനസമാഗമം കാംക്ഷിക്കുക (2:19, 20).* ക്രിസ്ത്യാനിക്ക് ഏതൊരു പരാജയവും താൽക്കാലികമാണ്, ഏതൊരു പ്രശ്നവും അതിജീവിക്കാവുന്നതേയുള്ളു. യേശു സകലത്തിന്റേയും കർത്താവാകയാൽ, സകല ശത്രുക്കളെയും-മരണത്തെയും അവൻ നീക്കം ചെയ്യും (1 കൊ. 15:23-26). മറ്റു വിശ്വസ്തരമായ സഹോദരന്മാരിൽ നിന്നു വേർപിരിഞ്ഞിരിക്കുന്നത് താൽക്കാലികമാണ്, നമ്മെ കാത്തിരിക്കുന്നത്, യേശുവിനോടും വലിയോരു കൂട്ടം ക്രിസ്ത്യാനികളോടും കൂടെ ഒത്തു ചേരുവനാനാണ്.

യേശുവിന്റെ മടങ്ങി വരവിനെ അദ്ധ്യായം 2 ന്റെ അവസാനഭാഗം വിശദമാക്കുന്നു. ഇത് ദൂരെ പോയിരിക്കുന്നവർക്കോ മന്ദതയുള്ളവർക്കോ ഒരു മുന്നറിയിപ്പ് വടി കാണിക്കുകയല്ല. ആ ക്രിസ്ത്യാനികളെ അവരുടെ

ഉപദേഷ്ടാക്കന്മാർ ശക്തമായ വികാരത്താൽ ഉത്തേജിപ്പിക്കുകയാണ്. കർത്താവായ യേശുവിന്റെ മടങ്ങി വരൽ, അവരുടേയും മടങ്ങി വരവിനുള്ള അവസരമാണ്.

ആ ഉപദേഷ്ടാക്കന്മാർ പറഞ്ഞത് എന്തായിരുന്നു? "യേശു വീണ്ടും വരുന്നു! നാം അതിൽ ആവേശമുള്ളവരാണ്! കാരണം എന്ത്? ഞങ്ങൾക്ക് നിങ്ങളെ എന്നേക്കുമായി കാണുവാൻ കഴിയും! നിങ്ങളെ കുറിച്ച് ഞങ്ങൾക്ക് എന്തു തോന്നുന്നു എന്ന് നിങ്ങളെ എഴുതി അറിയിക്കുവാൻ ഞങ്ങൾ താൽപ ര്യപ്പെടുന്നു!"

നാം നമ്മുടെ സഹ ക്രിസ്ത്യാനികളെ സഹായിക്കുവാൻ ശ്രമിക്കുമ്പോൾ, ഇത് എന്തു വലിയോരു മാതൃകയാണ്. നാം നമ്മുടെ വിദ്യാർത്ഥികളോട് "ഞാൻ നിങ്ങളോടുകൂടെ സ്വർഗത്തിൽ പരസ്പരം കാണുവാൻ ആഗ്രഹിക്കുന്നു," എന്നു പറയുമ്പോൾ, അവർക്ക് എത്ര പ്രോൽസാഹനമായിരിക്കും. യേശുക്രിസ്തു മടങ്ങി വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. "അപ്പോൾ എനിക്ക് നിങ്ങളോടുകൂടെ ആയിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു" എന്ന് ഒരു സഹോദരനോ സഹോദരിയോ നമ്മോട് പറഞ്ഞാൽ അത് എത്ര പ്രോൽസ ാഹജനകമാകും!

*ഉപസംഹാരം.* ഉപദേഷ്ടാക്കന്മാർ തങ്ങളുടെ വിദ്യാർത്ഥികളുമായുള്ള ബന്ധത്തെ കുറിച്ച് കരുതലുള്ളവരാണെങ്കിൽ, സഭ ശക്തമാകും. ഉപ ദേഷ്ടാക്കന്മാരുടെ നല്ല ഗുണങ്ങളെ അവരുടെ വിദ്യാർത്ഥികൾ അന ുകരിക്കുവാനാഗ്രഹിക്കുന്നു എന്നത് ആ ഉപദേഷ്ടാക്കന്മാർക്ക് ഉത്തേജനം തന്നെയാണ്. പ്രയാസമേറിയ സാഹചര്യങ്ങളുണായിട്ടും, വിശ്വസ്ത മാതൃക കാണുന്നത് പിൻപറ്റുവാനുള്ള ശ്രമം സഹ ക്രിസ്ത്യാനികളിൽ കാണുന്നത് പ്രോൽസാഹിപ്പിക്കുന്നതു തന്നെയാണ്.

ക്രിസ്ത്യാനികൾക്ക് തമ്മിൽ തമ്മിൽ ശക്തമായ ഒരു ബന്ധം വളർത്തിയെടുക്കുവാനുള്ള ഒരു ഉൾക്കാഴ്ച്ചയാണ് ആ വാക്യങ്ങൾ നമുക്ക് നൽകുന്നത്. ദൈവത്തിന്റെ ഭവനം നമ്മുടെ ഭവനമായി നാം സ്വീകരിക്കുമ്പോൾ, നമുക്ക് സന്തോഷം അനുഭവിക്കുവാൻ കഴിയും. റ്റിപി

**ദൈവത്തിന് വേണ്ടി കഷ്ടത സഹിക്കൽ (2:14-16)**

തങ്ങൾക്ക് ദൈവത്തിലുള്ള സമർപ്പണം നിമിത്തമായിരുന്നു തെസ്സലൊന ിക്യർ കഷ്ടതയനുഭവിച്ചത്, പക്ഷെ അവർക്ക് നല്ല ഹൃദയമുണ്ടായിരുന്നതിന ാൽ, അവർ വിശ്വാസം വിട്ടുകളയാതെ അതിനെ സഹിച്ചു. ശത്രുതാ സാഹച ര്യം നിലനിൽക്കുന്ന സന്ദർഭത്തിൽ ഒരാൾക്ക് ക്രിസ്തുവിനെ സേവിക്കുക എന്നത് എത്ര വിഷമകരമാണ് എന്നു ചിന്തിക്കുക.

തെസ്സലൊനിക്യർ "ദൈവസഭകൾക്ക് അനുകാരികളായി തീർന്നു ... ധഅവരുടെപ സ്വജാതിക്കാരാൽ അവർ അനുഭവിച്ച ... കഷ്ടത അവർ സഹിച്ചിധരുന്നുപ" (വാ. 14). പാലസ്തീനിലെ ക്രിസ്ത്യാനികൾ ഉപ ദ്രവിക്കപ്പെട്ടത് അക്രൈസ്തവ യെഹൂദന്മാരാലായിരുന്നു (പ്രവൃ. 5:27–42; 8). തെസ്സലൊനിക്യർ കഷ്ടത ഏറ്റത് അവരുടെ സ്വജാതിക്കാരായ "ജാതികളാലായിരുന്നു," പക്ഷെ അതിനെ ജ്വലിപ്പിച്ചത് യെഹൂദന്മാരായിരുന്നു (പ്രവൃ. 17:1–10).

ക്രിസ്ത്യാനികളെ ഉപദ്രവിച്ച അ-ക്രൈസ്തവരായ യെഹൂദന്മാരെ പേ ാൾ ഹാർഷ്ലി നിശിതമായി കുറ്റപ്പെടുത്തിയിരുന്നു (വാ. 15, 16). തന്റെ പ്രിയ

ബന്ധുക്കൾ ഉൾപ്പെട്ട സമൂഹമായിരുന്നു എങ്കിലും. (റോമ. 9:1-4), പൗലൊസും സഭയെ ഉപദ്രവിച്ചതിനെ നിശിതമായി ഖണ്ഡിച്ചിരുന്നു. പിലാത്തൊസിന് യേശുവിൽ കുറ്റം ഒന്നും കണ്ടെത്താനായില്ലെങ്കിലും, അവർ ആയിരുന്നു അവനെ കൊല്ലുവാൻ റോമാക്കാരെ ഏൽപിച്ച് കൊടുത്തത് (മത്താ. 27:15-26; പ്രവൃ. 2:22-24). പഴയനിയമ "പ്രവാചകന്മാരെ ... കൊന്ന" ചരിത്രവും അവർക്ക് ഉണ്ടായിരുന്നു (മത്താ. 23:29-32; ലൂക്കൊ. 11:47-51; പ്രവൃത്തികൾ 7:51, 52). തെസ്സലൊനിക്യയിൽ സഭ ആരംഭിക്കുന്നതിന് മുൻപ് അവർ "ധതന്നെപ ഓടിച്ചു കളഞ്ഞു" എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (പ്രവൃ. 17:1-9). ''അവർ സകല മനുഷ്യർക്കും ശത്രുക്കൾ ആയിരുന്നു.'' ''ജാതികൾ രക്ഷിക്കപ്പെടുവാന്തക്കവണ്ണം ജാതികളോട് സംസാരിക്കുന്ന മറ്റുള്ളവരെ വിലക്കുകയും ചെയ്തിരുന്നു" (പ്രവൃ. 13:42-45; 22:21, 22 നോക്കുക).

അവരുടെ സ്വഭാവം നിമിത്തം, അവർ "തങ്ങളുടെ പാപത്തിന്റെ അളവ് വർദ്ധിപ്പിച്ചു," അല്ലെങ്കിൽ എൻഐവി പറയുന്നതു പോലെ, "ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ആയിരുന്നില്ല,'' "ഏറ്റവും അധികം ദൈവകോപം അവരിലേക്ക് പകരുകയും ചെയ്തു" (വാ. 16). അവരുടെ മസ്സരത്തോട് ദൈവത്തിന് ശക്തമായ കോപമാണ് ജനിച്ചത്, എന്നാൽ ആ കോപം ശിക്ഷ വരുത്തുവാനിടയാക്കി എന്ന് വാക്യം 16 പറയുന്നു (വെളി. 20:10 നോക്കുക). "വന്നു" എന്ന് ഭൂതകാലത്തിലാണ് പൗലൊസ് ഉപയോഗിതച്ചിരിക്കുന്നത്, അതായത് ന്യായവിധി വന്നു കഴിഞ്ഞു എന്ന സൂചനയാണ് നൽകുന്നത്. എ.ഡി. 70 ൽ യെരുശലേം നശിപ്പിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ ന്യായവിധി ഭാഗികമായി അന്നാളിൽ അവരിൽ വന്നു കഴിഞ്ഞു. മൽസരികൾക്ക് ഏറ്റവും വലിയ ശിക്ഷാവിധി ന്യായവിധി നാളിൽ വരുവാനിരിക്കുന്നു!

ഇന്ന് നാം ക്രിസ്തുവിന്റെ നാമം നിമിത്തം കഷ്ടത സഹിക്കുന്നുണ്ടോ? ചില രാജ്യങ്ങളിൽ, ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസം നിമിത്തം കഷ്ടം ഏൽക്കുന്നുണ്ട്. മറ്റുള്ളവർ അവരോട് മോശമായി പെരുമാറുകയും ചെയ്യുന്നുണ്ടാകാം. അമേരിക്കയിൽ ഭൗതികമായ അക്രമം ഇല്ല, മറ്റു രീതിയിലുള്ള നിന്ദകളുണ്ടായെന്നു വരാം. നല്ല ഹൃദയം ഉള്ളവർ ക്രിസ്തുവിനു വേണ്ടി കഷ്ടത സഹിച്ച് ശക്തരായിരിക്കും. ഈഈ

**ഉപദ്രവത്തെ സംബന്ധിച്ച സത്യം (2:14-16)**

പൗലൊസ് അവരെ വിട്ടുപോയ ശേഷം തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളുടെ ജീവിതം ദുസ്സഹമായി തീർന്നു. അവർ തങ്ങളുടെ ക്രിസ്തീയ ജീവിതം ആരംഭിക്കുവാൻ തുടങ്ങിയപ്പോൾ, അവർക്കിടയിലേക്ക് എതിർപ്പിന്റെ കാറ്റ് ആഞ്ഞു വീശുവാൻ തുടങ്ങി. ഉടനെ തന്നെ ഉപദ്രവക്കൊടുങ്കാറ്റ് അടിച്ചു. അവിടെ ഉള്ളവർ യൗവന പ്രായത്തിലായിരുന്നതിനാൽ പൗലൊസിനെ പോലെ ഉപദ്രവത്തെ കൈകാര്യം ചെയ്യുവാൻ അവർക്ക് കഴിഞ്ഞില്ല; പക്ഷെ അവരുടെ കഷ്ടതയെ അവർ നന്നായി കൈകാര്യം ചെയ്തു. പൗലൊസ് അവരെ പ്രശംസിച്ചതിനാൽ, അവർ പരീക്ഷാ സമയത്ത് എങ്ങനെയായിരുന്നു എന്ന പ്രധാന സത്യം നമുക്ക് ലഭിക്കുന്നു.

*നീതിയോടനുബന്ധിച്ച് എപ്പോഴും എതിരുകൾ ഉയർന്നേക്കാം.* പൗലൊസിനെ പോലെ തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികളും കഠിനമായ ഉപദ്രവം നേരിട്ടു. അവർ ആരെയും വ്രണപ്പെടുത്തിയില്ല, കുഴപ്പം

ഉണ്ടാക്കിയുമില്ല; അവർ ദൈവം പറഞ്ഞതുപോലെ ജീവിച്ചു എന്നു മാത്രം. അവരുടെ ധ്യാനനിരതമായ ജീവിതത്തെ തുടർന്ന് സാത്താൻ അവരുടെ പുറുകെ തന്നെയായിരുന്നു.

*ഉപദ്രവിച്ചവർ പലരും എപ്പോഴും വലിയ കൂട്ടമായിരുന്നു.* അവർ യേശുക്രിസ്തുവിനും, ആദ്യക്രിസ്ത്യാനികൾക്കും പ്രവാചകന്മാർക്കും എതിരായി ഉയർന്നിരുന്നു. യെരുശലേമിലെയും, യെഹൂദ്യയിലേയും ക്രിസ്ത്യാനികൾ ഉപദ്രവത്തെ നേരിട്ടതുപോലെ തന്നെയായിരുന്നു തെസ്സലൊനിക്യയിലുള്ളവരും ഉപദ്രവത്തെ നേരിട്ടത്. ഉദാഹരണമായി, സ്വജാതിക്കാരാൽ, യെരുശലേമിലെ സഭ വലിയ കഷ്ടം അനുഭവിച്ചു. പ്രവാചകന്മാരെ കൊല്ലുകയും യേശുവിനെ ക്രൂശിക്കയും ചെയ്ത പട്ടണമായിരുന്നു യെരുശലേം.

*ഉപദ്രവത്തിൽ ദൈവം നമ്മെ നിലനിർത്തും.* അവൻ തെസ്സലൊനിക്യരെ സംരക്ഷിച്ചു, നമ്മെയും സംരക്ഷിക്കും. അവരുടേയും അവർക്കു ചുറ്റും ഉണായിരുന്നവരുടേയും വിശ്വസ്തത പൗലൊസിനും മറ്റും അറിയുവാൻ കഴിഞ്ഞിരുന്നു. *ഉപദ്രവകാരി താൻ ചെയ്യുന്നതിന് കണക്ക് കൊടുക്കേണ്ടി വരും.* ക്രിസ്ത്യാനിയെ ഉപദ്രവിക്കുന്നവന്റെ മേൽ ദൈവകോപം വരും നിശ്ചയം. അയാൾ ക്രിസ്ത്യാനികളെ ഉപദ്രവിക്കുമ്പോൾ, അയാളിൽ ദൈവകോപം നിറഞ്ഞു കവിയുകയാണ്.

അടുത്ത പ്രാവശ്യം നിങ്ങൾക്ക് പിതാവിലുള്ള വിശ്വസ്തത നിമിത്തം നിങ്ങൾ അപമാനിതനാകുമ്പോൾ, ഇപ്പോൾ പഠിച്ച സത്യങ്ങൾ ഓർക്കുക. നീതിയോട് സാത്താൻ എതിർക്കുന്നത് സ്വാഭാവികമാണ്. യേശു പറഞ്ഞു, "നിങ്ങൾക്ക് മുൻപേയുള്ള പ്രവാചകന്മാരേയും അവർ അങ്ങനെ തന്നെ ചെയ്തിരിക്കുന്നു" (മത്താ. 5:12). നീതിപൂർവ്വമായ ജീവിതത്തിന് എതിർപ്പ് ഉണ്ടാകും എന്നത് ഉറപ്പാണ്, എന്നാൽ ദൈവം നമ്മെ നിലനിർത്തുകയും ഉപദ്രവിക്കുന്നവരെ ന്യായം വിധിക്കയും ചെയ്യും. ഈസി

**ഉപദേഷ്ടാക്കന്മാരുടെ "സന്തോഷം" (2:17-20)**

തെസ്സലൊനിക്യർ പൗലൊസിന്റെ "സന്തോഷവും," "പ്രശംസാ കിരീടവും" ആയിരുന്നു (വാ. 19). അവൻ അവരെ "സഹോദരന്മാർ" എന്ന് സംബോധന ചെയ്ത് കാണുവാൻ "അതിയായി വാഞ്ഛിക്കുന്നു" എന്നുമാണ് പറഞ്ഞത് (വാ. 17). ഇടവകയോട് അമ്മയപ്പന്മാരുടെ കരുതൽ വെച്ച്കൊണ്ട് പൗലൊസ്, അവരോടുകൂടെ തടവിലാകുവാനും അവൻ ആഗ്രഹിച്ചിരുന്നു (വാ. 7, 11, 17).

*അവർ അവന്റെ "പ്രത്യാശ" ആയിരുന്നു.* അടിസ്ഥാനമായി പറഞ്ഞാൽ, ക്രിസ്തു ആയിരുന്നു പൗലൊസിന്റെ പ്രത്യാശ (1 തിമൊ. 1:1); എന്നാൽ ന്യായവിധിയുമായുള്ള കാര്യത്തിൽ തെസ്സലൊനിക്യർ "കർത്താവായ. യേശുവിന്റെ പ്രത്യക്ഷതയിൽ," പൗലൊസിന് പ്രത്യാശ നൽകുന്നു (വാ. 19). തന്റെ താലന്ത് കർത്താവിനു വേണ്ടി പൗലൊസ് ഉപയോഗിച്ചു എന്നതിന്റെ തെളിവായിരുന്നു തെസ്സലൊനിക്യർ (വീണ്ടെടുക്കപ്പെട്ടവർ) (മത്താ. 25:14–30).

*അവർ ആയിരുന്നു അവന്റെ "സന്തോഷം"* ക്രിസ്തു വാഗ്ദാനം ചെയ്ത സമൃദ്ധമായ ജീവൻ അവരിൽ എത്തിച്ചത് പൗലൊസ് ആയിരുന്നു (യോഹ. 10:10). യോഹന്നാൻ തന്റെ മൂന്നാമത്തെ ലേഖനത്തിൽ എഴുതി, "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല" (3 യോഹ. 4).

*അവർ അവന്റെ "പ്രശംസാ കിരീടം" ആയിരുന്നു.* അവർ അവന്റെ

"ശുശ്രൂഷാ കിരീടം" ആയിരിക്കും. തന്റെ ജനത്തിനു വേണി മൽസരിച്ച ഒളിമ്പ്യൻ കിരീടം നേടുന്ന ഭാവനയാണ് ഇവിടെ പൗലൊസ് ഉപയോഗിച്ചിരിക്കുന്നത്. ആ ചാമ്പ്യൻ ആ കിരീടവുമായി മടങ്ങി ചെന്ന് തന്റെ രാജ്യത്തിലെ രാജാവിന് അത് ആദരപൂർവ്വം സമർപ്പിക്കും. അത് അവന്റെ "പ്രശംസാ കിരീടമാണ്."

തെസ്സലൊനിക്യർ പൗലൊസിന് വളരെ സന്തോഷം കൊണ്ടു വന്നു, അതുപോലെ നമുക്ക് സുവിശേഷം പങ്കു വെച്ചവരെ നാം സന്തോഷിപ്പിക്കണം. നാം കൈക്കൊണ്ട സുവിശേഷ സന്ദേശത്തോട് വിശ്വസ്തത പുലർത്തി, "നല്ല ഹൃദയമുള്ള" ജനമായി നാം തീരണം. ഈഈ

**നമ്മുടെ ബന്ധം ക്രിസ്തുവിൽ ആണ് (2:17-20)**

തെസ്സലൊനിക്യയിലെ തന്റെ സഹോദരന്മാരെ പൗലൊസ് സ്നേഹിച്ചു. തെസ്സലൊനിക്യയിൽ സഭ ആരംഭിച്ച് കുറെ നാളുകൾ കഴിഞ്ഞപ്പോൾ, അവിടെയുണ്ടായിരുന്ന ഓരോരുത്തരം അവന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരുന്നു. അവരെ വന്നു കാണുവാൻ വാഞ്ഛിക്കുന്നു എന്ന് പൗലൊസ് പറഞ്ഞപ്പോൾ, സഹ ക്രിസ്ത്യാനികളോടുള്ള ആത്മ ബന്ധം ആ വാക്കുകളിൽ പ്രകടമായിരിക്കുന്നത് നമുക്ക് കാണുവാൻ കഴിയും.

*ക്രിസ്ത്യാനികൾ ഒരുമിച്ചാകുവാൻ കാംക്ഷിക്കുന്നു.* പൗലൊസിന്റെ മനസിൽ തന്റെ സഹോദരന്മാർ നിരന്തരമായി ഉണ്ടായിരുന്നു. ശരീരം കൊണ്ടു പൗലൊസ് ദൂരെയായിരുന്നു എങ്കിലും, ആത്മാവ് കൊണ്ട് അവൻ അവരോടൊപ്പം ആയിരുന്നു. ഭൗതിക വേർപാട് നമുക്ക് ഓരോരുത്തർക്കും ദുഃഖം ഉളവാക്കും എന്നത് വാസ്തവമാണ്. പൗലൊസ് ഉപയോഗിച്ച വാക്ക് ἀπορφανίζω (*അപോർഫാനിസോ*), അർത്ഥം, "ൽ നിന്നും വേർപെടുക," അല്ലെങ്കിൽ "അനാഥമാക്കപ്പെടുക." ഒരു കാരണത്താലോ, മറ്റൊരു കാരണത്താലോ പൗലൊസ് അവരെ വിട്ടു പോയത്, ഒരു അപ്പനെ കുട്ടികളിൽ നിന്നു വേർപിരിക്കുന്നതുപോലെ ദുഃഖമുളവാക്കി.

പല പ്രാവശ്യം അവരെ ചെന്നു കാണുവാൻ പൗലൊസ് കാംക്ഷിച്ചു, പക്ഷെ സാത്താൻ അവനെ തടുത്തു. അവൻ അവിടെ ചെല്ലുന്നത് തടസപ്പെടുത്തിയ യെഹൂദന്മാരെയാകാം പൗലൊസ് ഇവിടെ ഉദ്ദേശിച്ചത്. ഒരു കാര്യം തീർച്ചയാണ്:ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുന്ന ദൈവ പുരുഷന്മാരെ തടയുന്നത് സാത്താന്റെ പ്രവൃത്തി തന്നെയാണ് (ലൂക്കൊ. 22:3; പ്രവൃ. 5:3).

*ഒരു ക്രിസ്ത്യാനി ഏറ്റവും വലിയ സന്തോഷം കണ്ടെത്തുന്നത് മറ്റൊരു ക്രിസ്ത്യാനികളിലാണ്.* പൗലൊസിന്റെ സന്തോഷവും, പ്രത്യാശയും, കിരീടവും തെസ്സലൊനിക്യയിലുള്ളവരിൽ ആയിരുന്നു. അവൻ അവരെ ക്രിസ്തുവിലേക്ക് നയിച്ചു, വിശ്വാസത്തിൽ തന്റെ മക്കളായി അവരെ അവൻ കണ്ടു. അവൻ ജീവിച്ചത് അവർക്ക് വേണ്ടയായിരുന്നു, അവൻ അവരിൽ ഏറ്റവും അധികം സന്തോഷം കണ്ടെത്തി, അവരുടെ വിശ്വസ്തത തന്റെ ജീവിതത്തിലെ കിരീടമായി അവൻ പരിഗണിച്ചു.

അമ്മയപ്പന്മാരോട് മക്കൾ എങ്ങനെയോ, അങ്ങനെയായിരുന്നു തെസ്സലൊനിക്യർ പൗലൊസിനോട്. മറ്റെന്തിനേക്കാളും അവൻ അവരുടെ രക്ഷയും തേജസിലേക്കുള്ള പ്രവേശനവും ആയിരുന്നു ആഗ്രഹിച്ചത്, യേശുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്ന മക്കളായി തീരുവാനായിരുന്നു

അവൻ അവരെ കുറിച്ച് ചിന്തിച്ചിരുന്നത്.

*കർത്താവിന്റെ വരവിനായി നാം ഓരോരുത്തരെയും ഒരുക്കിക്കൊണ്ടിരിക്കുകയാണ്.* അവൻ വരുമ്പോൾ, തെസ്സലൊനിക്യയിലെ ഓരോരുത്തരും വിശ്വസ്തരായി അവനെ എതിരേൽക്കുവാനായിരുന്നു പൗലൊസിന്റെ വാഞ്ഛ. ഭൗതികമായ രക്ത ബന്ധത്തോട് ഒരാൾക്കുള്ള അടുപ്പത്തേക്കാചറപ ഊഷ്മളമായ ബന്ധമായിരുന്നു സഹോദരന്മാർക്ക് അവനോട് ഉണ്ടായിരുന്നത്. ആ ബന്ധത്തെ കുറിച്ച് നാം ചിന്തിക്കുമ്പോൾ, മത്തായി യേശുവിന്റെ വാക്കുകൾ രേഖപ്പെടുത്തിയതാണ് നമുക്ക് ഓർമ്മ വരുന്നത് "ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും" (മത്താ. 12:49). കർത്താവിന്റെ വരവിനായി തെസ്സലൊനിക്യരെ ഒരുക്കുവാൻ എല്ലാ വിധത്തിലും അവൻ തയ്യാറായിരുന്നു.

പൗലൊസ് ചെയ്തതുപോലെ മറ്റുള്ളവരെ കുറിച്ച് കരുതുന്നത് വളരെ മനോഹരമാണ്. ക്രിസ്ത്യാനിയകുക എന്നാൽ, നിങ്ങൾ മറ്റു ക്രിസ്ത്യാന ികളെ കുറിച്ചു കരുതുകയും മറ്റു ക്രിസ്ത്യാനികൾ നിങ്ങളെ കുറിച്ചു കരുതുന്നതുമാണ്. സഭയിലെ സഹോദരീ സഹോദരന്മാരുമായുള്ള ബന്ധമാണ് ഏറ്റവും വലിയ കുടുംബ ബന്ധം. ഈസി

കുറിപ്പുകൾ

[1]ജെ. ഈ. ഫ്രെയിം, *ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് സെന്റ്.പോൾ ടു ദ തെസ്സലൊണിയൻസ്, ദ ഉന്റർനാഷ്ണൽ ക്രിട്ടിക്കൽ കമെന്ററി* (ന്യുയോർക്ക്, ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1912; റീപ്രിന്റ്, എഡിൻബറോ; ടി & ടി. ക്ലാർക്ക്, 1988), 92. [2]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലിഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3 ർഡ് എഡി., റെവ. ആന്റ് എഡി.ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ:യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 782. [3]ഡേവിഡ് ജെ. വില്യംസ്, *1 ആന്റ് 2 തെസ്സലൊനയൻസ്,* ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി: ന്യൂ ടെസ്റ്റമെന്റ് സീരിസ്, വാല്യം 12 (പീബഡി, മാസ്.: ഹെന്റിക്സൺ പബ്ലിഷേഴ്സ്, 1992), 37. [4]എ. ടി. റോബർട്സൺ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ,* വാല്യം 4. വേർഡ് പിക്ചേഴ്സ് ഇൻ *ദ ന്യൂ ടെസ്റ്റമെന്റ്* (നാഷിവില്ലേ:ബ്രോഡ്മോൻ പ്രസ്, 1931), 16. [5]ബാവർ, 256. [6]റോബർട്സൺ, 16. [7]ഐ. ഹോവാർഡ് മാർഷൽ, *1 ആന്റ് 2 തെസ്സലൊനിയൻസ്,* ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്:ഡ്ളിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 67. [8]ഇബിഡ്., 68–69. [9]വെഴ്സ് 6ബി, "ഈവൻ ദോ അപ്പൊസ്റ്റൽസ് ഓഫ് ക്രൈസ്റ്റ് വി മൈറ്റ് ഹാവ് അസെർട്ടഡ് അവർ അദോറിറ്റി," ഈസ് നമ്പേർഡ് ആസ് വെഴ്സ് 7 ഏ ഇൻ ഗ്രീക്ക് ടെക്സ്റ്റ്സ്. [10]സി. ജി. വിൽക്കെ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, ട്രാൻസ്, ആന്റ് റെവ. ജോസഫ് എച്ച്. തേയർ (എഡിൻബറോ:ടി & ടി. ക്ലെർക്ക്, 1961; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്. മൈക്ക്:ബേക്കർ ബുക്ക് ഹൗസ്, 1977), 279.

[11]മാർഷൽ, 70–71. [12]എഫ്.എഫ്. ബ്രൂസ്, *1 ആന്റ് 2 തെസ്സലൊണിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 45 (വാക്കോ, ടെക്സ്റ്റ്:വേർഡ് ബുക്സ്, 1982), 32. [13]റോബർട്സൺ, 19. [14]മാർഷൽ, 72. [15]ഫ്രെയിം, 103. [16]ലിയോൺ മോറിസ്, *ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽസ് ടു ദ തെസ്സലൊണിയൻസ്*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്. മൈക്ക്:ഡബ്ലിയുഎം. ബി. ഏർഡ്മാൻസ്

പബ്ലിഷിങ് കമ്പനി., 1959), 84. [17]വില്യംസ്, 51. [18]മാർഷൽ, 77. [19]മോറിസ്, 89. [20]സീ ഹെന്റി ആൽഫോർഡ്, *ദ ഗ്രീക്ക് ടെസ്റ്റമെന്റ്*, റെവ. എവറെറ്റ് എഫ്. ഹാരിസൺ (ഷിക്കാഗോ:മൂഡി പ്രസ്, 1958), 3:260-61.

[21]റോബർട്സൺ, 22. [22]ഫ്രെയിം, 114-15. [23]റോബർട്സൺ, 23. [24]ഇബിഡ്., 24. [25]വില്യംസ് 55. [26]ബ്രൂസ്, 57.